“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

*Vol. XXXVII* *2009 July* *No. 7*

വാർഷിക വരിസംഖ്യ 120 രൂപ, ഒറ്റപ്രതി 10 രൂപ

# ഉള്ളടക്കം


സർക്കുലർ ........................................................ 519

ഇടയലേഖനം ........................................................ 526

വൈദികവർഷം ........................................................ 534

സർക്കുലർ ........................................................ 537

രൂപതാ കച്ചേരി വാർത്തകൾ ........................................ 540

Letter for the Year for Priests by Cardinal Claudio Hummes
Prefect, Congregation for the Clergy .................................. 549

സെമിനാരി വാർത്തകൾ ........................................ 552

മതബോധനരംഗം ........................................................ 555

ചെറുപുഷ്പമിഷൻലീഗ് ........................................ 559

കെ. സി. വൈ. എം. ........................................................ 566

കുടുംബപ്രേഷിതത്വം ........................................ 576

സിയോൻ വാർത്തകൾ ........................................ 579

വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 582

ജയിൽ മിനിസ്ട്രി ........................................................ 584

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................ 585

സാമൂഹ്യ സേവനരംഗം ........................................ 588

റേഡിയോ മാറ്റൊലി ........................................................ 592

വി. കുർബാനയുടെ ആരാധന ........................................ 594

അറിയിപ്പുകൾ ........................................................ 597

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 603

ബിഷപ്സ് പ്രോഗ്രാം ........................................................ 604

# സർക്കുലർ

## യുവജനദിനം – 2009, ജൂലൈ 5 ഞായർ

### കെ.സി.ബി.സി. യൂത്ത് കമ്മീഷൻ സർക്കുലർ

വാത്സല്യമുള്ള യുവജനസുഹൃത്തുക്കളേ, വന്ദ്യ വൈദികരേ, സന്യസ്തരേ, പ്രിയമുള്ള സഹോദരങ്ങളേ,

യുവജനദിനത്തിന്റെ എല്ലാവിധ ഭാവുകങ്ങളും നന്മകളും ആദ്യമായി നിങ്ങൾക്ക് ആശംസിക്കുന്നു. സമൂഹത്തിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് യുവജനങ്ങൾക്ക് വഹിക്കാനുള്ളത്. വളരെ താത്പര്യത്തോടെയും സ്നേഹത്തോടെയും ആണ് തിരുസ്സഭാ മാതാവ് യുവജനങ്ങളെ നോക്കികാണുന്നത്. അതുകൊണ്ട് യുവജനശുശ്രൂഷയ്ക്ക് വലിയ പ്രാധാന്യം തിരുസ്സഭ നൽകുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തപ്പെടുന്ന അന്താരാഷ്ട്ര യുവജനസമ്മേളനങ്ങളിൽ പരിശുദ്ധ പിതാവ് തന്നെ പങ്കെടുക്കുന്നത് യുവജനങ്ങൾക്കും യുവജനശുശ്രൂഷയ്ക്കും തിരുസ്സഭ നൽകുന്ന പ്രോത്സാഹനത്തിന് തെളിവാണല്ലോ.

യുവത്വത്തെ സംബന്ധിച്ച തിരുസ്സഭയുടെ വീക്ഷണമാണ് ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ അന്താരാഷ്ട്ര യുവജനവർഷത്തിൽ (1985) പ്രസിദ്ധീകരിച്ച അപ്പസ്തോലിക ലേഖനത്തിൽ ("യുവത്വം എന്ന നിധി") ഉൾപ്പെടുത്തിയിരിക്കുന്നത്. "യുവജനങ്ങളാണ് രാഷ്ട്രങ്ങളുടെയും സമൂഹങ്ങളുടെയും യുവത്വം. യുവജനങ്ങളാണ് ഓരോ കുടുംബത്തിന്റെയും മനുഷ്യവംശത്തിന്റെയും യൗവനം. സഭയുടെ യുവത്വവും യുവജനങ്ങൾ തന്നെ. യുവജനങ്ങൾ മൂലം എല്ലാവരും ഒരർത്ഥത്തിൽ നിരന്തരമായി യുവത്വം നേടുന്നു. അതുകൊണ്ട് യുവത്വം യുവജനങ്ങളുടെ മാത്രം സ്വത്തല്ല. അതു മനുഷ്യവംശത്തിന്റെ മുഴുവൻ സ്വത്താണ്". അനന്തമായ ഈ സർഗ്ഗശക്തിയെ ദൈവരാജ്യനിർമ്മിതിക്ക് ഉപയോഗപ്പെടുത്തുന്നതിനാണ് തിരുസ്സഭ യുവജനശുശ്രൂഷ ഏറ്റെടുക്കുന്നത്.

തിരുസ്സഭയുടെ യുവജനശുശ്രൂഷയുടെ ലക്ഷ്യമായി ലാറ്റിൻ

അമേരിക്കൻ മെത്രാൻ സമിതി 1987 – ൽ ചൂണ്ടിക്കാട്ടി "ക്രിസ്തുവിനെ കണ്ടെത്താനും അവിടുത്തെ രക്ഷാകര സന്ദേശം മനസ്സിലാക്കാനും യുവജനങ്ങളെ സഹായിക്കുന്ന സഭയുടെ പ്രവർത്തനമാണ് യുവജന ശുശ്രൂഷ. അതിലൂടെ ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിക്കാൻ യുവജനങ്ങൾ തയ്യാറാകുന്നു. വിശ്വാസം ജീവിതവുമായി സമന്വയിപ്പിച്ചു കൊണ്ടും ക്രിസ്തുവിൽ പുതിയ വ്യക്തികളായിക്കൊണ്ടും അവർ സ്നേഹത്തിന്റെ സംസ്കാരം പടുത്തുയർത്തുന്ന പ്രേഷിതരാകുന്നു". ക്രിസ്തുവിലൂടെയുള്ള സമഗ്രവികാസം വഴി, ചുറ്റുമുള്ള സാമൂഹിക യാഥാർത്ഥ്യങ്ങൾ തിരിച്ചറിയാനും ദൈവരാജ്യ നിർമ്മാണപ്രക്രിയയിൽ സജീവമായി പങ്കെടുക്കാനും യുവജനങ്ങളെ സഹായിക്കുന്ന പ്രവർത്തനമാണ് യുവജനശുശ്രൂഷ എന്ന് സി.ബി.സി.ഐ. യുവജന കമ്മീഷനും വ്യക്തമാക്കിയിട്ടുണ്ട്.

യുവജനങ്ങൾക്കുവേണ്ടി മറ്റുള്ളവർ ചെയ്യുന്ന ശുശ്രൂഷയെക്കാൾ കൂടുതലായി യുവജനങ്ങൾ തന്നെ യുവജനങ്ങൾക്ക് ശുശ്രൂഷ ചെയ്യണം. അതായത്, യുവജനങ്ങളെ സഭയുടെ അജപാലന താത്പര്യത്തിന്റെ ഒരു വിഷയമായി മാത്രം കരുതിയാൽ പോരാ. മറിച്ച് അവർ തന്നെ സുവിശേഷവത്ക്കരണത്തിന് നടുനായകത്വം വഹിക്കുകയും സമൂഹ നവീകരണത്തിൽ ഭാഗഭാക്കുകളാകുകയും വേണം. അങ്ങനെ അവർ സജീവ പ്രവർത്തകരായി മാറട്ടെ. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇക്കാര്യം പഠിപ്പിക്കുന്നു: "യുവജനങ്ങൾക്കിടയിൽ മുഖ്യമായും, നേരിട്ടും പ്രേഷിതപ്രവർത്തനം നടത്തേണ്ടത് യുവജനങ്ങൾ തന്നെയാണ്. തങ്ങൾ ജീവിക്കുന്ന സാമൂഹിക സാഹചര്യം പരിഗണിച്ചുകൊണ്ട് തങ്ങളുടെ ഇടയിലും തങ്ങളിലൂടെയും അവർ അപ്രകാരം പ്രവർത്തിക്കണം" (അല്മായ പ്രേഷിതത്വം, 12).

യുവജനങ്ങളുടെ ക്ഷേമവും അതുവഴി സഭയുടെയും സമൂഹത്തിന്റെയും വളർച്ചയും സാധ്യമാക്കുക എന്നതാണ് കെ.സി.ബി.സി. യുവജനകമ്മീഷന്റെ കടമ. പൊതുവായി പറയുമ്പോൾ 15–നും 35–നും മധ്യേ പ്രായമുള്ള സഭയിലെ എല്ലാ യുവജനങ്ങളും ഈ കമ്മീഷന്റെ കീഴിൽ വരുന്നതാണ്. കൂടാതെ യുവജനങ്ങൾ അംഗങ്ങളായിരിക്കുന്ന സംഘടനയുടെയും മുന്നേറ്റത്തിന്റെയും, പ്രത്യേകിച്ച് കെ.സി.വൈ.എം., സി.എൽ.സി, സി.എം.എൽ, കെ.എൽ.എം., വിൻസെന്റ് ഡി പോൾ, ജീസ്സസ് യൂത്ത് എന്നിവയുടെ നിയമങ്ങൾക്കും കർമ്മപരിപാടികൾക്കു

മനുസരിച്ച് പ്രവർത്തിക്കുമ്പോഴും കെ.സി.ബി.സി. യുവജനകമ്മീഷന്റെ നയങ്ങളോടും പദ്ധതികളോടും ചേർന്ന് പ്രവർത്തിക്കാനും തയ്യാറാകണം. ഒരു സംഘടനയിലും ഉൾപ്പെടാത്ത ധാരാളം യുവജനങ്ങൾ നമ്മുടെ ഇടവകകളിൽ ഉണ്ട്. അവരും ഏതെങ്കിലും കത്തോലിക്കാ യുവജന പ്രസ്ഥാനങ്ങളിൽ പങ്കുചേർന്ന് സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. ഇക്കഴിഞ്ഞ കെ.സി.ബി.സി. ഇക്കാര്യം ഊന്നിപ്പറയുകയും ചെയ്തിട്ടുണ്ട്.

മൂല്യച്യുതിയുടെ കയത്തിലാണ് രാഷ്ട്രീയരംഗം എന്നത് ഇന്ന് പൊതുവെ ഉയരുന്ന ആക്ഷേപമാണ്. ഇതുമൂലം സ്വഭാവമഹിമയുള്ളവരും സത്യസന്ധരും ഈ രംഗത്തേക്ക് വരാൻ മടിക്കുന്നു എന്ന് വിലയിരുത്തപ്പെടുന്നു. അതിനാൽ രാഷ്ട്രീയരംഗവും, തദ്വാര രാഷ്ട്രം തന്നെയും വലിയ പ്രതിസന്ധി നേരിടുന്നു. രാഷ്ട്രീയരംഗത്ത് മതമൂല്യങ്ങൾക്കും വിശ്വാസസംഹിതകൾക്കും സ്ഥാനം ഉണ്ടാകണമെന്ന പക്ഷക്കാരനായിരുന്നു നമ്മുടെ രാഷ്ട്രപിതാവ്. ഈശ്വരവിശ്വാസവും മൂല്യബോധവുമുള്ള വ്യക്തികളാണ് രാഷ്ട്രത്തെ നയിക്കേണ്ടതെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ 'യുവജനം വിശ്വാസതീക്ഷ്ണതയോടെ രാഷ്ട്രസേവനത്തിന്' എന്ന പ്രമേയമാണ് യൂത്ത്കമ്മീഷനും കെ.സി.വൈ.എം. ഉം മുന്നോട്ടുവയ്ക്കുക. വിശ്വാസമെന്നത് സമർപ്പണമാണ്. സമർപ്പണത്തിന്റെ അടിത്തറ ഉറപ്പിച്ചിരിക്കുന്നത് പ്രത്യാശയിലാണ് (ഹെബ്രാ 11, 1). "ജീവിക്കുന്ന ദൈവത്തിലാണ് നാം പ്രത്യാശ അർപ്പിച്ചിരിക്കുന്നത്" (1തിമോ 4, 10) എന്ന പ്രമേയമായിരുന്നു ഇരുപത്തിനാലാം ലോകയുവജന സമ്മേളനത്തിനായി നിശ്ചയിക്കപ്പെട്ടത്. ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു സന്ദേശം പരിശുദ്ധ പിതാവ് ബനഡിക്റ്റ് പതിനാറാമൻ പാപ്പാ പുറപ്പെടുവിക്കുകയുണ്ടായി. എല്ലാ പ്രതികൂല സാഹചര്യങ്ങളിലും തിന്മകളുടെ സ്വാധീനങ്ങൾക്കിടയിലും ദൈവത്തിലുള്ള നിരന്തരമായ പ്രത്യാശ കൈവിടാതെ സൂക്ഷിക്കണമെന്ന് പരിശുദ്ധ പിതാവ് യുവജനങ്ങളെ ആഹ്വാനം ചെയ്തു.

നമ്മുടെ രാജ്യം അതിവേഗം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, വികസനത്തിന്റെ നേട്ടങ്ങൾ അടിസ്ഥാന ജനവിഭാഗങ്ങളിലേക്ക് എത്തിക്കാൻ വേണ്ടത്ര സാധിച്ചിട്ടില്ലെന്നതാണ് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. ദളിതർ, ആദിവാസികൾ, കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ അടിസ്ഥാന

വിഭാഗങ്ങൾക്ക് വികസനത്തിന്റെ സത്ഫലങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഒറീസ്സ പോലുള്ള സംഭവങ്ങൾ മൂലം ഇന്ത്യയുടെ മതേതരത്വത്തിന് മുറിവേല്പിക്കപ്പെട്ടിരിക്കുകയാണ്. അതു പോലെതന്നെ ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യങ്ങളും നിരീശ്വരവാദം പ്രചരിപ്പിക്കാനുള്ള ശ്രമങ്ങളും ശക്തമാവുകയാണ്. രാഷ്ട്രത്തേയും മുഴുവൻ ജനങ്ങളെയും ഒന്നായി കാണാൻ കഴിയുന്ന നേതൃത്വവും രാഷ്ട്രീയകക്ഷികളും ദുർലഭമാവുകയാണ്. പ്രാദേശികതയ്ക്കും വിഭാഗീയതയ്ക്കും ഊന്നൽ നൽകുന്നു. ഇവിടെയാണ് വിശ്വാസതീക്ഷ്ണതയുള്ള യുവത രാഷ്ട്രസേവനത്തിനായി സജ്ജമാകേണ്ടത്. സാമൂഹിക നീതിയും മതേതരത്വവും ന്യൂനപക്ഷ സംരക്ഷണവും ഉറപ്പാക്കി രാഷ്ട്രത്തിന്റെയും ജനങ്ങളുടെയും ഐക്യവും അഖണ്ഡതയും സംരക്ഷിക്കുന്ന നേതൃത്വമാണുണ്ടാകേണ്ടത്.

ഈ പ്രവർത്തനവർഷം ഊന്നൽ കൊടുക്കുന്ന മേഖലകളിലൊന്നാണ് യുവജനങ്ങളുടെ സന്നദ്ധസേവനം. രാഷ്ട്രസേവനത്തിനായുള്ള സന്നദ്ധ പ്രവർത്തനത്തിനാണ് മുൻതൂക്കം നൽകേണ്ടത്. രാഷ്ട്രസേവനവുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള സന്നദ്ധസേവന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. അതിൽ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്ന് രാഷ്ട്രീയപ്രവർത്തനം ആണ്. നമ്മുടെ രാജ്യത്ത് രാഷ്ട്രീയപ്രവർത്തനം പ്രധാനമായി നടന്നുവരുന്നത് കക്ഷി രാഷ്ട്രീയം അഥവാ രാഷ്ട്രീയ കക്ഷികൾ വഴിയാണ്. അഴിമതി, ഗ്രൂപ്പിസം, സ്വജനപക്ഷപാതം, ഉൾപാർട്ടി ജനാധിപത്യത്തിന്റെ അഭാവം, സ്വാർത്ഥത തുടങ്ങിയ നിരവധി ആരോപണങ്ങളും ആക്ഷേപങ്ങളും രാഷ്ട്രീയ കക്ഷികൾക്കും നേതൃത്വത്തിനുമെതിരെ ഉയർന്നുവരുന്നുണ്ട്. ഇതുമൂലമായിരിക്കാം സർഗ്ഗാത്മകതയുള്ള യുവജനനേതാക്കൾ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ വിമുഖരായിരിക്കുന്നത്. ഇത് ആശാസ്യമായ നടപടിയല്ല. രാഷ്ട്രീയരംഗത്തിന്റെ നന്മകളെയും സേവനങ്ങളെയും ത്യാഗത്തെയും കൂടി നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യ സമരഭടന്മാരായിരുന്ന മഹാമനീഷികളുടെ സ്വാധീനം ഇന്നും നിലനിൽക്കുന്നു.

രാഷ്ട്രീയത്തിന്റെ ഭാവാത്മകമായ വശം നമ്മുടെ യുവജന

ങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. രാഷ്ട്രസേവനം ഒരു കടമയായി നമ്മുടെ യുവജനങ്ങൾ ഏറ്റെടുക്കണം. തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുകൾ അടുത്ത വർഷമാണ് നടക്കുന്നത്. യോഗ്യരായ-മൂല്യബോധവും വിശ്വാസതീക്ഷ്ണതയുള്ളവരുമായ - യുവജനങ്ങൾ ജനപ്രതിനിധികളായി വിവിധ തലങ്ങളിൽ തെരഞ്ഞെടുക്കപ്പെടണം. അതിനുപയുക്തമായ പ്രവർത്തനങ്ങൾ ഇടവകതലത്തിലും പ്രാദേശികതലത്തിലും നേരത്തേതന്നെ ആവിഷ്കരിച്ചു നടപ്പിലാക്കണം. കഴിവും പ്രാപ്തിയും ത്യാഗമനോഭാവവും സേവനസന്നദ്ധതയും താത്പര്യവും ഉള്ള യുവജനങ്ങളെ മുൻകൂട്ടിത്തന്നെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകണം. രാഷ്ട്രനിർമ്മിതിക്കുള്ള വിദ്യാഭ്യാസം എല്ലാ യുവജനങ്ങൾക്കും ലഭ്യമാക്കാനുള്ള പ്രവർത്തനപരിപാടിയും ആവിഷ്കരിക്കണം. നമ്മുടെ രാഷ്ട്രീയരംഗത്തെ ശുദ്ധീകരിക്കാൻ യുവജനങ്ങൾ മുന്നോട്ടുവരിക ആവശ്യമാണ്.

മാധ്യമാധിപത്യത്തിന്റെയും വിവരസാങ്കേതികവിദ്യയുടെയും ശക്തമായ സ്വാധീനം പുതിയ സംസ്കാരത്തിനും മൂല്യവ്യവസ്ഥിതിക്കും രൂപം നൽകിക്കൊണ്ടിരിക്കുകയാണ്. ലോക-ഭോഗ സുഖങ്ങളുടെയും ആസക്തികളുടെയും ലോകമാണ് യുവജനങ്ങളുടെ മുന്നിൽ മാധ്യമങ്ങൾ വഴിതുറക്കുന്നത്. ഭൗതികമൂല്യങ്ങളുടെ സ്വാധീനത്താൽ ആദ്ധ്യാത്മിക തലത്തിന് വേണ്ടത്ര പ്രാമുഖ്യവും പ്രാധാന്യവും ലഭിക്കാതെ പോകുന്നു. യുവജനങ്ങളുടെ സമൂഹോന്മുഖതയും സാമൂഹിക പ്രതിജ്ഞാബദ്ധതയും കുറഞ്ഞുവരുന്നെന്നാണ് വിലയിരുത്തപ്പെടുന്നത്. ഒരുപക്ഷേ, ചില മാധ്യമങ്ങളെങ്കിലും വ്യക്തിതാത്പര്യത്തിനും സ്ഥാപിത താത്പര്യത്തിനും വിധേയമായി യാഥാർത്ഥ്യത്തെ മറച്ചുവയ്ക്കുന്ന ഒരു സാഹചര്യവും ഇന്നുണ്ട്. ഇത്തരുണത്തിൽ 'പ്രബുദ്ധ കേരളം പ്രശോഭിത ഭാരതം' എന്ന പേരിൽ കെ.സി.ബി.സി. യൂത്ത് കമ്മീഷൻ കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ സഭയിലെ ഇതര സംഘടനാ-ഭരണസംവിധാനങ്ങളുപയോഗിച്ച് നടപ്പിൽവരുത്താൻ പോകുന്ന ദീപിക പത്രപ്രചാരണ പദ്ധതിയിൽ ഏവരും പങ്കുകാരാകണമെന്ന് അഭ്യർത്ഥിക്കുന്നു. സത്യത്തെ ജനമധ്യത്തിലെത്തിക്കാൻ പത്രലോകത്തെ മുത്തശ്ശിയായ ദീപികയ്ക്ക് എന്നും കഴിഞ്ഞിട്ടുണ്ട്. ഈ കഴിഞ്ഞ ഇലക്ഷൻ സമയത്തും അതിനുമുമ്പും ഇതിന്റെ പ്രസക്തി നാം അനുഭ

വിച്ചറിഞ്ഞതാണ്. അതിനാൽ ഇത് ഒരു നിയോഗമായി ഏറ്റെടുത്ത് യുവജനങ്ങളോടൊപ്പം മുതിർന്നവരും സഹകരിച്ച് ഈ സംരംഭത്തെ വിജയിപ്പിക്കണം. അതോടൊപ്പം മാധ്യമപ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിനായി യുവജനങ്ങളിൽനിന്നും സർഗ്ഗവാസനയും സാമൂഹിക ബന്ധങ്ങളും ആത്മാർത്ഥതയും ഉള്ള ഒരാളെ ഇടവകാതലത്തിൽ തിരഞ്ഞെടുത്ത് 'മീഡിയപേഴ്സൺ' എന്ന തസ്തിക നൽകി ഉത്തരവാദിത്വം ഏൽപിക്കുകയും വേണം.

മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം, ഭീകരവാദം തുടങ്ങിയ തിന്മകൾ യുവജനസമൂഹത്തെ ശക്തമായി സ്വാധീനിക്കുന്നുണ്ട്. ഇന്ന് തുടർവിദ്യാഭ്യാസത്തിനോ തൊഴിലിനോ വേണ്ടി മറ്റ് ജില്ലകളിലേയ്ക്കും, കേരളത്തിന് പുറത്തേക്കും പോകുന്ന യുവജനങ്ങൾ, പെൺകുട്ടികൾ പോലും, ഈ ലൈംഗിക-മദ്യ-മയക്കുമരുന്ന്-ഭീകരവാദ റാക്കറ്റുകളുടെ പിടിയിലകപ്പെടുന്നു. ഒരുപക്ഷേ, കുടുംബസാഹചര്യങ്ങളിൽനിന്നും മാറിതാമസിക്കേണ്ടി വരുമ്പോൾ അവർക്ക് ലഭിക്കുന്ന സ്വാതന്ത്ര്യം ധാർമ്മികതയുടെ അതിർവരമ്പുകൾ ലംഘിക്കാൻ അവരെ പ്രേരിപ്പിക്കുന്നു. ഇത് മാതാപിതാക്കളുടെയും മുതിർന്നവരുടെയും അധികാരികളുടെയും സത്വര ശ്രദ്ധയ്ക്ക് വിധേയമാകേണ്ടതാണ്.

യഥാർത്ഥ വിശ്വാസം യുവജനങ്ങൾക്ക് പകർന്നു നൽകുന്നതിനായി യുവജനമതബോധനം ഇടവകാതലത്തിൽ നടത്തുക ആവശ്യമാണ്. യുവജനധ്യാനങ്ങൾ, പ്രാർത്ഥനാസമ്മേളനങ്ങൾ എന്നിവയും യുവജനങ്ങൾക്കുവേണ്ടി സംഘടിപ്പിക്കണം. കുമ്പസാരം, ദിവ്യകാരുണ്യസ്വീകരണം എന്നിവയ്ക്കായി യുവജനങ്ങളെ പ്രോത്സാഹിപ്പിക്കണം. സമർപ്പിത ജീവിതത്തിലേയ്ക്കുള്ള ദൈവവിളികളും പ്രോത്സാഹിപ്പിക്കണം. ജീവകാരുണ്യ പ്രവർത്തനങ്ങളും, സാമൂഹിക നീതിക്കായുള്ള പ്രവർത്തനങ്ങളും എല്ലാ തലങ്ങളിലും യുവജനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ടതുണ്ട്. പരിസ്ഥിതി സംരക്ഷണം, സ്ഥായിയായ വികസനം മുതലായ കാര്യങ്ങളിലും വേണ്ട ബോധവത്ക്കരണം യുവജനങ്ങൾക്ക് നൽകുക പ്രധാനപ്പെട്ട കാര്യമാണ്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കലാണ് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നതിന്റെ തെളിവെന്ന (യോഹ 4,20) അവബോധം യുവജനങ്ങളിൽ രൂപീകരിക്കണം. വിശ്വാസം പൂർണ്ണമാകുന്നത് പ്രവൃത്തി വഴിയാണ്. (യാക്കോ 2, 14-18)

സഭയുടെ യുവത്വം കാത്തുസംരക്ഷിക്കേണ്ടത് യുവജനങ്ങളാണ്.

മാതാപിതാക്കൾ മക്കളെ നമ്മുടെ യുവജനപ്രസ്ഥാനത്തിൽ അംഗങ്ങളാക്കുന്നതിൽ അഭിമാനിക്കണം. അജപാലകർ സ്നേഹത്തോടും സഹിഷ്ണുതയോടും കൂടെ അവരെ ഉൾക്കൊള്ളണം. മുതിർന്നവർ പ്രോത്സാഹനവും സ്നേഹപൂർവ്വകവുമായ തിരുത്തലും നല്ല മാതൃകയും നൽകി അനുഗ്രഹിക്കണം. സർവ്വോപരി, നിങ്ങളെല്ലാവരും യുവജനശുശ്രൂഷയുടെ വിജയത്തിനായി പ്രാർത്ഥിക്കണം. നമ്മുടെ എല്ലാ ഇടവകകളിലും കെ.സി.വൈ.എം. സംഘടന ഉണ്ടെന്ന് ഉറപ്പുവരുത്തുകയും യുവജന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും വേണം. അതിനായി എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. യുവജന ദിനത്തിൽ എല്ലാ ഇടവകകളിലും യുവജനങ്ങൾക്കുവേണ്ടി പ്രത്യേകമായി ദിവ്യബലി അർപ്പിക്കുകയും യുവജനസെമിനാർ, യുവജനസമ്മേളനം, സാമൂഹ്യപ്രവർത്തനം എന്നിവ സംഘടിപ്പിക്കുകയും ചെയ്യണം. നമ്മുടെ യുവജനപ്രവർത്തനങ്ങൾക്കുവേണ്ടി സാമ്പത്തികസഹായവും നൽകണം. അന്നേദിവസം പള്ളികളിൽ ഈ ലക്ഷ്യത്തിനായി പ്രത്യേകം പിരിവെടുത്ത് മുഴുവൻ തുകയും രൂപതാകേന്ദ്രങ്ങളിൽ ഏൽപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

യുവജനങ്ങളുടെ ഉന്നതിക്കുവേണ്ട പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് യുവജനദിനാശംസകളോടെ,

പി.ഒ.സി. കൊച്ചി, **ബിഷപ്പ് വിൻസന്റ് സാമുവൽ,**
01-06-2009 കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാൻ.

**കെ.സി.ബി.സി. യൂത്ത് കമ്മീഷൻ**

റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവൽ (ചെയർമാൻ)
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് (വൈസ് ചെയർമാൻ)
മോസ്റ്റ് റവ. ഡോ. മാത്യു മൂലക്കാട്ട് (വൈസ് ചെയർമാൻ)

**NB:- ഈ സർക്കുലർ ജൂലൈ 5-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**



# ഇടയലേഖനം



***Pastoral Letter No. 02/2009***
***Prot. No. 8222/2009***

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ മെത്രാനായ

**മാർ ജോസ് പൊരുന്നേടം**

തന്റെ സഹശുശ്രൂഷകരായ ബഹുമാനപ്പെട്ട വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തന്റെ ആത്മീയ ശുശ്രൂഷയ്ക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ വൈദിക വർഷമായി പരി. പിതാവ് ബനഡിക്ട് 16 -ാമൻ മാർപ്പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. വൈദിക വർഷത്തിന്റെ തുടക്കവും ഒടുക്കവും ജൂൺ 19-ാം തീയതി യാണ്. അന്നേദിവസം ഈശോയുടെ തിരുഹൃദയത്തിന്റെ തിരുനാളാണ്. കൂടാതെ ഇക്കൊല്ലം വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ 150-ാം ചരമ വാർഷികവുമാണ്. കൃത്യമായി പറഞ്ഞാൽ 1859 ആഗസ്റ്റ് 4 -ാം തീയതിയാണ് വി. ജോൺ മരിയ വിയാനി തന്റെ 73 - ാം മത്തെ വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്. അതു കൂടാതെ, വൈദികരുടെ അജപാലന പ്രവർത്തനങ്ങൾക്ക് ഏറ്റവും തിള ക്കമാർന്ന മാതൃകയായ വി. പൗലോസിന്റെ വർഷം അവസാനിക്കു മ്പോഴാണ് വൈദികവർഷം ആരംഭിക്കുന്നത് എന്നതും ഏറെ ശ്രദ്ധേയ മാണ്. വൈദിക വർഷത്തിന്റെ ഈ പശ്ചാത്തലം തന്നെ വൈദിക വർഷാ ചരണത്തിന്റെ ലക്ഷ്യമെന്തെന്ന് വ്യക്തമാക്കാൻ പര്യാപ്തമാണല്ലോ?

ഈശോയുടെ തിരുഹൃദയം രണ്ടു കാര്യങ്ങൾ നമ്മെ അനുസ്മ രിപ്പിക്കുന്നു (1) സ്നേഹിക്കുന്നവർക്കുവേണ്ടി സ്വന്തം ഹൃദയം പിളർക്കപ്പെടാൻ മാത്രമല്ല ആ ഹൃദയത്തിൽ അഭയം നൽകാനും തയ്യാറുള്ളതാണ് ഈശോയുടെ സ്നേഹം. (2) രക്തമൊലിക്കുന്ന

തിരുഹൃദയം അവാച്യമായ ത്യാഗത്തിന്റെയും സഹനത്തിന്റെയും പ്രതീകമാണ്. നമുക്കു വേണ്ടിയുള്ള ത്യാഗവും സഹനവും വഴിയാണ് ഈശോ നിത്യപുരോഹിതനായിത്തീർന്നത്. ഹെബ്രായർക്കുള്ള ലേഖനത്തിൽ നാം കാണുന്നതുപോലെ, ക്രിസ്തു പ്രധാന പുരോഹിതനായി പ്രത്യക്ഷപ്പെട്ടത് "കോലാടുകളുടെയോ, കാളകിടാങ്ങളുടേയോ രക്തത്തിലൂടെയല്ല, സ്വന്തം രക്തത്തിലൂടെയാണ്" (ഹെബ്രാ. 9:12) ഇത്തരം സ്നേഹത്തിലും ത്യാഗത്തിലും കൂടെ തെളിയിക്കപ്പെട്ട വിശ്വസ്തതയുടെ ചൈതന്യമാണ് വൈദികർക്കുണ്ടായിരിക്കേണ്ടത്. അതുകൊണ്ടാണ് ഈ വൈദിക വർഷത്തിൽ "ഈശോയുടെ വിശ്വസ്തത - വൈദികരുടെ വിശ്വസ്തത" എന്ന പ്രമേയം മാർപ്പാപ്പ പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നത്.

ഈശോയുടെ വിശ്വസ്തത ജീവിതത്തിൽ പ്രാവർത്തികമാക്കിയ വൈദികനാണല്ലോ വി. ജോൺ മരിയ വിയാനി. ഡാൻസും മദ്യവും ഉല്ലാസവുമായി ദൈവത്തെ മറന്നുകഴിഞ്ഞിരുന്ന ആർസിലെ ജനങ്ങളെ പ്രാർത്ഥനയും, പരിത്യാഗവും, ദാരിദ്ര്യവും, വിശുദ്ധിയും വഴി മാനസാന്തരത്തിലേക്കു നയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. തണുപ്പുകാലത്ത് 12 മണിക്കൂറും മറ്റുകാലങ്ങളിൽ 18 മണിക്കൂറും കുമ്പസാരക്കൂട്ടിൽ ചിലവഴിച്ച അദ്ദേഹം ഈശോയുടെ വിശ്വസ്തതയെ സ്വന്തം വിശ്വസ്തതയാക്കി മാറ്റിയതുപോലെ ഓരോ വൈദികനും ദൈവത്തോടും, മനുഷ്യരോടും, തന്നോടു തന്നെയും വിശ്വസ്തത പുലർത്താൻ പ്രാപ്തനാകണം. അപ്രകാരം മറ്റുള്ളവർക്കുവേണ്ടി സ്വജീവനർപ്പിക്കാൻ മാത്രം വിശ്വസ്തതയുള്ള പുരോഹിത ജീവിതമാണ് ഈ വൈദിക വർഷത്തിന്റെ കാതൽ.

വി. പൗലോസ് ശ്ലീഹായുടെ വർഷം, ക്രിസ്തുവിനെ പ്രതിയുള്ള അദ്ദേഹത്തിന്റെ വലിയ തീക്ഷ്ണതയും, പ്രേഷിത ചൈതന്യവും, തന്റെ നാഥനും സഭയ്ക്കും വേണ്ടിയുള്ള അതുല്യ സഹനവുമൊക്കെ നമ്മെ അനുസ്മരിപ്പിച്ചു. ആ തീക്ഷണതയും, ചൈതന്യവും, ത്യാഗസന്നദ്ധതയും, സഹനത്തിലുള്ള സംതൃപ്തിയുമൊക്കെയാണ് ഓരോ പുരോഹിതനും വേണ്ടതെന്ന് വി. പൗലോസിന്റെ വർഷത്തിന്റെ തുടർച്ചയായി വൈദിക വർഷം പ്രഖ്യാപിച്ചുകൊണ്ട് പരി. പിതാവ് വ്യംഗ്യമായി നമ്മെ ഓർമ്മപ്പെടുത്തുകയാണ്.

ഈ വൈദിക വർഷത്തിൽ ഓരോ പുരോഹിതനും തന്റെ ഉന്നതമായ ദൈവവിളിയിൽ അഭിമാനം കൊള്ളുവാൻ കഴിയണം. ഇന്ന് സഭ നിലനിൽക്കുന്നുവെങ്കിൽ അതിനു കാരണം ഇന്ന് ലോകം

ആസകലമുള്ള നാലു ലക്ഷത്തി പതിനായിരത്തിലധികം വൈദികരിൽ മഹാഭൂരിപക്ഷവും ദൈവത്തിനും ദൈവജനത്തിനും വേണ്ടി ക്ലേശ പൂർവ്വം അദ്ധ്വാനിക്കുന്നവരും, ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നവരു മായതിനാലാണ്. വൈദികരില്ലെങ്കിൽ സഭയില്ല; സഭാപ്രവർത്തനങ്ങ ളുമില്ല. വൈദിക സമൂഹത്തിന്റെ പ്രാർത്ഥനയും പ്രവർത്തനങ്ങളും ലോകത്തിന് ഒത്തിരി നന്മ പ്രദാനം ചെയ്തു എന്നതിന് സംശയമില്ല. ക്രിസ്തു, പൗരോഹിത്യം സ്ഥാപിച്ചതും സാധാരണക്കാരായ മനുഷ്യരെ അപ്പസ്തോലന്മാരായി നിയമിച്ചുകൊണ്ട് അവരിലൂടെ പ്രവർത്തിച്ച തുമൊക്കെ സഭയുടെ നിലനിൽപ്പിനുവേണ്ടിയാണ്. അതിനാൽ ലോകാ വസാനംവരെ ക്രിസ്തുവിന്റെ തുടർച്ചയായ സഭയുടെ നിലനിൽപ്പിന് വൈദികർ അനിവാര്യമാണ്.

ഒരു പുരോഹിതനുമാത്രം ചെയ്യാൻ കഴിയുന്ന ദൗത്യത്തിന്റെ മഹനീയതയെക്കുറിച്ച് ഓരോ പുരോഹിതനും, ഓരോ വിശ്വാസിയും ബോധവാനാകേണ്ടതാണ്. ഈശോയുടെ മാതൃക തന്നെയാണ് ഓരോ പുരോഹിതനും പിൻതുടരേണ്ടത്. ജനങ്ങൾക്കുവേണ്ടി പിതാവിനോടു പ്രാർത്ഥിക്കുവാൻ മലമുകളിലേക്ക് പോയ ഈശോ, താഴ്‌വരകളിൽ ജനത്തെ പഠിപ്പിച്ച് അവരെ ശുശ്രൂഷിച്ച്, അവരോടൊത്തു വസിച്ചു. അങ്ങനെ പ്രാർത്ഥനയുടെ മലകളെയും പ്രവർത്തനങ്ങളുടെ താഴ്‌വര കളെയും തമ്മിൽ അവിടുന്ന് ബന്ധിപ്പിച്ചു. അവസാനം കാൽവരി മുകളിൽ ഭൂമിയിൽനിന്നുയർന്നുനിന്നുകൊണ്ട് ഭൂമിയിലെ മനുഷ്യരെ സ്വർഗ്ഗസ്ഥനായ പിതാവുമായി ബന്ധിപ്പിച്ചു. ആ ദൗത്യമാണ് ഓരോ വൈദികനും അനുദിനം നിറവേറ്റാനുള്ളത്. പ്രാർത്ഥനയും പ്രവർത്ത നങ്ങളും, ബലിയുടെ ചൈതന്യവുമായി ദൈവജനത്തെ ദൈവത്തോടും തമ്മിൽത്തമ്മിലും ഒന്നിച്ചുചേർക്കാൻ വൈദികൻ നിയോഗിക്കപ്പെട്ടിരി ക്കുന്നു. ഈ ദൗത്യബോധം നമ്മിൽ ശക്തിപ്പെടുത്താനുള്ളതാണ് ഈ വൈദിക വർഷാചരണം.

യേശുവിനോടുള്ള വിശ്വസ്തത യേശുവിന്റെ തുടർച്ചയായ സഭ യിലൂടെയാണ് പ്രകടിപ്പിക്കേണ്ടത്. യേശു പ്രത്യേകം തിരഞ്ഞെടുത്ത് നിയോഗിച്ച അപ്പസ്തോലന്മാരുടെ പിൻഗാമിയായ മെത്രാന്മാരോടും, സഭയുടെ തലവനായി അവിടുന്ന് നിയോഗിച്ച വി. പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പയോടുമുള്ള ബന്ധം ദൃഢതരമാക്കാൻ ഈ വൈദിക വർഷാചരണം നമ്മെ സഹായിക്കണം. പരി. ത്രീത്വത്തിലെ മൂന്നാളുകളുടെ ഐക്യത്തിന്റെ മാതൃകയിൽ 'അവരെല്ലാവരും ഒന്നായിരിക്കുവാൻ വേണ്ടി' എന്നു പറഞ്ഞു പ്രാർത്ഥിച്ച യേശുവിന്റെ

തിരുവിഷ്ടം നിറവേറ്റികൊണ്ട് വൈദിക കൂട്ടായ്മ വർദ്ധിപ്പിക്കുവാൻ ഈ വൈദിക വർഷം നമ്മെ സഹായിക്കണം.

പരി. പിതാവ് ബനഡിക്ട് 16 – ാമൻ മാർപ്പാപ്പ പറയുന്നതു പോലെ പൗരോഹിത്യത്തിലേക്കുള്ള ദൈവവിളി ദൈവം സഭയ്ക്ക് നൽകുന്ന സവിശേഷ സമ്മാനമാണ് എന്ന് ഓർമ്മിച്ചുകൊണ്ട്, ദൈവ വിളിയെ പ്രോത്സാഹിപ്പിക്കാൻ ഈ വൈദിക വർഷം നമുക്കു പ്രചോ ദനമേകണം. “ഇടയനെ അടിക്കുക; ആടുകൾ ചിതറും” എന്ന ദൈവ വചനം നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. വൈദികരെയും സമർപ്പി തരേയും സമൂഹമദ്ധ്യത്തിൽ വിലകുറച്ചു കാണിക്കാനും അതുവഴി സഭാ നേതൃത്വത്തോടുള്ള ആദരവും വിധേയത്വവും ഇല്ലാതാക്കാനും സഭാ ശത്രുക്കൾ കിണഞ്ഞു പരിശ്രമിക്കുമ്പോൾ, പേടിച്ച് പിന്തിരി യാതെ വർദ്ധിച്ച വിശ്വാസ തീഷ്ണതയോടെ ദൈവത്തിനും ദൈവജ നത്തിനും വേണ്ടി ജീവിക്കാൻ സന്നദ്ധതയുള്ളവർ മുന്നോട്ടു വരണം. അതിന് മാതാപിതാക്കൾ മക്കളെ പ്രോത്സാഹിപ്പിക്കണം. വൈദികരും സമർപ്പിതരും മാതൃകയും പ്രചോദനവും നൽകുകയും വേണം.

ഈ വൈദിക വർഷത്തിൽ വൈദികർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ നാം കടപ്പെട്ടവരാണ്. ഈ ലോകത്തിലാണെങ്കിലും ഈ ലോകത്തിന്റേതല്ലാതെ ജീവിക്കുവാനും, (യോഹ. 17/16) ലോക സുഖങ്ങളും നേട്ടങ്ങളും ആഗ്രഹിക്കാതെ, എല്ലാവർക്കും എല്ലാമായി ത്തീർന്നുകൊണ്ട് പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിൽ ജീവിതത്തിന്റെ സംതൃപ്തി മുഴുവൻ കണ്ടെത്തിയ ഈശോയുടെ ചൈതന്യമനുസ രിച്ച് ജീവിക്കുവാനും ഓരോ വൈദികനും പ്രാപ്തനാകുന്നതിന് ദൈവ ത്തിന്റെ ധാരാളമായ അനുഗ്രഹം അത്യാവശ്യമാണ്. അതിനാൽ സഭാ സ്നേഹികളായ ഏവരും വൈദികരെ സ്വന്തമായിക്കരുതി അവർക്കു വേണ്ടി തീഷ്ണതാപൂർവ്വം പ്രാർത്ഥിക്കണം. ഭൗതിക സമ്പത്തിന്റെയും സുഖഭോഗങ്ങളുടെയും പ്രലോഭനങ്ങളെ അതിജീവിക്കാനും ഓരോ പുതിയ ജോൺ മരിയ വിയാനിയായി ഓരോ വൈദികനും രൂപാന്തര പ്പെടാനും കഴിയുന്നതുവരെ ഈ പ്രാർത്ഥനകൾ തുടരണം. അതോ ടൊപ്പം സഭാപ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി വൈദികരോ ടൊത്ത് പ്രവർത്തിക്കാനും, എല്ലാവിധ സഹകരണങ്ങളും നൽകാനും അത്മായ സഹോദരങ്ങൾ ഈ വൈദിക വർഷത്തിൽ പ്രത്യേകം മുമ്പോട്ടു വരണം

ഈ വൈദിക വർഷം പ്രമാണിച്ച് മാർപ്പാപ്പ ചില പ്രത്യേക ദണ്ഡവിമോചനങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. പാപങ്ങളുടെ കാലികശിക്ഷ യിൽ നിന്ന് ദൈവതിരുമുൻപാകെയുള്ള ഇളവുചെയ്യലാണ് ദണ്ഡ

വിമോചനം. എല്ലാ പാപങ്ങളുടെയും പിന്നിൽ സൃഷ്ടികളോടുള്ള ആകർഷണവും പലതരം ആസക്തികളുമുണ്ട്. കുമ്പസാരമെന്ന കൂദാശയിലൂടെ പാപമോചനം ലഭിക്കുന്നുണ്ടെങ്കിലും ഇത്തരം ആകർഷണങ്ങളും, ആസക്തികളും പൂർണ്ണമായി വിട്ടുമാറുന്നില്ല. തീഷ്ണമായ സ്നേഹത്തിൽ നിന്നും പുറപ്പെടുന്ന മാനസാന്തരത്തിന് സമ്പൂർണ്ണ ശുദ്ധീകരണം നേടാൻ കഴിയും. അതിനാൽ ഈ സമ്പൂർണ്ണ ശുദ്ധീകരണം യാഥാർത്ഥ്യമാക്കിത്തീർക്കാനുള്ള അവസരമാണ് ദണ്ഡവിമോചനത്തിലൂടെ തിരുസഭ നമുക്ക് നൽകുന്നത്. പ്രാർത്ഥന, പ്രായശ്ചിത്തം, ദിവ്യകാരുണ്യപ്രവർത്തനങ്ങൾ മുതലായവയും തിരുസഭ നിർദേശിക്കുന്ന ഇതര വ്യവസ്ഥകളും പാലിച്ചുകൊണ്ട് നമുക്ക് ദണ്ഡവിമോചനം നേടാൻ കഴിയും.

വൈദികർക്കും മറ്റുള്ളവർക്കും ഈ വൈദിക വർഷത്തിൽ ദണ്ഡവിമോചനങ്ങൾ നേടാനുള്ള വ്യവസ്ഥകൾ കൂടി മാർപ്പാപ്പ വ്യക്തമാക്കുന്നുണ്ട്.

**A. വൈദികർക്ക് പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാനുള്ള മാർഗ്ഗങ്ങൾ**

a) കുമ്പസാരിച്ച് വി. കുർബാന സ്വീകരിച്ച് മാർപ്പാപ്പയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുക.

b) വി. കുർബാനയുടെ മുൻപിൽ കാനോന നമസ്കാരം ചൊല്ലുക.

c) കൂദാശകൾ, വിശിഷ്യ അനുരഞ്ജന കൂദാശ ഭക്തിയോടെ അനുഷ്ഠിക്കുക.

**B. ക്രൈസ്തവവിശ്വാസികൾക്ക് പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാനുള്ള മാർഗ്ഗങ്ങൾ**

a) ശരിയായ അനുതാപത്തോടെ കുമ്പസാരിച്ച് മാർപ്പാപ്പയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുക.

b) ദിവ്യബലിയിൽ ഭക്തിപൂർവ്വം സംബന്ധിച്ച് ദിവ്യകാരുണ്യ ഈശോയെ സ്വീകരിച്ച് വൈദികർക്കുവേണ്ടി നിത്യപുരോഹിതനായ ഈശോയോട് പ്രാർത്ഥിക്കുക.

c) വൈദികരുടെ വിശുദ്ധീകരണത്തിനായി സൽകർമ്മങ്ങൾ ചെയ്യുക

**C. വൃദ്ധജനങ്ങൾക്കും രോഗികൾക്കും പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാനുള്ള എളുപ്പമാർഗ്ഗം:**

തങ്ങളുടെ വേദനകളും സഹനങ്ങളും വൈദികരുടെ വിശുദ്ധീകരണത്തിനുവേണ്ടി വൈദികരുടെ അമ്മയായ പരി. കന്യാമറിയം വഴി ദൈവത്തിനു സമർപ്പിക്കുക.

അപ്രകാരം ഈ വൈദിക വർഷം ഓരോ വൈദികനും കൂടുതൽ ഫലപ്രദമായ അജപാലന ശുശ്രൂഷയ്ക്ക് സഹായകമായ ആത്മീയ വളർച്ചയ്ക്കും ഉണർവ്വിനും കാരണമാകണം. അതിന് വൈദികരുടെയും സമർപ്പിതരുടെയും അത്മായരുടെയും സംയുക്തമായ ഒരാദ്ധ്യാത്മിക മുന്നേറ്റം അനിവാര്യമാണ്. അതിനുവേണ്ട ശക്തിയും കൃപയും ഈശോയുടെ തിരുഹൃദയത്തിൽ നമുക്കു കണ്ടെത്താം. വൈദിക മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ മദ്ധ്യസ്ഥം അതിനു നമുക്ക് സഹായകമാകട്ടെ. വൈദികവർഷത്തിന്റെ ദൈവാനുഗ്രഹം ഏവർക്കും ആശംസിച്ചുകൊണ്ട് ഈ വൈദിക വർഷം നമുക്ക് ചെയ്യാവുന്ന ചില പരിപാടികൾ കെ.സി.ബി.സി. യുടെ നിർദ്ദേശങ്ങളുടെയും, രൂപതാ ആലോചനാസംഘത്തിന്റെ നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ അറിയിക്കട്ടെ

1. വൈദികവർഷം സംബന്ധിച്ചുള്ള അറിയിപ്പുകൾ നമുക്ക് താമസിച്ചു മാത്രം ലഭ്യമായതിനാൽ ജൂൺ 19 ന് രൂപതാതല ഉദ്ഘാടനം വിപുലമായി നടത്താൻ കഴിയില്ല. എങ്കിലും ഓരോ ഇടവകയിലും യുക്തമായ ഒരു ദിവസം അതിന്റെ ഉദ്ഘാടനം ആഘോഷമായി, പ്രാർത്ഥനാപൂർവ്വം നടത്തുക.
2. പുരോഹിതർക്കുവേണ്ടിയുള്ള പ്രാർത്ഥന ദിവ്യബലിയ്ക്കുശേഷം എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും കുടുംബ പ്രാർത്ഥന കഴിഞ്ഞ് എല്ലാ ഭവനങ്ങളിലും ചൊല്ലുക.
3. രൂപതയിലെ ഇടവകകൾ, സന്യാസഭവനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് വർഷം മുഴുവൻ വൈദിക നവീകരണത്തിനും വിശുദ്ധിയ്ക്കുമായി തുടർച്ചയായി ആരാധന (chain adoration) നടത്തുക.
4. അൾത്താര ശുശ്രൂഷകർ 'പ്രാരംഭസെമിനാരി പരിശീലന കാലഘട്ടത്തിലാണെന്ന' ബനഡിക്ട് 16 – ാമൻ മാർപ്പാപ്പയുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് ഓരോ ഇടവകയിലും അൾത്താര ബാലസഖ്യം ശക്തിപ്പെടുത്തുക. അവർക്കായി ഇടവകതലത്തിൽ ആനിമേറ്ററിനെ നിയമിക്കുക. ആഴ്ചതോറും യോഗം ചേരുകയും ക്രമാനുഗതമായ പരിശീലനം ഉറപ്പുവരുത്തുകയും ചെയ്തുകൊണ്ട് ദൈവവിളി പ്രോത്സാഹിപ്പിക്കുക.
5. മാസത്തിലൊരിക്കൽ വൈദികർക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുക. മാസാദ്യ വെള്ളിയാഴ്ചകളിൽ വൈദികർ ഉപവസിച്ചു പ്രാർത്ഥിക്കുക.

6. വി. ജോൺ മരിയ വിയാനിയുടെ വിശുദ്ധ ജീവിത രീതിയും ആദ്ധ്യാത്മികതയും വിശ്വാസികൾക്ക് പരിചയപ്പെടുത്തുക. സൺഡേ സ്കൂളുകളിലും വാർഡ് സമ്മേളനങ്ങളിലും വിശുദ്ധന്റെ ജീവചരിത്രം ചർച്ചാവിഷയമാക്കുക.

7. സഭയുടെ പ്രസിദ്ധീകരണങ്ങളിലും രൂപതയുടെ ബുള്ളറ്റിനുകളിലും വൈദികവർഷത്തെക്കുറിച്ചും, വി. ജോൺ മരിയ വിയാനിയെക്കുറിച്ചും ലേഖനങ്ങൾ പ്രസിദ്ധീകരിക്കുക.

8. എല്ലാ ഇടവക വൈദികരും ഈ വർഷം പ്രത്യേകമായി ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കുകയും ഇടവക കൂട്ടായ്മ വർദ്ധിപ്പിക്കുകയും ചെയ്യുക

9. വൈദികരുടെ പ്രാർത്ഥനായോഗങ്ങൾ പ്രാദേശിക തലത്തിൽ രൂപീകരിക്കുകയും സഹവൈദികർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.

10. രൂപത, ഇടവക തലങ്ങളിൽ അത്മായർ, സന്യസ്തർ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് വൈദികവർഷാചരണത്തിൽ അവരുടെ പങ്ക് വ്യക്തമാക്കുക

11. പുരോഹിതരുടെ മാതാപിതാക്കളുടെ ഒരു യോഗം രൂപതാതലത്തിലോ പ്രാദേശികതലത്തിലോ വിളിച്ചുകൂട്ടി അവരെ അഭിനന്ദിക്കുകയും ഈ വൈദികവർഷത്തിൽ അവരുടെ കൂടുതലായ പ്രാർത്ഥന അഭ്യർത്ഥിക്കുകയും ചെയ്യുക

12. പ്രോ ലൈഫ് മൂവ്മെന്റ് ശക്തിപ്പെടുത്തുക. നല്ല കുടുംബങ്ങളുടെ രൂപികരണത്തിനും അതുവഴി ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുക

13. മതബോധനം, സംഘടനാപ്രവർത്തനങ്ങൾ എന്നിവ ശക്തിപ്പെടുത്തുക

14. വൈദിക വർഷ ബോർഡ്, വി. ജോൺ മരിയ വിയാനിയുടെ ചിത്രം എന്നിവ ദേവാലയങ്ങളിൽ സ്ഥാപിക്കുക

15. ഓരോ ഇടവകയും ഈ വൈദിക വർഷം മുതൽ രൂപതയിലെ ഓരോ സെമിനാരി വിദ്യാർത്ഥിയുടെ പഠന ചിലവുകൾ വഹിക്കുക.

16. നമ്മുടെ രൂപതയിലെ വൈദിക മന്ദിരമായ വിയാനി ഭവൻ സന്ദർശി

ക്കുകയും വൃദ്ധരും രോഗികളുമായ വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.

17. വൈദികരുടെ മാസധ്യാനം കൂടുതൽ തീഷ്ണതയോടും താല്പര്യത്തോടും കൂടെ നടത്തുക

18. വൈദിക സമ്മേളനങ്ങൾ വിളിച്ചുകൂട്ടി വൈദിക ജീവിത നവീകരണത്തിനുപകരിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യുക

19. രൂപതയിലെ Living Together Programme വൈദിക വർഷത്തിന്റെ അരൂപിയിൽ ക്രമീകരിക്കുക


20. വൈദികർക്ക് സ്വയം വിമർശനത്തിനും, ആത്മാവബോധം വർദ്ധിപ്പിക്കുന്നതിനും ഉപകരിക്കുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

21. ഇടവകകളിൽ വിശുദ്ധ കുർബാനയ്ക്ക് മുമ്പ് നമ്മുടെ രൂപതയിലെ വൈദികർ ഓരോരുത്തരുടെയും പേര് ഓരോ ദിവസവും പറഞ്ഞ് അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. (രൂപതാ ഡയറക്ടറിയിൽ കൊടുത്തിരിക്കുന്ന ക്രമമനുസരിച്ച് ഓരോ ദിവസവും ഓരോ വൈദികന് വേണ്ടി പ്രാർത്ഥിക്കുക.)

22. വൈദിക വർഷാവസാനത്തിൽ രൂപതയിലെ എല്ലാ വൈദികരും രൂപതാദ്ധ്യക്ഷനോടുകൂടി ബലിയർപ്പിക്കുക

കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2009 ജൂൺ മാസം 16–ാം തീയതി നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**NB:- ഈ ഇടയലേഖനം 2009 ജൂലൈ മാസം 12–ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

**ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

വൈദിക വർഷാചരണത്തോട് അനുബന്ധിച്ച് പല ഇടവകകളിലും, പള്ളികളിൽ സ്ഥാപിക്കാനുള്ള വി. ജോൺ മരിയ വിയാനിയുടെ ഫോട്ടോ ചേർത്ത ബോർഡ് പ്രിന്റ് ചെയ്ത് സ്ഥാപിക്കുകയും, വീടുകളിൽ കുടുംബപ്രാർത്ഥനയ്ക്ക്ശേഷം ചൊല്ലുവാനുള്ള വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന എത്തിക്കുകയും ചെയ്തു. ഇവ സ്വന്തമായി ചെയ്യാത്ത ഇടവകകൾക്ക് അവർ ആവശ്യപ്പെടുന്നപക്ഷം, രൂപതാ കേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്. ആവശ്യമുള്ളവർ വൈദികവർഷ ആചരണ കൺവീനർ ബഹു. ബെന്നി മുതിരക്കാലായിൽ അച്ചനുമായി ജൂലൈ 10–ാം തീയതിക്ക് മുമ്പായി ബന്ധപ്പെടേണ്ടതാണ്.
(ഫോൺ: 04935– 245094, മൊബൈൽ : 9447847947)

**പരി. കുർബാനയുടെ ആരാധന**

വൈദിക വർഷത്തിൽ നമ്മുടെ രൂപതയിലും, എല്ലാ ദിവസവും പരി. കുർബാനയുടെ ആരാധന ക്രമീകരിക്കുകയാണ്. അതുപ്രകാരം നമ്മുടെ എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും ഈ വർഷം നിശ്ചിത ദിവസം ആരാധന നടത്തേണ്ടതാണ്. ആരാധന നടത്തേണ്ട ദിവസം താഴെ ചേർക്കുന്നു. അത് പ്രകാരം ക്രമീകരിക്കാൻ ശ്രദ്ധിക്കുമല്ലോ. ആരാധനയുടെ സമയം, ഇടവകയുടെ സാഹചര്യമനുസരിച്ച് ബഹു. വികാരിയച്ചന്മാർ ക്രമീകരിക്കുമല്ലോ.

**ആരാധന നടത്തേണ്ട സ്ഥലങ്ങൾ**

| Date | | Name of Parish / Institution |
|---|---|---|
| June | 19 | Mananthavady Minor Seminary |
| " | 20 | Provincial House, SABS |
| " | 21 | Dwaraka, FCC |
| " | 22 | Provincial House, SH |
| " | 23 | Novitiate House, SKD |

| | | |
|---|---|---|
| " | 24 | Generalate, SKD |
| " | 25 | Puthusserikadavu, SH |
| " | 26 | Kallody, FCC |
| " | 27 | Poroor, SH |
| " | 28 | Provincial House, FCC |
| " | 29 | Karimany, SABS |
| " | 30 | Bathery, FCC |
| **July** | **1** | Mananthavady, MSMI |
| " | 2 | Rogate Bhavan, Chulliana |
| " | 3 | Norbert House, Mananthavady |
| " | 4 | Provincial House, CMC |
| " | 5 | Study House, Dwaraka, SH |
| " | 6 | St. Camillus Seminary, Mananthavady |
| " | 7 | Divine Providence Seminary, Kartikulam |
| " | 8 | La salette Ashram, Kayakkunnu |
| " | 9 | Chavara Sadan, CMC Payode |
| " | 10 | Tabore L.F. Minor Seminary, CST, Kalpetta |
| " | 11 | Generalate, SCV |
| " | 12 | Ambalavayal (Parish) |
| " | 13 | Bathery (Parish) |
| " | 14 | Cheengavallam (Parish) |
| " | 15 | Chithragiri (Parish) |
| " | 16 | Chulliod (Parish) |
| " | 17 | Kadalmad (Parish) |
| " | 18 | Kallumukku (Parish) |
| " | 19 | Karani (Parish) |
| " | 20 | Meenangadi (Parish) |
| " | 21 | Moolankavu (Parish) |
| " | 22 | Pazhoor (Parish) |
| " | 23 | Thomattuchal (Parish) |
| " | 24 | Vadakkanad (Parish) |
| " | 25 | Vakery (Parish) |
| " | 26 | Adackathode (Parish) |
| " | 27 | Ambayathode (Parish) |
| " | 28 | Chungakkunnu (Parish) |

| | | |
|---|---|---|
| " | 29 | Kelakam (Parish) |
| " | 30 | Kottiyoor (Parish) |
| " | 31 | Nelliody (Parish) |
| **August** | **1** | Ottaplavu (Parish) |
| " | 2 | Palchuram (Parish) |
| " | 3 | Santhigiri (Parish) |
| " | 4 | Velloonny (Parish) |
| " | 5 | Arattupara (Parish) |
| " | 6 | Arulnilayam (Parish) |
| " | 7 | Aravankad (Parish) |
| " | 8 | Bekki (Parish) |
| " | 9 | Burliar (Parish) |
| " | 10 | Coonoor (Parish) |
| " | 11 | Dharmagiri (Parish) |
| " | 12 | Kalpra (Parish) |
| " | 13 | Kayyunni (Parish) |
| " | 14 | Kunnalady (Parish) |
| " | 15 | Machikolly (Parish) |
| " | 16 | Manvayal (Parish) |
| " | 17 | Panamchira (Parish) |
| " | 18 | Vimalagiri (Parish) |
| " | 19 | Chulliana (Parish) |
| " | 20 | Deepthigiri (Parish) |
| " | 21 | Dwaraka (Parish) |
| " | 22 | Kallody (Parish) |
| " | 23 | Karimbil (Parish) |
| " | 24 | Karakkamala (Parish) |
| " | 25 | Kommayad (Parish) |
| " | 26 | Kunjome (Parish) |
| " | 27 | Makkiyad (Parish) |
| " | 28 | Mangalassery (Parish) |
| " | 29 | Mothakara (Parish) |
| " | 30 | Niravilpuzha (Parish) |
| " | 31 | Ozhukkanmoola (Parish) |

# സർക്കുലർ

## ജീസസ് ഫ്രട്ടേണിറ്റി – ഓഗസ്റ്റ് 9

### ക്രിസ്തീയത : പ്രഘോഷണത്തിനുള്ള വിളി

*(കെ. സി. ബി. സി ജസ്റ്റിസ്, പീസ് ആന്റ് ഡെവലപ്മെന്റ് കമ്മീഷൻ ചെയർമാനും കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷനും ജീസസ് ഫ്രട്ടേണിറ്റിയുടെ ചെയർമാനുമായ മാർ മാത്യു അറയ്ക്കൽ, ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിത പ്രവർത്തനത്തിൽ സഭാമക്കൾ പങ്കുചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ)*

മിശിഹായിൽ പ്രിയമുള്ളവരേ,

മരുഭൂമിയിൽ തനിക്കുചുറ്റും കൂടിയ ജനതയോട് "പശ്ചാത്തപിക്കുവിൻ ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 3:2) എന്നാണ് സ്നാപകയോഹന്നാൻ പ്രഖ്യാപിച്ചത്. പശ്ചാത്താപവും അനുരഞ്ജനവുമാണ് ക്രിസ്തുവിനെ കണ്ടെത്താനും അനുഭവിക്കാനും അനുഭവവേദ്യമാക്കാനും അവിടുത്തെ രാജ്യത്തിലേക്ക് പ്രവേശിക്കാനുമുള്ള വഴികൾ. ദൈവജനത്തിന് ക്രിസ്തുവിനെ കണ്ടെത്തുന്നതിനും ക്രിസ്തുവിന് ജനമദ്ധ്യത്തിലേയ്ക്ക് ഇറങ്ങി വരുന്നതിനുമുള്ള മാർഗ്ഗങ്ങളാണിവ. ദൈവരാജ്യത്തിലേയ്ക്ക് പ്രവേശിക്കുന്നതിന് അനുപേക്ഷണീയമായ അനുതാപത്തെക്കുറിച്ച് പ്രഘോഷിക്കുവാനായിരുന്നു യോഹന്നാന്റെ വിളി.

കാരുണ്യവാനും ദയാപരനുമായ ദൈവവും കുരിശിലെ തന്റെ സഹനമരണങ്ങളിലൂടെ മാനവകുലത്തെ മോചിപ്പിച്ച ക്രിസ്തുവും പാപത്തിന്റെ പടുകുഴിയിലേയ്ക്ക് പതിക്കാനുള്ള മാനുഷിക ദൗർബല്യത്തെയാണ് ഓർമ്മിപ്പിക്കുന്നത്. പാപത്തിലേയ്ക്കുള്ള ചായ്‌വിന്റെ തീവ്രത അനുസരിച്ച് ഓരോരുത്തരും പശ്ചാത്തപിക്കുകയും അനുരഞ്ജനപ്പെടുകയും ചെയ്യേണ്ടതുണ്ടെന്ന് അതിലൂടെ ആവർത്തിച്ചുറപ്പിക്കപ്പെടുന്നു. ചിലരെ സംബന്ധിച്ചിടത്തോളം പശ്ചാത്താപവും അനുരഞ്ജനവും അത്യന്താപേഷിതമാണ്. ഈ ഭൂമിയിൽ ജീവിക്കുന്നവരെന്ന നിലയിൽ

നാമെല്ലാവരും ലഘുവോ ഗുരുതരമോ ആയ തെറ്റുകൾക്കു വശപ്പെട്ടു പോകുന്നുണ്ട്. അത്തരം വീഴ്ചകൾ ബന്ധങ്ങളിൽ വിള്ളൽ വീഴ്ത്താനും സമൂഹത്തിന്റെ മുഖ്യധാരാജീവിതത്തിൽ നിന്ന് വ്യക്തി അന്യവത്ക്കരിക്കപ്പെടാനും കാരണമാകുന്നു. ഇത്തരത്തിലുള്ള വ്യക്തികളെ സമൂഹത്തോടും കുടുംബത്തോടും വീണ്ടും ഒന്നുചേർക്കുന്നതിന് അനുതാപവും അനുരഞ്ജനവും അത്യാവശ്യമാണ്.

അനുതാപം ഒരുവന്റെ മനഃസാക്ഷിയെ ഉണർത്തുകയും താനാരാണ്, തന്റെ ജീവിതത്തിന്റെ അവസ്ഥയെന്താണ് എന്നിങ്ങനെയുള്ള അവബോധത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു. ഈ അവബോധം തന്നെയും തന്റെ ചെയ്തികളെയും അംഗീകരിക്കാൻ ഒരുവനെ പ്രേരിപ്പിക്കുന്നു. അത് പുനർനവീകരണത്തിനും മാനസാന്തരത്തിനും വഴി തെളിക്കുന്നു. വ്യക്തിയുടെ ബോധപൂർവ്വമായ ശ്രമത്തിലൂടെ സംഭവിക്കുന്ന ഈ മാനസാന്തരം ദൈവത്തോടും അപരനോടും തന്നോടു തന്നെയുമുള്ള സ്വതന്ത്രമായ അനുരഞ്ജനത്തിന് ആവശ്യമാണ്. അപ്പോഴാണ് സമാധാനവും സന്തോഷവും ആനന്ദവും സ്നേഹവും അനുഭവിക്കുന്നതിന് സാധിക്കുക.

സമൂഹത്തിലേയും കുടുംബത്തിലേയും ഓരോ വ്യക്തിയോടും അനുതാപത്തെയും അനുരഞ്ജനത്തെയും കുറിച്ച് പ്രഘോഷിക്കാനാണ് ക്രിസ്തുശിഷ്യൻ എന്ന നിലയിൽ ഓരോ ക്രിസ്ത്യാനിയുടെയും വിളി. പിതാവ് തനിക്കു തന്നവരിൽ ആരും നഷ്ടപ്പെട്ടുപോകരുതെന്നാണ് നമ്മുടെ കർത്താവിന്റെ അഭീഷ്ടവും കല്പനയും (യോഹ 18: 9). അതുകൊണ്ടുതന്നെ ക്രിസ്തുവിന്റെ മൗതികശരീരമെന്ന നിലയിൽ എല്ലാ ജനതയോടും – മാരകമായ തെറ്റുകൾമൂലം തടവറയിൽ കഴിയുന്നവരോടു പോലും – ഇതിനെക്കുറിച്ച് വിളംബരം ചെയ്യുക സഭയുടെ കടമയാണ്.

കേരളത്തിലെ എല്ലാ തടവറകളിലും അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും സന്ദേശം എത്തിക്കുന്നത് കെ. സി. ബി. സി യുടെ "നീതിക്കും സമാധാനത്തിനും വികസനത്തിനും വേണ്ടി " യുള്ള കമ്മീഷന്റെ ഭാഗമായ ജീസസ് ഫ്രട്ടേണിറ്റിയാണ്. ആഗോളസഭ ഈ വർഷം പൗരോഹിത്യ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നതും കൂടി കണക്കിലെടുക്കുമ്പോൾ ഈ പ്രഘോഷണത്തിന് കൂടുതൽ പ്രാധാന്യം കൈവരുന്നു.

ചെയ്തുപോയ കുറ്റകൃത്യങ്ങളുടെ പേരിൽ ജയിൽവാസം അനുഷ്ഠിക്കുന്നവരും നമ്മിലോരോരുത്തരെയും പോലെ മനുഷ്യ

വ്യക്തിത്വമുള്ളവരാണെന്ന ബോധ്യമാണ്, അവരെ മാനസാന്തരത്തി ലേയക്കും അനുതാപത്തിലേയ്ക്കും നയിക്കാനായി ദൈവത്തിന്റെയും അവിടുത്തെ പ്രിയപുത്രന്റെയും കരുണാർദ്രമായ സ്നേഹത്തെക്കുറി ച്ചുള്ള വിളംബരം അനുപേഷണീയമാക്കുന്നത്.

പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹായിക്കുകയും തട വറ സന്ദർശനം നടത്തി ഓരോ തടവുകാരനോടും അനുതപിച്ച് മാന സാന്തരപ്പെട്ട് നിത്യപുരോഹിതനായ ഈശോയെ കണ്ട്, സ്വീകരിച്ച്, അനുഭവിക്കാൻ നമ്മൾ പ്രേരിപ്പിക്കണം. അപ്രകാരം പ്രേരിപ്പിക്കുന്ന വൈദികരോടും സന്യസ്തരോടും അത്മായരോടും കൈകോർത്ത് പ്രവർത്തിക്കാൻ എല്ലാ സഭാമക്കളെയും ഞങ്ങൾ ഈയവസരത്തിൽ ആഹ്വാനം ചെയ്യുന്നു.

സഭയുടെ ഈ ദൗത്യം ഏറ്റെടുക്കുമ്പോൾ ദൈവികരാജ്യത്തിന് നമ്മൾ അവകാശികളാകും എന്നത് സുനിശ്ചിതമാണ്. കാരണം, "ഞാൻ തടവറയിലായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്താ 25: 37) ആകയാൽ "നിങ്ങൾക്കുവേണ്ടി സജ്ജമാക്കിയിരിക്കുന്ന എന്റെ പിതാ വിന്റെ രാജ്യം സ്വന്തമാക്കുവിൻ" (മത്താ 25: 34) എന്ന് ക്രിസ്തു തന്നെ പറയുന്നുണ്ടല്ലോ.

കരുണാനിധിയും സ്നേഹസ്വരൂപനുമായ പിതാവ് തന്റെ പുത്ര നിലൂടെ നിങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥി ച്ചുകൊണ്ട്,

യേശുസാഹോദര്യത്തിനുവേണ്ടി,

**മാർ മാത്യു അറയ്ക്കൽ**
ചെയർമാൻ, കെ. സി. ബി. സി കമ്മീഷൻ
ഫോർ ജസ്റ്റിസ്, പീസ് ആന്റ്
ഡെവലപ്മെന്റ് - ജീസസ് ഫ്രട്ടേണിറ്റി

**കമ്മീഷൻ അംഗങ്ങൾ**
**റവ. ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ**
**റവ. തോമസ് മാർ കൂറിലോസ്**

---

**NB:- ഈ സർക്കുലർ ഓഗസ്റ്റ് 2-ാം തീയതി (ഞായർ) ദിവ്യബലി മധ്യേ വായിക്കുകയും 9-ാം തീയതി 'ജീസസ് ഫ്രട്ടേണിറ്റി ഞായറാ'യി ആഘോഷിക്കുകയും കുർബ്ബാനമദ്ധ്യേ കെ.സി. ബി.സി. യുടെ തീരുമാനപ്രകാരമുള്ള പ്രത്യേകപിരിവ് എടു ക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.**

# രൂപതാകച്ചേരി വാർത്തകൾ

**യുവജനദിനം : ജൂലൈ 5**

യുവാവായ ക്രിസ്തുവിനെ സമൂഹത്തിൽ ഏറ്റവും നന്നായി അവതരിപ്പിക്കുവാൻ ക്രിസ്തുവിന്റെ ചൈതന്യം ഉൾക്കൊണ്ട യുവജനങ്ങൾക്കാണ് സാധിക്കുക. യുവജന സംഘടനകളിലൂടെ അതിനുള്ള അറിവും ബോധ്യവും തീക്ഷ്ണതയും എല്ലാ യുവജനങ്ങൾക്കും ലഭിക്കണം. മിഷൻലീഗ്, ജീസസ് യൂത്ത്, കെ.സി.വൈ.എം. എന്നീ സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്ന എല്ലാ യുവജനങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു. യുവജനങ്ങൾക്കുവേണ്ടി വളരെ സജീവമായി പ്രവർത്തിക്കുന്ന രൂപതാ കെ.സി.വൈ.എം. പ്രവർത്തകർക്ക് ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ. ഈ വൈദിക വർഷത്തിൽ എല്ലാ വൈദികരും യുവജനങ്ങളുടെ അജപാലനത്തിൽ പ്രത്യേകം താല്പര്യമെടുക്കുകയും യുവജന പ്രസ്ഥാനത്തെ കൂടുതൽ സജീവവും ശക്തവുമാക്കാൻ പരിശ്രമിക്കുകയും വേണം. നമ്മുടെ യുവജനങ്ങളിൽ ഒരു ചെറിയ ശതമാനം മാത്രമേ കെ.സി.വൈ.എമ്മിൽ അംഗങ്ങളായിട്ടുള്ളൂ. ബാക്കിയുള്ളവരെയും സംഘടനയിലേയ്ക്ക് ആനയിക്കാനും അങ്ങനെ കത്തോലിക്കാ യുവജനങ്ങളുടെ അതിശക്തമായ ഒരു സംഘടനയായി കെ.സി.വൈ.എം. നെ രൂപപ്പെടുത്തുവാനും എല്ലാ വൈദികരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. എല്ലാ യുവജനങ്ങളെയും കെ.സി.വൈ.എം. ലേയ്ക്ക് സ്വാഗതം ചെയ്യുന്നു. യുവജനദിനമായ ജൂലൈ 5-ാം തീയതി പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് നമ്മുടെ രൂപതയിലെ കെ.സി.വൈ.എം. ന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ആ തുക രൂപതാകേന്ദ്രത്തിലേയ്ക്ക് അയച്ചു തരികയും ചെയ്യുമല്ലോ.

**വൈദിക വർഷം**

2009 ജൂൺ 19-ാം തീയതി ആരംഭിച്ച വൈദിക വർഷത്തിൽ നമ്മുടെ രൂപതയിൽ നടത്തേണ്ട പരിപാടികളെക്കുറിച്ച് ചർച്ച ചെയ്ത

രൂപതാ ആലോചനാ സമിതി, വൈദികവർഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഒരു കമ്മിറ്റിക്ക് രൂപം നൽകുകയുണ്ടായി. ബഹു. ബെന്നി മുതിരക്കാലായിൽ അച്ചൻ കൺവീനറായിട്ടുള്ള കമ്മിറ്റിയിൽ ഫാ. തോമസ് കച്ചിറയിൽ, ഫാ. ജോർജ് മമ്പള്ളി, ഫാ. ഗർവ്വാസീസ് മറ്റം, ഫാ. ജോസഫ് പരുവുമ്മേൽ, ഫാ. ഡെന്നീസ് കഴുതാടിയിൽ, ഫാ. ബാബു പാറയിൽ, ഫാ. സണ്ണി കൊല്ലാർതോട്ടം, ഫാ. ടോമി പുത്തൻപുര എന്നിവർ അംഗങ്ങളാണ്. ആലോചനാ സമിതിയുടെ നിർദ്ദേശമനുസരിച്ച് വൈദിക വർഷത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും മറ്റും വേണ്ടി ജൂലൈ മാസത്തിലെ വൈദികരുടെ മാസധ്യാനം വിവിധ ഫൊറോനകളെ ഏകോപിപ്പിച്ച് നടത്താൻ തീരുമാനിച്ചു. അതനുസരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫൊറോനകൾ | ധ്യാനം നടക്കുന്ന സ്ഥലം | തീയതി |
|---|---|---|
| 1. മണിമൂളി, നിലമ്പൂർ | മണിമൂളി പാസ്റ്ററൽ സെന്റർ | 7-7-2009 |
| 2. കല്ലോടി, നടവയൽ | ദ്വാരക പാസ്റ്ററൽ സെന്റർ | 8-7-2009 |
| 3. മാനന്തവാടി, പയ്യമ്പള്ളി, ചുങ്കക്കുന്ന് | ബോയ്സ് ടൗൺ | 9-7-2009 |
| 4. കൽപ്പറ്റ, തരിയോട് | തരിയോട് | 14-7-2009 |
| 5. ബത്തേരി, മുള്ളൻകൊല്ലി ഗൂഡല്ലൂർ, മൈസൂർ | ബത്തേരി | 15-7-2009 |

സമയം 10 a.m. to 3 p.m. വൈദിക വർഷത്തിൽ വൈദികരുടെ ആത്മാവബോധം വർദ്ധിപ്പിക്കുന്നതിനും, ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സാമൂഹ്യപ്രതിബദ്ധത വർദ്ധിപ്പിക്കുന്നതിനുമൊക്കെ സഹായിക്കുന്ന കാര്യങ്ങൾ മാസധ്യാനത്തിൽ ചർച്ച ചെയ്യുന്നതാണ്.

## ബഹു. വൈദികരുടെ വാർഷിക ധ്യാനം.

ഈ വർഷം നമ്മുടെ രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം സെപ്റ്റംബർ 13 മുതൽ 18 വരെയും, 20 മുതൽ 25 വരെയുമായിരിക്കും. ധ്യാനഗുരു റവ. ഡോ. ജോസഫ് എറമ്പിൽ വി.സി. യാണ്. എല്ലാ വൈദികരും വൈദിക വർഷത്തിലെ ഈ ധ്യാനത്തിൽ പങ്കെടുക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ഓരോ ബാച്ചിലും ധ്യാനത്തിൽ പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

# First Batch Retreat 2009: Sep. 13 sunday to 18 Friday

| No | House Name | Rev. FRS. Name | No | House Name | Rev. FRS. Name |
|---|---|---|---|---|---|
| 1 | Aikkarathazhath | Sebin | 36 | Mankottil | James |
| 2 | Ambalathinkal | Sebastian | 37 | Mapplassery | Lukose |
| 3 | Athickal | Mathew | 38 | Mavara | Stanislaus |
| 4 | Changanamthundathil | Jojo | 39 | Mecheril | Joseph |
| 5 | Chelackappillil | Thomas | 40 | Moothedath | Mathew |
| 6 | Chembakkara | James | 41 | Mulakudiyankal | Varghese |
| 7 | Chittoor | Joseph | 42 | Mulavelikunnel | Jacob |
| 8 | Elavanappara | Sebastian | 43 | Munjanattu | Mathew |
| 9 | Elemkunnel | Sebastian | 44 | Muthanikkattu | Justin |
| 10 | Kachirayil | Thomas | 45 | Muthukattil | Shantidas |
| 11 | Kakkonal | Manoj | 46 | Myladoor | George |
| 12 | Kalappura | Vincent | 47 | Nadukunnel | Abraham |
| 13 | Kallupura | Johny | 48 | Nanthikattu | Joseph |
| 14 | Kaniyamattam | Joseph | 49 | Nedumpallil | Jacob |
| 15 | Kazhuthadiyil | Mathew | 50 | Nilackappillil | Augustine |
| 16 | Kocharackal | Jose | 51 | Ouseppparambil | Joseph |
| 17 | Kochuparackal | Kurian | 52 | Pakkanikuzhy | Vinod |
| 18 | Kochuparackal | Mathew | 53 | Parayil | Sebastian |
| 19 | Koippuram | Sebastian | 54 | Parunthanolil | Thomas |
| 20 | Kokkandathil | John | 55 | Paruvummel | Joseph |
| 21 | Kollarthottam | Mathew | 56 | Peedikappara | James |
| 22 | Koottala | Paul | 57 | Periyappuram | Mathew |
| 23 | Korattiparambil | Vincent | 58 | Perumattikunnel | Mathew |
| 24 | Kottackal | Stephen | 59 | Perumattikunnel | Thomas |
| 25 | Kottaram | Jose | 60 | Pinakkattu | Joseph |
| 26 | Kulirany | Jose | 61 | Plassanal | Thomas |
| 27 | Kunnath | Johny | 62 | Ponthottiyil | Thomas |
| 28 | Kunnath | Kuriakose | 63 | Pulinthanam | Jose |
| 29 | Kuttikattukunnel | Thomas | 64 | Pullankunnel | Joy |
| 30 | Madapallikunnel | Mathew | 65 | Pulpayil | Joseph |
| 31 | Madathil | Abraham | 66 | Punakkattu | Chandy |
| 32 | Madathinakam | Leopold | 67 | Puthanapra | Kurian |
| 33 | Malayil | Mathew | 68 | Puthanpurayil | Manuel |
| 34 | Manchuvally | Joseph | 69 | Puthenpura | John |
| 35 | Mangalathil | Thomas | 70 | Puthukkulathil | John |

| | | |
|---|---|---|
| 71 | Thamaraseril | Vincent |
| 72 | Therakam | George |
| 73 | Therakam | Thomas Joseph |
| 74 | Thondiparambil | Sebastian |
| 75 | Thumbiyamkuzhy | Prince |
| 76 | Thuruthel | Joseph |
| 77 | Thuruthel | Thomas |
| 78 | Thykunnumpuram | Thomas |
| 79 | Unnipally | Sebastian |
| 80 | Vadakkemulanjanal | Michael |
| 81 | Vadayaparambil | Sony |
| 82 | Valloppilly | Joseph |
| 83 | Vazhachalil | Thomas |
| 84 | Vazhakkala | Chacko |
| 85 | Vazhappilly | Paul |
| 86 | Vazhayil | Kurian |

**Religious Fathers**

| | | |
|---|---|---|
| 1 | Chakkummootil | Jojo TOR, |
| 2 | Chirappurath | Kurian OFM |
| 3 | Ezhanikkatt | George CMI |
| 4 | Illiparambil | Chacko CMI |
| 5 | Kanjiramparambil | Johny MSFS |
| 6 | Mangalathil | Mathew CMI |
| 7 | Poovathummoottil | Thomas VC |
| 8 | Purathayil | James MST |
| 9 | Thalachira | Thomas Michael O'Carm |
| 10 | Thottathil | Mathew CMF |

## Second Batch Retreat 2009: Sep. 20 Sunday to 25 Friday

| No | House Name | Rev. FRS. Name |
|---|---|---|
| 1 | Alukka | George |
| 2 | Chakkittakudiyil | James |
| 3 | Chakkittakudy | Joseph |
| 4 | Chakkiyath | Xavier |
| 5 | Chempalayil | Augustine |
| 6 | Cherukaramuttam | Peter |
| 7 | Chettany | Thomas |
| 8 | Chettiyassery | Joseph |
| 9 | Choorapuzhayil | John |
| 10 | Chozhenparambil | John |
| 11 | Kakkattikkalayil | Sebastian |
| 12 | Kalappura | Alex |
| 13 | Kalappura | Jose |
| 14 | Kallungathara | Augustine |
| 15 | Kappiyarumalayil | Jose |
| 16 | Kappiyarumalayil | John |
| 17 | Karuthedath | Mathew |
| 18 | Kattarath | Mathew |
| 19 | Kattuthuruthiyil | Thomas |
| 20 | Kizhakkanputhupally | John |
| 21 | Kizhakkumpuram | George |
| 22 | Koikkattil | Thomas |
| 23 | Korandiyarkunnel | Paul |
| 24 | Kottayil | Joseph |
| 25 | Kulathinal | James |
| 26 | Kumbakeel | Kuriakose |
| 27 | Kumbukal | James |
| 28 | Kunnathett | James |
| 29 | Kuthukallunkal | Francis |
| 30 | Kuttimakkal | James |
| 31 | Kuzhikandathil | Joseph |
| 32 | Mampallil | George |
| 33 | Mampallil | Anto |
| 34 | Manakkattumattam | Paul |

| | | |
|---|---|---|
| 35 | Manakkunnel | Thomas |
| 36 | Mannoor | Thomas |
| 37 | Mattam | Gervasis |
| 38 | Memana | Joseph |
| 39 | Memana | George |
| 40 | Meppurath | Chacko |
| 41 | Moloparambil | Jose |
| 42 | Moolayil | Jimmy |
| 43 | Moolayil | George |
| 44 | Moonnanal | Justin |
| 45 | Moothedath | Thomas |
| 46 | Mukkattukavunkal | Thomas |
| 47 | Mundackal | Jose |
| 48 | Mundackamatam | Jose |
| 49 | Muthirakkalayil | Joseph |
| 50 | Muttathukunnel | Joseph |
| 51 | Narikuzhy | Jacob |
| 52 | Nechikkattu | Joseph |
| 53 | Nedumkallel | Joseph |
| 54 | Nellikkunnel | Francis |
| 55 | Onampally | Jerry |
| 56 | Ottaplackal | Thomas |
| 57 | Padinjarayil | George |
| 58 | Padinjarayil | Mathew (Robin) |
| 59 | Paikkattu | Mathew |
| 60 | Painumkal | Kuriakose |
| 61 | Painumkal | George |
| 62 | Palacky | Sebastian |
| 63 | Palakkattu | Augustine |
| 64 | Palath | Joseph |
| 65 | Pallichankudiyil | Mathai |
| 66 | Parambil | Kuriakose |
| 67 | Pariyappanal | Thomas |
| 68 | Perumattikunnel | John |
| 69 | Poovathinkal | Peter |
| 70 | Pudussery | Vincent |
| 71 | Pudussery | Martin |
| 72 | Punchayil | Lucka |
| 73 | Puthenpura | Augustine |
| 74 | Puthenpura | Mathew |
| 75 | Puthenpurayil | Joseph |
| 76 | Puthukulangara | Thomas |
| 77 | Thanniyil | Augustine |
| 78 | Thayyil | Jose |
| 79 | Thekkanady | Jose |
| 80 | Thuruthel | Kuriakose |
| 81 | Vadakkancheril | Robin |
| 82 | Vadayaparambil | Jose |
| 83 | Valakodiyil | Dominic |
| 84 | Vathelil | Abraham |
| 85 | Vattukunnel | Issac |
| 86 | Vazhakkattu | Joseph |
| 87 | Veliyath | Joseph |

**Religious Fathers**

| | | |
|---|---|---|
| 1 | Arimana | Joshy O.Praem |
| 2 | Chirackalpurayidom | George CMF |
| 3 | Kalapurayil | Mathew CMI |
| 4 | Kokkandathil | Jose MSFS |
| 5 | Mangatt | Anil OFM |
| 6 | Mullasseril | Joy CSs R |
| 7 | Mundanthanam | Chackochan SAC |
| 8 | Murickanolickal | Peter CMI |
| 9 | Njallampuzha | Francis CMI |
| 10 | Ponnambel | Joseph TOR |

# LIVING TOGETHER PROGRAMME & PRIESTS' CONFERENCE

കഴിഞ്ഞമാസത്തെ ബുള്ളറ്റിനില്‍ അറിയിച്ചിരുന്നതുപോലെ 1-ാം ബാച്ചിന്റെ Living Together Programme 2009 ജൂലൈ 27-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 7-മണിക്ക് ആരംഭിച്ച് 28-ാം തീയതി ചൊവ്വാഴ്ച 4 മണിക്ക് അവസാനിക്കുന്നു. 2-ാം ബാച്ചിന്റെ Living Together Programme ജൂലൈ 29-ാം തീയതി ബുധനാഴ്ച വൈകുന്നേരം ആരംഭിച്ച് 30-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. ഇതിനിടയില്‍ 29-ാം തീയതി ബുധനാഴ്ച രാവിലെ 10.30 മുതല്‍ 4 മണിവരെ Priests' Conference ഉം ഉണ്ടായിരിക്കും. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ പേരുകള്‍ താഴെ കൊടുക്കുന്നു.

## First Batch - Living Together (2009 July 27 - 28)

| Sl No. | House Name | Rev. Frs. Name | Sl No. | House Name | Rev. Frs. Name |
|---|---|---|---|---|---|
| 1 | Alukka | George | 23 | Kottaram | Jose |
| 2 | Athickal | Mathew | 24 | Kulathinal | James |
| 3 | Chakkittukudy | Jose | 25 | Kulirany | Jose |
| 4 | Chempalayil | Augustine | 26 | Kumbakeel | Kuriakose |
| 5 | Cherukaramuttam | Peter | 27 | Kumbukal | James |
| 6 | Chettaniyil | Thomas | 28 | Kunnath | Kuriakose |
| 7 | Chittoor | Joseph | 29 | Kunnath | Johny |
| 8 | Chozhenparambil | John | 30 | Kunnathett | James |
| 9 | Elavanappara | Sebastian | 31 | Kuthukallunkal | Francis |
| 10 | Elavunkal | Johny | 32 | Kuttikattukunnel | Thomas |
| 11 | Kalappura | Vincent | 33 | Kuttimakkal | James |
| 12 | Kalappura | Jose | 34 | Madapallikunnel | Mathew |
| 13 | Kaniamattam | Joseph | 35 | Madathinakam | Leopold |
| 14 | Kattarath | Mathew | 36 | Mampallil | George |
| 15 | Keelath | Augustine | 37 | Manakkattumattam | Paul |
| 16 | Keezheth | Sebastian | 38 | Manakkunnel | Thomas |
| 17 | Kizhakkumpuram | George | 39 | Manchuvally | Joseph |
| 18 | Kochuparackal | Mathew | 40 | Manikuttiyil | Kurian |
| 19 | Koipuram | Sebastian | 41 | Mankottil | James |
| 20 | Kollarthottam | Mathew | 42 | Mannoor | Thomas |
| 21 | Korandiyarkunnel | Paul | 43 | Mattam | Gervasis |
| 22 | Kottackal | Stephen | 44 | Mecheril | Joseph |

| | | |
|---|---|---|
| 45 | Memana | George |
| 46 | Memana | Joseph |
| 47 | Moloparambil | Jose |
| 48 | Moolayil | George |
| 49 | Mulavelikunnel | Jacob |
| 50 | Mundackal | Jose |
| 51 | Mundackamattam | Jose |
| 52 | Mundolickal | Paul |
| 53 | Muthirakalayil | Joseph |
| 54 | Muthukattil | Shantidas |
| 55 | Myladoor | George |
| 56 | Nanthikatt | Joseph |
| 57 | Narikuzhy | Jacob |
| 58 | Nechikatt | Joseph |
| 59 | Nedumpallil | Jacob |
| 60 | Nellickal | Abraham |
| 61 | Nellikunnel | Francis |
| 62 | Nilackappillil | Augustine |
| 63 | Ottaplackal | Thomas |
| 64 | Padinjarayil | George |
| 65 | Paikkatt | Mathew |
| 66 | Palackey | Sebastian |
| 67 | Palakatt | Augustine |
| 68 | Pallichankudiyil | Mathai |
| 69 | Parambil | Kuriakose |
| 70 | Parunthanolil | Thomas |
| 71 | Peedikappara | James |
| 72 | Perumattikunnel | Mathew |
| 73 | Pinakkattu | Joseph |
| 74 | Ponthottiyil | Thomas |
| 75 | Pudussery | Vincent |
| 76 | Punakkatt | Chandy |
| 77 | Puthenpura | John |
| 78 | Puthenpura | Augustine |
| 79 | Puthukulathil | John |
| 80 | Thamarasseril | Vincent |
| 81 | Thayyil | Jose |
| 82 | Thekkanady | Jose |
| 83 | Therakam | Thomas |
| 84 | Therakam | George |
| 85 | Thondiparambil | Joseph |
| 86 | Thuruthel | Joseph |
| 87 | Thykunnumpuram | Thomas |
| 88 | Unnippally | Sebastian |
| 89 | Vadayaparambil | Jose |
| 90 | Valloppilly | Joseph |
| 91 | Vazhachalil | Thomas |
| 92 | Vazhakkala | Chacko |
| 93 | Vazhayil | Kurian |

## Second Batch - Living Together (2009 July 29 - 30)

| Sl No. | House Name | Rev. Frs. Name |
|---|---|---|
| 1 | Aikkarathazhath | Sebin |
| 2 | Ambalathinkal | Sebastian |
| 3 | Chakiath | Xavier |
| 4 | Chakkittakudiyil | James |
| 5 | Changanamthundathil | George |
| 6 | Chelackapallil | Thomas |
| 7 | Chembakkara | James |
| 8 | Chettiyassery | Joseph |
| 9 | Choorapuzhayil | John |
| 10 | Edayakondattu | Paul |
| 11 | Elayidathu | Mani |
| 12 | Elemkunnel | Sebastian |
| 13 | Kachirayil | Thomas |
| 14 | Kakkattikalayil | Sebastian |
| 15 | Kakkonal | Manoj |
| 16 | Kalappura | Alex |
| 17 | Kallunkatharayil | Augustine |
| 18 | Kallupura | Johny |
| 19 | Kappiarumalayil | Jose |
| 20 | Kappiarumalayil | John |

| | | |
|---|---|---|
| 21 | Karuthedath | Mathew |
| 22 | Kattuthuruthiyil | Thomas |
| 23 | Kazhuthadiyil | Mathew |
| 24 | Kizhakkanputhupally | John |
| 25 | Kocharackal | Jose |
| 26 | Kochuparackal | Kurian |
| 27 | Kokkandathil | John |
| 28 | Koottala | Paul |
| 29 | Korattiparambil | Vincent |
| 30 | Kottayil | Joseph |
| 31 | Koyikattil | Thomas |
| 32 | Kudackachira | Joseph |
| 33 | Kuzhikandathil | Joseph |
| 34 | Madathil | Abraham |
| 35 | Malayil | Mathew |
| 36 | Mampallil | Anto |
| 37 | Mangalathil | Thomas |
| 38 | Maplassery | Lukose |
| 39 | Mavara | Stanislaus |
| 40 | Meppurath | Chacko |
| 41 | Moolayil | Thomas |
| 42 | Moonnanal | Justin |
| 43 | Moothedath | Mathew |
| 44 | Moothedath | Thomas |
| 45 | Mukkattukavunkal | Thomas |
| 46 | Mulakudiyankal | Varghese |
| 47 | Munjanattu | Mathew |
| 48 | Muthanikkattu | Justin |
| 49 | Muttathukunnel | Joseph |
| 50 | Nadukunnel | Abraham |
| 51 | Nedumkallel | Joseph |
| 52 | Onampally | Jerry |
| 53 | Ouseepparampil | Joseph |
| 54 | Padinjarayil | Mathew |
| 55 | Painumkal | Kuriakose |
| 56 | Painumkal | George |
| 57 | Pakkanikuzhiyil | Vinod |
| 58 | Palath | Joseph |
| 59 | Parayil | Sebastian |
| 60 | Pariyappanal | Thomas |
| 61 | Paruvummel | Joseph |
| 62 | Perumattikunnel | Thomas |
| 63 | Perumattikunnel | John |
| 64 | Plassanal | Thomas |
| 65 | Poovathinkal | Peter |
| 66 | Pudussery | Martin |
| 67 | Pulinthanam | Jose |
| 68 | Pullamkunnel | Joy |
| 69 | Pulpayil | Joseph |
| 70 | Punchayil | Lucka |
| 71 | Puthanapra | Kurian |
| 72 | Puthenpurackal | Mathew |
| 73 | Puthenpurayil | Manuel |
| 74 | Puthenpurayil | Joseph |
| 75 | Puthukulangara | Thomas |
| 76 | Thanniyil | Augustine |
| 77 | Thondiparambil | Sebastian |
| 78 | Thumbiyamkuzhy | Prince |
| 79 | Thuruthel | Kuriakose |
| 80 | Thuruthel | Thomas |
| 81 | Urumbil | Joseph |
| 82 | Vadakkancheril | Mathew |
| 83 | Vadakkel | Emmanuel |
| 84 | Vadakkemulanjanal | Michael |
| 85 | Vadayaparambil | Sony |
| 86 | Valakodiyil | Dominic |
| 87 | Vathelil | Jijo |
| 88 | Vattakkatt | Paul |
| 89 | Vattukunnel | Issac |
| 90 | Vazhakatt | Joseph |
| 91 | Vazhakkalayil | Jose |
| 92 | Vazhappilly | Paul |
| 93 | Veliyath | Joseph |

# New Address & Phone Numbers

1) Rev. Fr. Saji Elayidathu,
Dharmaram Vidya Kshethram,
P.G. Block, Bangalore - 560029
Mob: 09742171930, 09447344001

2) Rev. Fr. Joseph Kavumkal
Fathima Matha Church
Peruvannamuzhy P.O.
Kozhikode - 673528
Ph: 0496 - 2662178, Mob : 9497085919

3) Rev. Fr. Mathew Thekkepera
St. Jude Church Devagiri
Gandibagh P.O., South
Karnataka - 574228
Ph: 08251 - 212759, Mob: 09341150260, 09446165610

4) Rev. Fr. Jose Vazhakkalayil
St. Thomas Syro - Malabar Church
Near Roshan Petrol Pump
Murbad Rd., Kalyan
W., Thane - 421301
Ph: 0251 - 2323946, Mob: 09423559259

5) Rev. Fr. Biju Thondiparambil
Mob: 9656077511, 9447344746

6) Jordania Estate
Ph: 08251- 214455, Mob: 09343244670

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## അറിയിപ്പ്

വിവാഹക്കുറി (Form D) ഇംഗ്ലീഷിൽ തയ്യാറാക്കിയത് ബിഷപ്സ് ഹൗസിൽ ലഭ്യമാണ്.

**ചാൻസലർ**

## Letter for Year for Priests by Cardinal Claudio Hummes Prefect, Congregation for the Clergy

**"A Year of Prayer by Priests, With Priests and for Priests"**

Dear Priests,

The Year for Priests, announced by our beloved Pope Benedict XVI to celebrate the 150th anniversary of the death of the saintly Cure of Ars, St. John Mary Vianney, is drawing near. It will be inaugurated by the Holy Father on the 19th June, the feast of the Sacred Heart of Jesus and the World Day of Prayer for the Sanctification of Priests. The Announcement of the Year for Priests has been very warmly received, especially amongst priests themselves. Everyone wants to commit themselves with determination, sincerity and fervor so that it may be a year amply celebrated in the whole world -- in the Dioceses, parishes and in every local community -- with the warm participation of our Catholic people who undoubtedly love their priests and want to see them happy, holy and joyous in their daily apostolic labors.

It must be a year that is both positive and forward looking in which the Church says to her priests above all, but also to all the Faithful and to wider society by means of the mass media, that she is proud of her priests, loves them, honors them, admires them and that she recognizes with gratitude their pastoral work and the witness of their life. Truthfully priests are important not only for what they do but also for who they are. Sadly, it is true that at the present time some priest have been shown to have been involved in gravely problematic and unfortunate situations. It is necessary to investigate these matters, pursue judicial processes and impose penalties accordingly. However, it is also important to keep in mind that these pertain to a very small portion of the clergy. The overwhelming majority of priests are people of great personal integ-

rity, dedicated to the sacred ministry; men of prayer and of pastoral charity, who invest their entire existence in the fulfillment of their vocation and mission, often through great personal sacrifice, but always with an authentic love towards Jesus Christ, the Church and the people, in solidarity with the poor and the suffering. It is for this reason that the Church is proud of her priests wherever they may be found.

May this year be an occasion for a period of intense appreciation of the priestly identity, of the theology of the Catholic priesthood, and of the extraordinary meaning of the vocation and mission of priests within the Church and in society. This will require opportunities for study, days of recollection, spiritual exercises reflecting on the Priesthood, conferences and theological seminars in our ecclesiastical faculties, scientific research and respective publications.

The Holy Father, in announcing the Year in his allocution on the 16th March last to the Congregation for the Clergy during its Plenary Assembly, said that with this special year it is intended "to encourage priests in this striving for spiritual perfection on which, above all, the effectiveness of their ministry depends". For this reason it must be, in a very special way, a year of prayer by priests, with priests and for priests, a year for the renewal of the spirituality of the presbyterate and of each priest. The Eucharist is, in this perspective, at the heart of priestly spirituality. Thus Eucharist Adoration for the sanctification of priests and the spiritual motherhood of religious women, consecrated and lay women towards priests, as previously proposed some time ago by the Congregation for the Clergy, could be further developed and would certainly bear the fruit of sanctification.

May it also be a year in which the concrete circumstances and the material sustenance of the clergy will be considered, since they live, at times, in situations of great poverty and hardship in many parts of the world.

May it be a year as well of religious and of public celebration which will bring the people -- the local Catholic community -- to pray, to reflect, to celebrate, and justly to give honor to their priests.

In the ecclesial community a celebration is a very cordial event which expresses and nourishes Christian joy, a joy which springs from the certainty that God loves us and celebrates with us. May it therefore be an opportunity to develop the communion and friendship between priests and the communities entrusted to their care.

Many other aspects and initiatives could be mentioned that could enrich the Year for Priests, but here the faithful ingenuity of the local churches is called for. Thus, it would be good for every Dioceses and each parish and local community to establish, at the earliest opportunity, an effective program for this special year. Clearly it would be important to begin the Year with some notable event. The local Churches are invited on the 19th June next, the same day on which the Holy Father will inaugurate the Year for Priests in Rome, to participate in the opening of the Year, ideally by some particular liturgical act and festivity. Let those who are able most surely come to Rome for the inauguration, to manifest their own participation in this happy initiative of the Pope.

God will undoubtedly bless with great love this undertaking; and the Blessed Virgin Mary, Queen of the Clergy, will pray for each of you, dear priests.

**Cardinal Claudio Hummes**
Archbishop Emeritus of São Paulo
Prefect, Congregation for the Clergy

**തിരുത്ത്**

രൂപതാദിനത്തോടനുബന്ധിച്ച് നടത്തിയ ദേവാലയ സംഗീത പരിപാടിയുടെയും ഡാൻസ് പ്രോഗ്രാമിന്റെയും അവതാരകൻ കണിയാരം കത്തീഡ്രൽ ഇടവകാംഗവും കണിയാരം ജോർജ് കഴിക്കച്ചാലിൽ മെമ്മോറിയൽ സ്കൂളിലെ പ്രധാനാധ്യാപകനും അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനോടൊത്ത് ശാലോം ടെലിവിഷനിൽ 'ഉത്തരം' പരിപാടിയുടെ അവതാരകനുമായ ശ്രീ. ജോസ് പുന്നക്കുഴി സാറായിരുന്നു. സാറിന്റെ പേര് രൂപതാദിനാഘോഷങ്ങളുടെ റിപ്പോർട്ടിൽ ചേർക്കാൻ വിട്ടുപോയതിൽ ഖേദിക്കുന്നു. സാറിന് അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. **എഡിറ്റർ**



# സെമിനാരി വാർത്തകൾ

## ദൈവശാസ്ത്ര മേഖലയിലേക്ക്...

സമുന്നത പൗരോഹിത്യത്തിന്റെ മഹനീയപാത തിരഞ്ഞെടുത്തു കൊണ്ട് ആ മഹാദാനത്തിന്റെ വഴിയിൽ ഉപരിപഠനമേഖലയും പിന്നിട്ട് ദൈവശാസ്ത്രത്തിന്റെ വിളനിലത്തിലേക്ക് കാലെടുത്തുവച്ച ഞങ്ങളുടെ പ്രിയ ജ്യേഷ്ഠസഹോദരങ്ങൾക്കു ഹൃദയംഗമായ അനുമോദനങ്ങൾ.

1. കാളിയാനിയിൽ കുര്യാക്കോസ് - മംഗലപ്പുഴ സെമിനാരി
2. കാട്ടാംകോട്ടിൽ തോമസ് - വടവാതൂർ സെമിനാരി
3. കള്ളിയാട്ട് ദേവസ്യ - കുന്നോത്ത് സെമിനാരി
4. ഐക്കരകാനായിൽ തോമസ് - തൃശ്ശൂർ സെമിനാരി
5. മഠത്തിൽ സെബാസ്റ്റ്യൻ - തൃശ്ശൂർ സെമിനാരി

## തത്വശാസ്ത്ര കളരിയിലേക്ക്...

മൈനർ സെമിനാരിയെന്ന മലർവാടിയിൽനിന്ന് തത്വശാസ്ത്ര കളരിയിലെ പടവുകൾ ചവിട്ടിക്കയറുവാൻ വൈദിക പഠനത്തിന്റെ ആരംഭ ദശയും പിന്നിട്ട് വിവിധ മേജർ സെമിനാരികളിലേക്ക് യാത്ര യായ ഞങ്ങളുടെ സ്വന്തം സഹോദരങ്ങൾക്ക് എല്ലാവിധ അനുമോദന ങ്ങളും പ്രാർത്ഥനാശംസകളും ഹൃദയപ്പൂർവ്വം നേരുന്നു.

1. ചക്കുളത്തിൽ ജോസഫ് - മംഗലപ്പുഴ സെമിനാരി
2. കളപ്പുര മാത്യു - മംഗലപ്പുഴ സെമിനാരി
3. കൊച്ചുപുരയ്ക്കൽ അബ്രഹാം - മംഗലപ്പുഴ സെമിനാരി
4. അറയ്ക്കപ്പറമ്പിൽ ഇമ്മാനുവേൽ - വടവാതൂർ സെമിനാരി
5. ചക്കാലയ്ക്കൽ ജോസഫ് - വടവാതൂർ സെമിനാരി
6. കല്ലൂർക്കാട്ട് ഉലഹന്നൻ - വടവാതൂർ സെമിനാരി

| | | |
|---|---|---|
| 7. | മോളോത്ത് വർക്കി | - വടവാതൂർ സെമിനാരി |
| 8. | ചവറനാൽ തോമസ് | - കുന്നോത്ത് സെമിനാരി |
| 9. | തട്ടാംപറമ്പിൽ ജോർജ് | - കുന്നോത്ത് സെമിനാരി |
| 10. | ഏലംകുന്നേൽ ജോസഫ് | - തൃശ്ശൂർ സെമിനാരി |
| 11. | മുടിയാട്ടുപറമ്പിൽ മാത്യു | - തൃശ്ശൂർ സെമിനാരി |
| 12. | തേൻപള്ളിയിൽ സെബാസ്റ്റ്യൻ | - തൃശ്ശൂർ സെമിനാരി |

## മൗണ്ട് മേരി വിശേഷങ്ങൾ

ശ്രേഷ്ഠമായ പൗരോഹിത്യത്തിന്റെ പാതയിലേക്ക് യേശുനാഥന്റെ ദൗത്യവാഹകരായി ഞങ്ങളെ കൈപിടിച്ച് നടത്തുവാൻ പുതുതായി കടന്നുവന്ന സോണി വാഴകാട്ടച്ചനും സെബിൻ ഐക്കരത്താഴത്തച്ചനും സ്നേഹോഷ്മളമായ സ്വാഗതവും പ്രാർത്ഥനാശംസകളും. ദൈവവിളിയിൽ പ്രചോദിതരായി അദമ്യമായ ആഗ്രഹത്തോടും താല്പര്യത്തോടും മൗണ്ട് മേരി ഭവനത്തിലേക്ക് കടന്നുവന്ന എല്ലാ കുഞ്ഞനുജന്മാർക്കും ഹൃദ്യമായ സ്വാഗതവും പ്രർത്ഥനാംശസകളും.

ഈ വർഷം കടന്നുവന്ന 23 നവാഗതരിൽ 22 പേർ മാനന്തവാടി രൂപതയ്ക്കും, ഒരാൾ ഭദ്രാവതി രൂപതയ്ക്കും വേണ്ടിയാണ്.

**മാനന്തവാടി**

| | | | |
|---|---|---|---|
| 1. | ആണ്ടുതാഴത്ത് ജോർജ്ജ് | - | പുൽപ്പള്ളി |
| 2. | അരുമായിൽ ജോർജ്ജ് | - | ചോക്കാട് |
| 3. | കല്ലൂരാത്ത് മാത്യു | - | ശാന്തിഗിരി |
| 4. | കിഴക്കയിൽ മാത്യു | - | വെള്ളൂന്നി |
| 5. | കോച്ചേരിയിൽ മാത്യു | - | വിളമ്പുക്കണ്ടം |
| 6. | കുമ്പളക്കുഴി മാത്യു | - | അമ്പായത്തോട് |
| 7. | കുന്നത്ത് ലൂക്കോസ് | - | കേണിച്ചിറ |
| 8. | കുന്നുംഭാഗത്ത് സെബാസ്റ്റ്യൻ | - | നരിവാലമുണ്ട |
| 9. | മറ്റത്തിലാനിക്കൽ ജോസ് | - | പോരൂർ |
| 10. | മുളകൊടിയാങ്കൽ സെബാസ്റ്റ്യൻ | - | കോട്ടത്തറ |
| 11. | മുണ്ടയ്ക്കൽ മാത്യു | - | കുറുമ്പാല |
| 12. | പന്തയ്ക്കൽ ജോസഫ് | - | കമ്മന |
| 13. | പാറയിൽ സെബാസ്റ്റ്യൻ | - | കോട്ടത്തറ |

| | | | |
|---|---|---|---|
| 14. | പൊയ്കയിൽ ജോസഫ് | - | കുറുമ്പാല |
| 15. | പൊങ്ങലയിൽ സെബാസ്റ്റ്യൻ | - | പുൽപ്പള്ളി |
| 16. | പുത്തൻപുരയ്ക്കൽ മാത്യു | - | പയ്യമ്പള്ളി |
| 17. | റാത്തപ്പള്ളിൽ മത്തായി | - | വാഞ്ഞോട് |
| 18. | ശീവേലിൽ വർഗ്ഗീസ് | - | തലഞ്ഞി |
| 19. | തൈത്തറയിൽ പോൾ | - | തെനേരി |
| 20. | തെക്കേതിൽ അബ്രാഹം | - | കരിമ്പിൽ |
| 21. | വടക്കേടത്ത് കുര്യാക്കോസ് | - | ചെമ്പേരി |
| 22. | വട്ടക്കാട്ടുശ്ശേരി തോമസ് | - | തരിയോട് |

**ഭദ്രാവതി**

| | | | |
|---|---|---|---|
| 1. | മലയാറ്റിൽ ജോസഫ് | - | എണ്ണപ്പാറ |

**മൗണ്ട് മേരിയിലെ റെക്ടറച്ചനും,**

**കുഞ്ഞനുജന്മാരും**

# മതബോധനരംഗം

## ബഹു. വികാരിയച്ചന്മാരുടെയും, പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം

2009-2010 അധ്യയനവർഷത്തിലെ പ്രഥമസമ്മേളനം രൂപതാ വികാരി ജനറാൾ ബഹു. ജോർജ് മൂലയിൽ അച്ചന്റെ അധ്യക്ഷതയിൽ മെയ് 23-ന് രൂപതാ പാസ്റ്ററൽ സെന്ററിൽ നടന്നു. പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടി അച്ചൻ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിന് രൂപതാ മതബോധന ഡയറക്ടർ ബെന്നി മുതിരക്കാലായിൽ അച്ചൻ സ്വാഗതം പറഞ്ഞു.

വിശ്വാസ പരിശീലനരംഗത്ത് കർമ്മനിരതരാകുന്ന എല്ലാ അധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുകയും, അവരിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യം ഭംഗിയായി നിർവ്വഹിക്കുവാൻ ആഹ്വാനം നൽകുന്നതുമായിരുന്നു ബഹു. ജനറാളച്ചന്റെ സന്ദേശം. വിശ്വാസ പരിശീലനത്തിൽ പഠനവിഷയമായ ദൈവവചനം അനുദിനജീവിതത്തിൽ പ്രവർത്തികമാക്കുവാൻ രൂപതാ മതബോധനകേന്ദ്രം രൂപകൽപന ചെയ്ത "എന്റെ വചനഡയറി" യുടെ പ്രാധാന്യം ശ്ലാഘനീയമാണെന്നും, കൃത്യതയോടെ അത് ചെയ്യുവാൻ പരിശീലകരേയും പരിശീലനം നേടുന്നവരെയും ഉദ്ബോധിപ്പിച്ചു.

കഴിഞ്ഞ അധ്യയനവർഷത്തിൽ XII, X, VII, IV, ക്ലാസുകളിൽ യൂണിവേഴ്സിറ്റി, രൂപത, ഫൊറോന തലങ്ങളിൽ ഉന്നതവിജയം നേടിയ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കൽപ്പറ്റ ഡി പോൾ സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി കാതറൈൻ ടീച്ചർ കുട്ടികളെ അഭിനന്ദിച്ച് സംസാരിച്ചു. 10-ാം ക്ലാസ്സിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ജോൺ

നെടുംകൊമ്പിൽ വിജയികളുടെ പ്രതിനിധിയായി തങ്ങൾക്ക് ദൈവം തന്ന അനുഗ്രഹങ്ങൾക്ക് നന്ദി പറയുകയും, പഠിപ്പിച്ച അധ്യാപകരേയും മാതാപിതാക്കളെയും നന്ദിയോടെ അനുസ്മരിക്കുകയും ചെയ്തു.

വിശ്വാസപരിശീലന രംഗത്ത് 25 വർഷങ്ങൾ പിന്നിട്ട, ശ്രീ. സിബി നരിവേലിൽ, ശ്രീ. സിബി ജോസഫ് ചെട്ടിമാട്ടേൽ, ശ്രീ. തോമസ് തുരുത്തേൽ, ശ്രീ. സണ്ണി മൂലാശേരിൽ, ശ്രീ. സ്കറിയ പേഴത്തിനാൽ, സി. എയ്ഞ്ചൽ മേരി സി.എം.സി., സി. ഫിലോ SABS എന്നിവർക്ക് ഉപഹാരവും ഫലകവും നൽകി അനുമോദിച്ചു. അമ്പായത്തോട് സെന്റ് ജോർജ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ഫ്രാൻസീസ് സാർ, ജൂബിലേറിയൻസിനെ അനുമോദിച്ച് സംസാരിച്ചു. ജൂബിലേറിയൻസിന്റെ പ്രതിനിധിയായി ശ്രീ. തോമസ് തുരുത്തേൽ തങ്ങളുടെ സന്തോഷം പങ്കുവച്ചു. രൂപതാ മതബോധന സെക്രട്ടറി ശ്രീ. തോമസ് ഏറണാട്ട്, പുതിയ അധ്യയനവർഷത്തെ കലണ്ടറും, സിലബസും, മൂല്യനിർണ്ണയ രീതികളും പരിചയപ്പെടുത്തി. വിശ്വാസോത്സവം, നിരന്തരമൂല്യനിർണ്ണയം, വചനഡയറി, അധ്യാപക പരിശീലനം, പരീക്ഷകൾ, SAY പരീക്ഷ... തുടങ്ങിയ കാര്യങ്ങളിൽ ക്രിയാത്മകമായ നിർദ്ദേശങ്ങളും ചർച്ചകളും നടന്നു. വാർഷിക പരീക്ഷയിൽ ചില കുട്ടികളെങ്കിലും വേണ്ടത്ര പ്രാധാന്യം നൽകാതെ SAY പരീക്ഷയെ ആശ്രയിക്കുന്നതായി അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിനാൽ, അടുത്തവർഷം മുതൽ SAY പരീക്ഷ ഉണ്ടായിരിക്കുന്നതല്ല എന്ന് സമ്മേളനത്തിൽ തീരുമാനമുണ്ടായി.

രൂപതാ കോർഡിനേറ്റർ ശ്രീ. വർക്കി നിരപ്പേൽ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. ബഹു. വികാരിയച്ചന്മാരേയും, ഹെഡ്മാസ്റ്റർമാരെയും, മറ്റ് അധ്യാപകരേയും, രൂപതാ ടീം അംഗങ്ങളെയും നന്ദിയോടെ അനുസ്മരിക്കുന്നു.

**അധ്യാപകസംഗമം**

മണിമൂളി, നിലമ്പൂർ, നടവയൽ, കൊട്ടിയൂർ ഫൊറോനകളിലെ 10, 11, 12 ക്ലാസുകളിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ സംഗമം ഫൊറോന തലങ്ങളിൽ സംഘടിപ്പിച്ചു. കുട്ടികളുടെ പരിശീലനത്തിന്റെ പശ്ചാത്തലത്തിൽ വിശ്വാസപരിശീലനം ഫലപ്രദമായി നൽകുവാൻ ഉതകുന്ന ചർച്ചകളാണ് സംഗമത്തിന്റെ വിഷയം. മറ്റു ഫൊറോനകളിലും താമസിയാതെ സംഗമം സംഘടിപ്പിക്കും.

**SAY പരീക്ഷ**

X, XI ക്ലാസുകളിൽ വാർഷിക പരീക്ഷയ്ക്ക് പരാജയപ്പെട്ട കുട്ടികൾക്കായി വിവിധ കേന്ദ്രങ്ങളിൽ വച്ച് SAY പരീക്ഷ നടത്തി. പരീക്ഷ നടത്തുവാൻ സഹായിച്ച ഫൊറോന ടീം അംഗങ്ങൾക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

**വിശ്വാസോത്സവം**

ഇടവകകളിൽ വിശ്വാസോത്സവത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന X, XI, XII ക്ലാസുകളിലെ കുട്ടികൾക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വിശ്വാസോത്സവം നടത്തി. സഹായിച്ച എല്ലാവരേയും നന്ദിയോടെ അനുസ്മരിക്കുന്നു.

**MIRACLE**

പ്രശാന്തഗിരി ഇടവകയിൽ കുട്ടികൾക്കായി 'മിറക്കിൾ' സംഘടിപ്പിച്ചു. 'മിറക്കിൾ' ഭംഗിയായി നടത്തിയ തിരുഹൃദയ സഹോദരിമാർക്കും, പ്രശാന്തഗിരി വികാരിയച്ചനും അധ്യാപകർക്കും ഏറെ നന്ദി.

**അധ്യാപക പരിശീലനം**

മുൻകൂട്ടി അറിയിച്ചതുപോലെ അധ്യാപക പരിശീലനം ക്രമമായി നടക്കുന്ന IV, V, VI ക്ലാസുകളിലെ അധ്യാപകർക്ക് ജൂൺ 13, 14 ദിവസങ്ങളിലും I, II, III ക്ലാസുകളിലെ അധ്യാപകർക്ക് 19, 20, 21 ദിവസങ്ങളിലും പരിശീലനം നടന്നു. പങ്കെടുത്തവർക്കും പരിശീലകർക്കും നന്ദി. മറ്റു ക്ലാസുകാർക്ക് നിശ്ചയിക്കപ്പെട്ട ക്രമപ്രകാരം പരിശീലനം നടക്കുന്നതാണ്.

**HDC Contact Class**

HDC രണ്ടാംവർഷക്കാരുടെ ക്ലാസ് ജൂലൈ 25-നും, ആഗസ്റ്റ് 8-നും ദ്വാരക പാസ്റ്ററൽ സെന്ററിലും, ആഗസ്റ്റ് 1-ന് മണിമൂളി പാസ്റ്ററൽ സെന്ററിലും നടത്തുന്നതാണ്.

**HDC പുതിയ അഡ്മിഷൻ**

HDC യുടെ പുതിയ അഡ്മിഷനുള്ള ഫോറം ജൂലൈ 10 ന് മുമ്പായി ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കണം.

**DCC പുതിയ അഡ്മിഷൻ**

DCC യുടെ പുതിയ അഡ്മിഷനുള്ള ഫോറം ജൂലൈ 10 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## DCC പാഠപുസ്തകങ്ങൾ

DCC ഒന്നാം വർഷക്കാർ രണ്ടാം വർഷത്തെ പാഠപുസ്തകവും, രണ്ടാം വർഷക്കാർ മൂന്നാം വർഷത്തെ പാഠപുസ്തകവും രൂപതാ ഓഫീസിൽ നിന്നും കൈപ്പറ്റണം.

## സർവ്വേ ഫോറം

ഈ വർഷത്തെ സർവ്വേഫോറം ഇനിയും എത്തിച്ചിട്ടില്ലാത്തവർ ഉടനേ അത് ഓഫീസിൽ എത്തിക്കുമല്ലോ.

## +1, +2 അപേക്ഷാഫോറം

+1, +2 അപേക്ഷാഫോറം ഫൈനില്ലാതെ രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാന ദിവസം ജൂലൈ 27-ാം തീയതിയാണ്. ഫോൺ മുഖേനയും, ഫീസ് അടയ്ക്കാതെയുള്ള മുൻകൂർ രജിസ്ട്രേഷനും സ്വീകാര്യമല്ല.

## XII - ാം ക്ലാസിലെ പാഠപുസ്തകം

ഈ വർഷം കൂടി XII -ാം ക്ലാസിൽ നിലവിൽ നമ്മൾ ഉപയോഗിച്ചുപോരുന്ന പുസ്തകംതന്നെയാണ് പഠിപ്പിക്കേണ്ടത്.

## 'എന്റെ വചനഡയറി'

അധ്യയനവർഷം മുഴുവൻ നീണ്ടുനിൽക്കുന്നതാണ് വിശ്വാസോത്സവം. അധ്യയന അവസാനം അതിന്റെ ആഘോഷവും. നമ്മുടെ 'വചനഡയറി' ഓരോ ക്ലാസിനും പ്രത്യേകം തയ്യാറാക്കിയത് വി. ഗ്രന്ഥം മുഴുവനും വായിച്ചുതീരുന്ന തരത്തിലാണ്. പരീക്ഷയ്ക്ക് നിശ്ചിത ശതമാനം (സിലബസിൽ പറഞ്ഞിരിക്കുന്നതുപ്രകാരം) ചോദ്യങ്ങൾ വചനഡയറിയിൽ നിന്നും ഉണ്ടാകും.

കുട്ടികൾ എല്ലാവരും എല്ലാ ദിവസവും ബൈബിൾ വായിക്കുന്നു എന്ന് അധ്യാപകർ ഉറപ്പ് വരുത്തണം. ദൈവവചനം നമ്മുടെ പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമായിതീരണം.

## സ്നേഹപൂർവ്വം സ്വാഗതം

ഈ വർഷം ഫൊറോന മതബോധന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ നിയമിതരായിരിക്കുന്ന ബഹു. ശാന്തിദാസച്ചൻ (പയ്യംമ്പള്ളി), ബഹു. കളപ്പുര വിൻസെന്റ് അച്ചൻ (തരിയോട്), ബഹു. വാഴയിൽ കുര്യൻ അച്ചൻ (ഗൂഡല്ലൂർ) എന്നിവർക്ക് ഹൃദയപൂർവ്വകമായ സ്വാഗതം.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

**സംഘടന ശാക്തികരണ വർഷം**

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

വയലേലകളിൽ കർമ്മനിരതരായ് എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് ചെറുപുഷ്പ മിഷൻലീഗ് സംഘടന ശാക്തീകരണ വർഷത്തിന് തുടക്കം കുറിച്ചിരിക്കുകയാണല്ലോ. മാനന്തവാടി രൂപതയുടെ പ്രഥമ മെത്രാൻ ആർച്ച് ബിഷപ് മാർ ജേക്കബ് തൂങ്കുഴി പിതാവ് നിലവിളക്കിലെ തിരികൾക്ക് നാളം പകർന്നുകൊണ്ട് ഉദ്ഘാടനം ചെയ്ത ഈ ശാക്തീകരണ വർഷത്തിൽ നമുക്ക് കർമ്മോത്സുകരാകാം. അഭിവന്ദ്യ പിതാവ് നമ്മെ ആഹ്വാനം ചെയ്തിരിക്കുന്നതുപോലെ മിഷൻലീഗ് അംഗങ്ങൾ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിച്ച് ശക്തരാകണം. മിഷൻലീഗിന്റെ പ്രാർത്ഥന ആരംഭിക്കുന്നത് പരിശുദ്ധാത്മാവിനോടുള്ള ഗാനം ആലപിച്ചുകൊണ്ടാണല്ലോ. നാളിതുവരെയും മിഷൻലീഗിനെ കൈപിടിച്ച എല്ലാ മുൻകാല നേതാക്കളെയും നന്ദിയോടെ സ്മരിച്ചുകൊണ്ട് നമുക്ക് ആരംഭിക്കാം.

ജൂലൈ മാസം സംഘടന അംഗത്വമാസമായി ആചരിക്കുകയാണ്. ശാഖകളിൽ ഇതിനുമുമ്പ് പ്രവർത്തിച്ചിരുന്നവരും മിഷൻലീഗിനോട് താല്പര്യമുള്ളവരുമായ സീനിയർ അംഗങ്ങളെ വീടുസന്ദർശനത്തിലൂടെ കണ്ടെത്തുകയും അംഗങ്ങളാക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ മാസം പ്രത്യേകമായി ചെയ്യേണ്ടത്. മിഷൻലീഗ് കുട്ടികളുടെ മാത്രം സംഘടനയല്ല. ഒരു അല്മായ സംഘടനയാണ് എന്ന കാര്യം നമ്മുടെ മനസിലുണ്ടായിരിക്കട്ടെ. കാരണം പ്രേഷിത പ്രവർത്തനം കുട്ടികളുടെ മാത്രം കാര്യമല്ല മാമോദീസ സ്വീകരിച്ച ഏതൊരു വ്യക്തിയുടെയും ദൗത്യമാണ്. ഈ സംഘടന ശാക്തീകരണ വർഷത്തിൽ നമുക്ക് ദൗത്യ നിർവ്വഹണത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്താം.

എല്ലാവിധ നന്മകളും നേർന്നുകൊണ്ട് സ്നേഹപൂർവ്വം,

**ടോമിയച്ചൻ**

**കർമ്മനിരതരായി വയലേലകളിലേക്ക്....**

ചെറുപുഷ്പ മിഷൻലീഗ് 2009 - 2010 പ്രവർത്തനവർഷം ജൂൺ 13 ന് ആർച്ച് ബിഷപ് മാർ. ജേക്കബ് തൂങ്കുഴി ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ ചിറായിൽ അദ്ധ്യക്ഷത വഹിച്ചു. ശാഖാ - മേഖല - രൂപതാ ഭാരവാഹികളുടെ സംഗമം - രൂപതാ കൗൺസിലിൽ 500 ഓളം പേർ പങ്കെടുത്തു. പ്രവർത്തന വർഷ മാർഗ്ഗ രേഖ പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. ഡെന്നീസ് കഴുതാടി യിൽ പറളിക്കുന്ന് ശാഖാ ഡയറക്ടർ റവ. ഫാ. ജോസഫ് തുരുത്തേ ലിന് നൽകികൊണ്ട് പ്രകാശനം ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, രൂപതാ ജോ. ഡയറക്ടർ റവ.സി. വിജയ SABS, തുടങ്ങിയവർ പ്രവർത്തന വർഷത്തിന് ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. രൂപതയിലെ നവവൈദികരെ ചടങ്ങിൽ ആദരിച്ചു. നവവൈദികനായ റവ. ഫാ. ജെറി ഓണംപള്ളി മറുപടി പ്രസംഗം നടത്തി. ഡിപ്ലോമ റാങ്ക് ജേതാവ് ശ്രീ. ജോൺ നെടുംകൊ മ്പിന് ചടങ്ങിൽ ക്യാഷ് അവാർഡ് നൽകുകയുണ്ടായി. രൂപതാ കൗൺസിൽ അംഗങ്ങൾക്ക് 'മിഷൻലീഗും വിശ്വാസപരിശീലനവും' എന്ന വിഷയത്തെ അധികരിച്ച് അന്തർദേശിയ വൈസ് ഡയറക്ടർ റവ. ഫാ. ബെന്നി മുതിരക്കാലായിലും, 'സംഘടനയുടെ പ്രസക്തിയും പ്രവർത്തനവും' എന്ന വിഷയത്തെ അധികരിച്ച് അന്തർദേശിയ പ്രസി ഡന്റ് ശ്രീ. തോമസ് ഏറണാട്ടും ക്ലാസുകൾ നയിച്ചു. രൂപതാ ഓർഗ നൈസർ ശ്രീ. തോമസ് കല്ലറയ്ക്കൽ 2009 -2010 വർഷത്തെ മാർഗ്ഗ രേഖ അവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തു. രൂപതാ സെക്രട്ടറി സജി തറപ്പുതൊട്ടിയിൽ 2008 -09 പ്രവർത്തന വർഷ കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. റീജണൽ ഓർഗനൈസർ ശ്രീ. ജോയി മേലാടം പങ്കെടുത്തവർക്കുള്ള നന്ദി നേർന്നു.

**രൂപതാ മാനേജിംഗ് കമ്മറ്റി**

രൂപത വാർഷിക മാനേജിംഗ് കമ്മിറ്റി മെയ് 30 ന് ദ്വാരക പാസ്റ്റ റൽ സെന്ററിൽ നടന്നു. 2009-2010 വർഷത്തെ മാർഗ്ഗരേഖ യോഗത്തിൽ അവതരിപ്പിക്കുകയും ചർച്ചകൾക്കുശേഷം പാസാക്കുകയും ചെയ്തു. 2008 - 2009 പ്രവർത്തനവർഷ കണക്കും റിപ്പോർട്ടും 2009 -2010 വർഷത്തെ ബഡ്ജറ്റും യോഗത്തിൽ അവതരിപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തു. മേഖല ഭാരവാഹികൾ മേഖല പ്രവർത്തനങ്ങൾ വിശദീകരിക്കുകയും വിലയിരുത്തുകയും ചെയ്തു.

## ഹൃദയപൂർവ്വം നന്ദി...

കർമ്മധീരതയോടെ മേഖല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി മേഖല ഡയറക്ടർ സ്ഥാനത്തുനിന്ന് വിരമിക്കുന്ന പയ്യമ്പള്ളി മേഖല ഡയറക്ടർ റവ. ഫാ. ശാന്തിദാസ്, നടവയൽ മേഖല ഡയറക്ടർ റവ. ഫാ. ജോസഫ് തുരുത്തേൽ, കല്പ്പറ്റ മേഖല ഡയറക്ടർ റവ ഫാ. സജി ഇളയിടം എന്നിവരെ രൂപതാ നേതൃത്വം സ്നേഹപൂർവ്വം ഓർക്കുകയും പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഏകിയ സേവനത്തിനും, പ്രോത്സാഹനത്തിനും, നിർദ്ദേശങ്ങൾക്കും ഹൃദയപൂർവ്വം നന്ദി നേരുകയും ചെയ്യുന്നു. മേഖല പ്രവർത്തനങ്ങളോടൊന്ന് ചേർന്ന് പ്രവർത്തിച്ച് മേഖല ജോ. ഡയറക്ടർ സ്ഥാനത്തുനിന്ന് വിടവാങ്ങുന്ന സി. റീന CMC തരിയോട് മേഖല, സി. ദീപ MSMI നിലമ്പൂർ മേഖല, സി. ടീന SCV പയ്യമ്പള്ളി മേഖല, സി. ഷീബ MSMI ഗൂഡല്ലൂർ, സി. ജസ്സി SH കൊട്ടിയൂർ മേഖല ഇവരെയും സ്നേഹപൂർവ്വം ഓർക്കുന്നു. മിഷൻലീഗിന്റെ കർമ്മവീഥികളെ ധന്യമാക്കിയ സേവനങ്ങൾക്ക് ഹൃദ്യതയോടെ നന്ദി അറിയിക്കുന്നു.

## സ്വാഗതം... സുസ്വാഗതം

മിഷൻലീഗ് പ്രസ്ഥാനത്തിന് ഉണർവ്വും ഉത്തേജനവുമായി കടന്നുവരുന്ന പുതിയ ഡയറക്ടേഴ്സിന് മിഷൻലീഗ് കുടുംബത്തിലേയ്ക്ക് ഹൃദ്യതയോടെ സ്വാഗതം ചെയ്യുന്നു.

| | |
|---|---|
| റവ. ഫാ. സണ്ണി മഠത്തിൽ | - പയ്യമ്പള്ളി മേഖല |
| റവ. ഫാ. തോമസ് കാട്ടുതുരുത്തി | - നടവയൽ മേഖല |
| റവ. ഫാ. പീറ്റർ മുരിക്കനോലിക്കൽ CMI | - കൽപ്പറ്റ മേഖല |

## മേഖല ജോ. ഡയറക്ടേഴ്സ്

| | |
|---|---|
| റവ. സി. ജോസ്മി CMC | - ഗൂഡല്ലൂർ മേഖല |
| റവ. സി. ജീന SH | - കൊട്ടിയൂർ മേഖല |
| റവ. സി. ജെസ്ന FCC | - തരിയോട് മേഖല |
| റവ. സി. മേഴ്സിന CMC | - നിലമ്പൂർ മേഖല |

ഓജസും തേജസുമാർന്ന പ്രവർത്തനങ്ങളിലൂടെ മിഷൻലീഗിനെ കർമ്മധീരമായ് നയിക്കാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കർമ്മവീഥിയിൽ എല്ലാവിധ ആശംസകളും ഭാവുകങ്ങളും.

**അംഗത്വമാസാചരണം – ജൂലൈ 1 – 31 വരെ**

'സംഘടനാ ശാക്തീകരണ വർഷ' ത്തോടനുബന്ധിച്ച് ഭവന സന്ദർശനങ്ങളിലൂടെ മിഷൻലീഗിൽ താൽപ്പര്യമുള്ളവരെ കണ്ടെത്തുകയും അംഗങ്ങളാക്കുകയും ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ പരിപാടികൾ ശാഖാതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

**ശാഖാ ജോ. ഡയറക്ടേഴ്സ് സമ്മേളനം – ജൂലൈ 10, 11 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ**

മിഷൻലീഗിന്റെ ശാഖാ പ്രവർത്തനങ്ങൾക്ക് ഓജസും തേജസുമേകുന്ന ശാഖാ ജോ. ഡയറക്ടേഴ്സിന്റെ യോഗം ജൂലൈ 10 ന് വെള്ളിയാഴ്ച 6 PM ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കും. 11 ന് ശനിയാഴ്ച 2 PM ന് സമ്മേളനം സമാപിക്കും. ശാഖയിൽ നിന്നുള്ള ജോ. ഡയറക്ടേഴ്സ് നിർബന്ധമായും സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്: വരുമ്പോൾ കൈവശം കരുതേണ്ട രേഖകൾ

a) ശാഖാ പ്രവർത്തന മാർഗ്ഗരേഖ – 2009 – 2010
b) ജൂൺ മാസ പ്രവർത്തനറിപ്പോർട്ട്

**മേഖല ടീം യോഗം – ജൂലൈ 20, 21 ന് ബോയ്സ് ടൗണിൽ**

മേഖല പ്രവർത്തനങ്ങൾ കരുത്തോടെ മുന്നോട്ടുകൊണ്ടുപോകാൻ മേഖല ഭാരവാഹികളെ സഹായിക്കാനായി രൂപീകരിച്ചിട്ടുള്ള മേഖല ടീം അംഗങ്ങൾക്കുള്ള പരിശീലനം ജൂലൈ 20, 21 തീയതികളിൽ ബോയ്സ് ടൗണിൽ വെച്ച് നടക്കുന്നതാണ്. ജൂലൈ 20 ന് 6 PM-ന് എല്ലാ ടീം അംഗങ്ങളും എത്തിച്ചേരാനാവശ്യമായ ക്രമീകരണം മേഖലാ ഭാരവാഹികൾ ചെയ്യുമല്ലോ.

**മേഖല ഡയറക്ടർ – ജോ. ഡയറക്ടർ സംഗമം**

മേഖലയുടെ പ്രവർത്തനങ്ങൾക്ക് ചൂടും ചൂരുമേകുന്ന മേഖല ഡയറക്ടർ, ജോ. ഡയറക്ടർ സംഗമം ജൂലൈ 30 ന് വൈകുന്നേരം 6 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കും.

**CML ക്വിസ്സ് മത്സരത്തിന് പുസ്തകം**

ക്വിസ്സ് മത്സരങ്ങൾക്കുള്ള "മിഷൻലീഗ് ചക്രവാളത്തിലെ സൂര്യതേജസ്സുകൾ" എന്ന പുസ്തകം രൂപതാ ഓഫീസിൽ ലഭ്യമാണ്.

**ലോഗോസ് 2009**
**വചനപഠനത്തിനും വിചിന്തനത്തിനും**
**10 -ാം അഖിലകേരള ബൈബിൾ ക്വിസ്**

പഠനഭാഗം - ഉൽപ്പത്തി 27 - 50 അദ്ധ്യായങ്ങളും ഫിലിപ്പിയർക്ക് എഴുതിയ ലേഖനവും. (പങ്കെടുക്കുന്നവരെ ABCDE എന്നീ 5 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

A വിഭാഗം : 01 - 01 -1998 ന് ശേഷം ജനിച്ചവർ
B വിഭാഗം : 01 - 01 -1993 നും 31 -12 -1997 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം : 01 - 01 -1978 നും 31 - 12 -1992 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം : 01 - 01 -1958നും 31 - 12 -1977 നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം : 31 - 12 -1957 ന് മുമ്പ് ജനിച്ചവർ

**രജിസ്ട്രേഷൻ 2009 ജൂൺ 15 മുതൽ 2009 ജൂലൈ 31 വരെ. രജിസ്ട്രേഷൻ ഫീസ് 10 രൂപ.**

രൂപതാതല പരീക്ഷ 2009 ഒക്ടോബർ 11 -ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്. പഠിക്കാനായി ഉപയോഗിക്കേണ്ട മലയാളം ബൈബിൾ പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് RSV ബൈബിളുമാണ്. ഇടവകയിലെ മുഴുവൻ വ്യക്തികളും പങ്കെടുക്കാനാവശ്യമായ ക്രമീകരണം നടത്തുമല്ലോ.

**ശാഖാ വാർത്തകൾ**

*ജൂഡ്സ്മൗണ്ട്* - വാർഷികം നടത്തി.
*വെള്ളമുണ്ട* - സിമിത്തേരി സന്ദർശനം നടത്തി.
*കരിമ്പിൽ* - പള്ളിപരിസരം വൃത്തിയാക്കി
*ദീപ്തിഗിരി* - സിമിത്തേരി സന്ദർശനം നടത്തി.
*തരിയോട്* - വചന ആൽബം തയ്യാറാക്കി.
*ബത്തേരി* - ഭവനസന്ദർശനം നടത്തി.
*പാൽച്ചുരം* - പള്ളിപരിസരം വൃത്തിയാക്കി.
*വെള്ളൂന്നി* - തൊഴിലാളി ദിനം ആചരിച്ചു. തൊഴിലിന്റെ മാഹാത്മ്യത്തെക്കുറിച്ച് ക്ലാസുകൾ നൽകി.
*പനവല്ലി* - രോഗിസന്ദർശനം നടത്തി.
*പ്രശാന്തഗിരി* - സാഹിത്യശില്പശാല നടത്തി.
*ആലാറ്റിൽ* - കായികമേള നടത്തി.

**ഒറീസ സഹായനിധി തന്ന ശാഖകൾ**

കടൽമാട്, കാട്ടിക്കുളം.

**സംസ്ഥാന പ്രവർത്തക അംഗത്വഫീസ് 1 രൂപ തന്ന ശാഖകൾ**

പുഴമുടി, വടക്കനാട്, കടൽമാട്, കാട്ടിക്കുളം

**കാണിക്ക തന്ന ശാഖകൾ**

പോരൂർ – 550, ആലാറ്റിൽ – 300, നെല്ലിയോടി – 50, ഇരുളം – 100, പുതുശ്ശേരിക്കടവ് – 131, ആടിക്കൊല്ലി – 200, വിമലഗിരി – 850, റൂബിനഗർ – 50, മംഗളം – 178, വൈത്തിരി – 270, മച്ചിക്കൊല്ലി – 100, കുന്നൂർ – 300, മീനങ്ങാടി – 200, വാകേരി – 100, മണൽവയൽ – 100, അമ്പലവയൽ – 300, കണിയാമ്പറ്റ – 100, കൽപ്ര – 626, കല്ലോടി – 1381, കൊട്ടിയൂർ – 537, പാടിച്ചിറ – 250, കുന്നലാടി – 120, ഞാറപ്പാടം – 31, പ്രശാന്തഗിരി – 130, ബത്തേരി – 1300, കാരയ്ക്കാമല – 500, കൊമ്മയാട് – 100, ഇടയൂർക്കുന്ന് – 60, മാർട്ടിൻ നഗർ – 450, അടയ്ക്കാതോട് – 204, വാളവയൽ – 100, തോമാട്ടുചാൽ – 300, പട്ടാണിക്കൂപ്പ് – 350, വെള്ളമുണ്ട – 136, അരുൾനിലയം – 235, പാറത്തോട്ടം – 50, ജൂഡ്സ്മൗണ്ട് – 310, കമ്മന – 60, കൊളവയൽ – 200, ബോയ്സ് ടൗൺ – 42, പറളിക്കുന്ന് – 100, കബനിഗിരി – 100, ഒറ്റപ്ലാവ് – 160, വെള്ളൂന്നി – 3500, കയ്യൂന്നി – 150, തലഞ്ഞി – 300, തേൾപ്പാറ – 500, വഞ്ഞോട് – 350, കാട്ടിക്കുളം – 100, പാലേമാട് – 337, മുട്ടിയേൽ – 240, തവിഞ്ഞാൽ 30, കേണിച്ചിറ – 200, തൃശിലേരി – 150, മഞ്ഞൂറ – 50, കടൽമാട് – 100.

**ജൂലൈ മാസത്തെ ചിന്തകളും പ്രവർത്തനങ്ങളും**

*ജൂലൈ 1 :–* അംഗത്വമാസാചരണാരംഭം, ഭവനസന്ദർശനത്തിലൂടെ അംഗങ്ങളെ കണ്ടെത്തുക

*03 വെള്ളി :–* വി. തോമാശ്ലീഹായുടെ തിരുനാൾ മിഷൻലീഗ് ബാഡ്ജ് ധരിച്ച് പൊതുദിവ്യകാരുണ്യ സ്വീകരണം, അസാധാരണ സമ്മേളനം, പ്രേഷിത റാലി.

*05 ഞായർ :–* രൂപതാ രക്ഷാധികാരി ദിനം. മാർ ജോസ് പൊരുന്നേടം പിതാവിന് ആശംസകൾ നേരുന്നു, പ്രാർത്ഥിക്കുന്നു.

*08 ബുധൻ :–* 'എവുക്കരിസ്ത്യ' മാനന്തവാടി മേഖലയിലെ ശാഖകളിൽ ആരംഭിക്കുന്നു. 1 മണിക്കൂർ ആരാധന, ഓരോ ശാഖയ്ക്കും അനുവദിക്കപ്പെട്ട ദിനം മാർഗ്ഗരേഖയിൽ നിന്ന് കണ്ടെത്തുക.

*10 വെള്ളി :–* ശാഖാ. ജോ. ഡയറക്ടേഴ്സ് സമ്മേളനം ദ്വാരക – 6 PM.

*12 ഞായർ :–* മിഷൻ – 2009 ശാഖാസന്ദർശനം, സെമിനാർ കല്പ്പറ്റ മേഖലയിലെ ശാഖകളിൽ

*19 ഞായർ :–* മിഷൻ – 2009 – ശാഖാ സന്ദർശനം സെമിനാർ പുൽപ്പള്ളി മേഖലയിലെ ശാഖകളിൽ

*20 തിങ്കൾ :–* മേഖലാ ടീം ട്രെയിനിംഗ് – 6 PM.

*26 ഞായർ :–* വിഷൻ – 2009 – ശാഖാ സന്ദർശനം സെമിനാർ കൊട്ടിയൂർ മേഖലയിലെ ശാഖകളിൽ.

എവുകരിസ്ത്യാ – പയ്യമ്പള്ളി മേഖലയിലെ ശാഖകളിൽ ആരംഭിക്കുന്നു.

*28 ചൊവ്വ :–* വി. അൽഫോൻസാമ്മയുടെ തിരുനാൾ പൊതുദിവ്യകാരുണ്യ സ്വീകരണം, അസാധാരണ സമ്മേളനം.

*30 വ്യാഴം :–* മേഖലാ ഡയറക്ടർ – ജോ. ഡയറക്ടർ സമ്മേളനം, രൂപത സാഹിത്യമത്സര ലിസ്റ്റ്, ലോഗോസ് ക്വിസ് രജിസ്ട്രേഷൻ രൂപതയിൽ എത്തിക്കേണ്ട അവസാന ദിനം.

*വാർത്താ ബോഡിലേയ്ക്ക് :–* വി. തോമാശ്ലീഹാ, വി. അൽഫോൻസാമ്മ, വൈദിക വർഷവുമായി ബന്ധപ്പെട്ട വാർത്തകൾ, കൊളാഷുകൾ, പോസ്റ്ററുകൾ, പഠനവിഷയ സന്ദേശങ്ങൾ.

*പഠനവിഷയം :–* വി. തോമാശ്ലീഹായുടെ പ്രേഷിതത്വം.

*പ്രാർത്ഥനാ നിയോഗം :–* എല്ലാ മിഷൻലീഗ് പ്രവർത്തകർക്കും ഭാരവാഹികൾക്കും വേണ്ടി.

*സുകൃതജപം:–* വി. അൽഫോൻസാമ്മേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**

രൂപതാസെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളേ,

രൂപതയിലെ മുഴുവൻ യുവജനങ്ങൾക്കും യുവജനദിനാശംസകൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. യുവത്വം – ദർശനങ്ങളും ചിന്തകളും നൂതനമായ പ്രവർത്തന ശൈലിയിലൂടെ തുന്നിച്ചാർത്തിയ പൊൻതൂവലുകളുടെ തിളക്കമാർന്ന സുന്ദരകാലം. കാലത്തിന്റെ തേരിൽ സമൂഹത്തിന്റെ സ്പന്ദനങ്ങൾ ഹൃദയത്തിലേറ്റെടുത്ത്, നേരും നെറിവും തിരിച്ചറിഞ്ഞ് – ശില്പികളാവുന്നവരുടെ യുവത്വം... സുന്ദരമാണ് – പ്രൗഢഗംഭീരമാണ് ഈ ദിനം..

ക്രിസ്തുദർശനത്തിലൂന്നിയ ജീവിതശൈലി, വാക്കിലും, നോക്കിലും, പ്രവർത്തിയിലും ചിന്തയിലും, സുവിശേഷത്തിലെ ജ്വലിക്കുന്ന യേശുവിന്റെ മുഖം നിങ്ങളിൽ തെളിയട്ടെ നാളത്തെ സമൂഹത്തെ രൂപപ്പെടുത്തുവാൻ. യുവജനങ്ങളെ സ്നേഹിക്കുക, അംഗീകരിക്കുക അവരുടെ ക്രിയാത്മകമായ നന്മകൾ ആവിഷ്കരിക്കാൻ അവസരം നൽകി സഭയ്ക്കും സമൂഹത്തിനും സ്വീകാര്യമായ വ്യക്തിത്വം രൂപീകരിക്കുവാൻ – അതുവഴിയായി ഒരു 'യുവജനസൗഹൃദസഭ' – രാഷ്ട്രം – വളർന്ന് വരാനായി നമുക്ക് കരങ്ങൾ കോർക്കാം. 15–ാം വയസ്സിലെ മാനന്തവാടി രൂപതയുടെ യുവജന പ്രസ്ഥാനം വളർച്ചയുടെ പടവുകൾ താണ്ടി 109 യൂണിറ്റുകൾ രൂപപ്പെടുത്തി വളരെ സജീവമായി രൂപതയുടെ ധാർമ്മിക യുവജനസ്വരമായി മാറിയിരിക്കുന്നു. സമകാലീന സാമൂഹ്യ ചുറ്റുപാടുകളിൽ ഒഴിവാക്കാനാവാത്ത പ്രസ്ഥാനമായി, ഏവരാലും ശ്രദ്ധിക്കപ്പെടുന്ന ധാർമ്മിക സ്വരമായി, രാഷ്ട്രീയ മേഖലകളിൽ പോലും നിറഞ്ഞ ചിന്താധാരകളുമായി സജീവ ശുശ്രൂഷയിലായിരിക്കുന്ന കെ.സി.വൈ.എം. ന് അഭിനന്ദനങ്ങൾ. വളരെ പ്രത്യേകമായി യൂണിറ്റുകളിൽ – യുവജന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന

വികാരിയച്ചന്മാരെയും, ആനിമേറ്റർ സിസ്റ്റർമാരെയും, ഭാരവാഹിക ളെയും, മേഖലകളിൽ നേതൃത്വം നൽകുന്ന മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവർക്കും ഒപ്പം കൂടെനിന്ന് സർവ്വ പിന്തുണയും പ്രോത്സാഹനവും നൽകി യുവതയെ നയിക്കുവാൻ ഊർജ്ജം തരുന്ന രൂപതാ സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ – എല്ലാവർക്കും അഭിനന്ദനങ്ങളും, നന്ദിയും കടപ്പാടും സ്നേഹപൂർവ്വം – യുവജനദിനാശംസകളോടെ നേരുന്നു.

സ്നേഹപൂർവ്വം,

**സണ്ണിയച്ചൻ**

**യുവജനദിനം ഭംഗിയാക്കാൻ ചില നിർദ്ദേശങ്ങൾ നൽകട്ടെ.**

★ ജൂലൈ 5 യുവജനദിനമായി ഇടവകയിൽ ആചരിക്കുക, അന്നേ ദിവസം സർക്കുലർ വായിച്ച് വിശദീകരിക്കുക.

★ ജൂൺ 28-ന് ഞായറാഴ്ച ഭാരവാഹികൾ ഒരുമിച്ചുകൂടി പരിപാടി കൾ ക്രമീകരിക്കുക.

★ ഇടവകയിലെ +1 മുതൽ 35 വയസ് പ്രായമുള്ള എല്ലാ യുവജന ങ്ങളെയും വി. ബലിയിൽ പങ്കെടുപ്പിക്കുക.

★ വി. ബലിയിലെ വായനകൾ, കാഴ്ചവയ്പ്പ്, ഗാനശുശ്രൂഷ എന്നി വയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകുക.

★ വി. ബലിയ്ക്ക് ശേഷം വിശ്വാസ സംരക്ഷണ പ്രതിജ്ഞ ചെയ്യുക.

★ വി. ബലിയ്ക്കുശേഷം മീറ്റിംഗ്, സെമിനാർ, ക്യാമ്പ്, സാമൂഹ്യ പ്രവർത്തനം, തൈനടീൽ, അര മണിക്കൂർ ആരാധന, etc. എന്നി വയിൽ ഒന്നെങ്കിലും ക്രമീകരിക്കുക.

★ മുതിർന്ന കെ.സി.വൈ.എം. പ്രവർത്തകരെ ആദരിക്കുക.

★ വിദൂരത്ത് ജോലിക്കായി, പഠനത്തിനായി പോയ യുവജനങ്ങളെ ആശംസകൾ അറിയിക്കുക.

★ വികാരിയച്ചൻ, ആനിമേറ്റർ, കൈക്കാരന്മാർ, യുവജനങ്ങൾ ഒരു മിച്ച് ഭക്ഷണം കഴിക്കുക.

★ സർക്കുലർ വായിച്ച് ചർച്ച ചെയ്ത് ഭാവിപരിപാടികൾ ആവിഷ്ക രിക്കുക.

★ അന്നേദിവസം പ്രത്യേകമായ സ്തോത്രക്കാഴ്ച എടുത്ത് രൂപതാ കേന്ദ്രത്തിലെത്തിക്കുക.

**READY- മേഖലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് സംഗമം**

ജൂലൈ 25 വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക് രൂപതയിലെ വിവിധ മേഖലാ ഡയറക്ടർമാരുടെയും മേഖലാ ആനിമേറ്റർമാരുടെയും യോഗം ദ്വാരക പാസ്റ്ററൽ സെന്ററിൽ കൂടുന്നു.

## Anima - 09 - യൂണിറ്റ് ആനിമേറ്റർമാരുടെ സംഗമം

രൂപതയിലെ മുഴുവൻ ഇടവകകളിലെയും ആനിമേറ്റർമാരുടെ സംഗമം ജൂലൈ 21 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് കൂടുന്നു. ഉപേക്ഷ വിചാരിക്കാതെ, നിർബന്ധമായും എല്ലാ ആനിമേറ്റർമാരും പങ്കെടുക്കണം. അതിനായി വരുമ്പോൾ - അംഗത്വലിസ്റ്റ് - ഇടവകയിലെ ഭാരവാഹികളുടെ അഡ്രസ്, ഫോൺ നമ്പർ സഹിതം, ഇടവകയിൽ നിന്ന് ദൂരെ പഠനത്തിന്, ജോലിക്ക് പോയവരുടെ ലിസ്റ്റ് എന്നിവ കൊണ്ടുവരാൻ ശ്രദ്ധിക്കണം.

**ദേശം - 09 - ഒരു വിജയഗാഥ**

ഏപ്രിൽ, മെയ് മാസങ്ങളിലൂടെ മേഖലാതലങ്ങളിൽ നടന്ന ദേശം-09 എന്ന ദ്വിദിന യുവജന ശില്പശാല അറിവും, അനുഭവവും, ചിന്തകളും മൂല്യങ്ങളും നൽകി വിജയഗാഥ നടത്തി. വിജയത്തിനായി സഹകരിച്ച് എല്ലാ റിസോഴ്സ് പേഴ്സൺസിനും, മേഖലാ യൂണിറ്റ് ഡയറക്ടർമാർ, ആനിമേറ്റർമാർ, ഭാരവാഹികൾ, കൈക്കാരന്മാർ എന്നിവർക്കും വളരെ ഹൃദ്യമായ നന്ദി.

**സംസ്ഥാന വനിതാസംഗമം - ചാലക്കുടിയിൽ ജൂലൈ 24-26**

ഇരിങ്ങാലക്കുട രൂപതയുടെ ആതിഥേയത്വത്തിൽ ജൂലൈ 24, 25, 26 തീയതികളിൽ ചാലക്കുടി സേക്രട്ട്ഹാർട്ട് കോളേജിൽ വച്ച് നടക്കുന്നു. രൂപതയിൽ നിന്ന് കഴിയുന്നതും ആളുകൾ പങ്കെടുക്കുമല്ലോ.

**ജീവ - 09 - രക്തദാനസേന**

രൂപതയിലെ വനിതാ ദിനത്തോടനുബന്ധിച്ച് യുവജനങ്ങളുടെ രക്തഗ്രൂപ്പ് നിർണ്ണയം നടത്തി. നൂറോളം വനിതകളുടെ രക്തഗ്രൂപ്പ് നിർണ്ണയം നടത്തിയ ജീവ-09 രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം ഉത്ഘാടനം ചെയ്തു. രക്തഗ്രൂപ്പ് നിർണ്ണയത്തിന് നേതൃത്വം നൽകിയ മാനന്തവാടി സെന്റ് ജോസഫ് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. ജോസഫ് മേച്ചേരിക്കും, നഴ്സസ് സ്റ്റാഫിനും സ്നേഹപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.

വിവിധ മേഖലാ കേന്ദ്രങ്ങളിൽ തുടർന്നും രക്തഗ്രൂപ്പ് നിർണ്ണയം നടത്തി - രക്തം ദാനം ചെയ്യുവാൻ സന്നദ്ധരായവരുടെ പേര് വിവരം രൂപതാ ഓഫീസിൽ സൂക്ഷിക്കുകയും, ആവശ്യക്കാർക്ക് രൂപതാ ഓഫീസുമായി ബന്ധപ്പെട്ട് രക്തം ദാനം ചെയ്യാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതുമാണ്.

**അർദ്ധവാർഷിക സെനറ്റ് - ജൂലൈ 11**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ അർദ്ധവാർഷിക സെനറ്റ് ദ്വാരക എ.യു.പി. സ്കൂളിൽ ജൂലൈ 11 -ന് ശനിയാഴ്ച കൂടുന്നതായിരിക്കും. എല്ലാ മേഖലാ, രൂപതാ ഭാരവാഹികളും നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**യൂണിറ്റ്തല സന്ദർശനം**

യൂണിറ്റ്തല സന്ദർശനം ആഗസ്റ്റിൽ ആരംഭിക്കുന്നു. ആഗസ്റ്റ് മാസത്തിലെ ഞായറാഴ്ചകളിൽ രൂപതാ ടീമംഗങ്ങൾ രൂപതയിലെ ഓരോ മേഖലകൾ ക്രമീകരിച്ച് യൂണിറ്റുകളിൽ സന്ദർശനം നടത്തുന്നതായിരിക്കും. വിശദവിവരങ്ങൾ അർദ്ധവാർഷിക സെനറ്റിൽ അറിയിക്കുന്നതായിരിക്കും.

**അഭിനന്ദനങ്ങൾ**

- നിയുക്ത ബക്സർ രൂപതാ ബിഷപ് മാർ സെബാസ്റ്റ്യൻ കല്ലുപുരയ്ക്ക് മാനന്തവാടി രൂപതാ യുവജന സംഘടനയുടെ പ്രാർത്ഥനാശംസകൾ.

- ഭാരതത്തിൽ 15-ാ മത് ഭരണസാരഥ്യം ഏറ്റെടുത്ത യുപിഎ സർക്കാരിനും പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗിനും ടീമംഗങ്ങൾക്കും അനുമോദനങ്ങൾ.

- ലോകസഭയുടെ വനിതാ സ്പീക്കറായി ചുമതലയേറ്റ മീരാ കുമാറിന് അനുമോദനങ്ങൾ.

- വയനാടിന്റെ അഭിമാനമായി പാർലമെന്റിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ബഹു. എം.ഐ. ഷാനവാസ് എം.പി. ക്ക് അനുമോദനങ്ങൾ.

**മേഖലാ വാർത്തകൾ**

**ആത്മീയം - 2009 പന്തക്കുസ്താ ജാഗരണ പ്രാർത്ഥന**

പ്രവർത്തനങ്ങളിൽ ധാർമ്മികതയും, ഊർജ്ജവും, ശക്തിയും നേടുവാൻ മാനന്തവാടി രൂപതയിലെ യുവജനങ്ങൾ ഒരു രാവ് മുഴു

വൻ തമ്പുരാനോടൊത്ത് ചെലവഴിക്കുന്ന ജാഗരണപ്രാർത്ഥന 'ആത്മീയം-09' കേണിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വച്ച് നടന്നു. ത്യാഗപൂർവ്വം നിയോഗങ്ങൾ സമർപ്പിച്ച്, സ്തുതിഗീതങ്ങളുടെ മധ്യേ തീക്ഷ്ണതയോടെ പ്രാർത്ഥിച്ച് ആത്മാവിന്റെ ശക്തി നേടി പരസ്നേഹത്തിന്റെ വക്താക്കളായി കർമ്മോത്സുകരാകുവാൻ 'ആത്മീയം' ജാഗരണ പ്രാർത്ഥന യുവജനങ്ങളെ ഏറെ സഹായിച്ചു.

മാനന്തവാടി രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോർജ് മൂലയിൽ ആത്മീയം 2009 ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് അനീഷ് ഓമക്കര അധ്യക്ഷനായിരുന്നു. ഇടവക വികാരി റവ.ഫാ. തോമസ് തൈക്കുന്നുംപുറം വചനപ്രതിഷ്ഠ നടത്തി. രൂപതാഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, ബിജു മാത്യു അരീക്കാട്ട്, ലിജി കളരിക്കൽ, സജിൻ ചാലിൽ, മനു കൈപള്ളിമാലിൽ എന്നിവർ പ്രസംഗിച്ചു. സന്തോഷ് ഞാറക്കുളം, നീന വടക്കേൽ, ഷിന്റോ മുള്ളങ്കുഴി, ജെസ്സോയി, ബിനോയി പാനികുളം എന്നിവർ നേതൃത്വം നൽകി. പുൽപ്പള്ളി ടൗൺ ചർച്ച് വികാരി റവ.ഫാ. ജോൺ പുതുക്കുളം, പഴശ്ശിരാജ കോളേജ് അധ്യാപകൻ ശ്രീ. സജി മുണ്ടോക്കുഴി എന്നിവർ ക്ലാസുകൾ നയിച്ചു. തുടർന്ന് ആരാധന, കുമ്പസാരം, ഗാനമഞ്ജരി, വി.കുർബാന എന്നിവയുണ്ടായിരുന്നു. ആത്മീയം - 09 ൽ 250 പേർ പങ്കെടുത്തു. ജാഗരണ പ്രാർത്ഥന 31-ന് രാവിലെ 6.00 മണിക്ക് സമാപിച്ചു. കേണിച്ചിറ യൂണിറ്റിനും, വികാരിയച്ചനും, പങ്കെടുത്ത, പ്രോത്സാഹനം നൽകിയ ഏവർക്കും നന്ദി.

## ഹരിതം - 09 - പരിസ്ഥിതിവാരാഘോഷവും, വിത്ത് വിതരണവും

ആസന്നമായ പ്രകൃതിയുടെ മരണത്തെ ചെറുത്തുതോൽപ്പിച്ച് സമ്പന്നത നഷ്ടപ്പെടുന്ന പുഴകളെയും, നഷ്ടമായിക്കൊണ്ടിരിക്കുന്ന പൈതൃകങ്ങളെയും മറന്നുപോയ ജൈവകൃഷിരീതികളെയും വീണ്ടെടുക്കുവാൻ ഒരുണർത്തുപാട്ടിന്റെ മനോഹാരിതയിൽ കെ.സി.വൈ.എം. മാനന്തവാടി രൂപത 'ഹരിതം-09' എന്ന പേരിൽ പരിസ്ഥിതി വാരാഘോഷം നടത്തി. വിവിധ യൂണിറ്റുകളിൽ ഇതിന്റെ ഭാഗമായി വ്യത്യസ്തതയാർന്ന പരിപാടികൾ നടത്തി. ജൂൺ 7-ന് പയ്യമ്പള്ളി മേഖലയിലെ കമ്മന യൂണിറ്റിൽ വച്ച് സമാപന സമ്മേളനം നടത്തി. മിജാർക്ക്

ഏഷ്യൻ പ്രതിനിധി ശ്രീ. ബിജുമാത്യു അരീക്കാട്ട് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസി. അനീഷ് ഓമക്കര, ഡയറക്ടർ, റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, പയ്യംപള്ളി മേഖലഡയറക്ടർ റവ.ഫാ. പ്രിൻസ് തുമ്പി യാംകുഴി, കമ്മന യൂണിറ്റ് ഡയറക്ടർ റവ.ഫാ. മാത്യു കാട്ടറാത്ത്, ലിജി കളരിക്കൽ, സജിൻ ചാലിൽ എന്നിവർ പ്രസംഗിച്ചു. സന്തോഷ് ഞാറ ക്കുളം, നീന വടക്കേൽ, ഷിന്റോ മുള്ളൻകുഴി, ജെസ്സോയി എന്നി വർ നേതൃത്വം നൽകി. പ്രശസ്ത ജൈവകർഷകനായ കമ്മനയിലെ ശ്രീ. ലൂക്ക കുന്നത്തുകുഴി പള്ളിയുടെ പറമ്പിൽ പച്ചക്കറിവിത്ത് നട്ട് യുവജനങ്ങൾക്ക് മാതൃകയായി. തുടർന്ന് എല്ലാവർക്കും അഞ്ച് തരം പച്ചക്കറിവിത്തുകൾ വിതരണം ചെയ്തു. പരിപാടിയുടെ വിജയത്തിനു വേണ്ട ഒരുക്കങ്ങൾ നടത്തിയ കമ്മന യൂണിറ്റിലെ മുഴുവൻ അംഗങ്ങ ളെയും നന്ദിയോടെ ഓർക്കുന്നു.

**പ്രബോധിനി - 09 - രൂപതാ വനിതാസംഗമം**

സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും പിന്തള്ളപ്പെട്ട്, സമൂഹ ത്തിന്റെ നിർണായക വികസന പ്രവർത്തനങ്ങളിൽ നിന്ന് അകന്ന് എന്നും പുരുഷമേധാവിത്വത്തിന്റെ ചൂഷണങ്ങളിൽ ചവിട്ടിമെതിക്കപ്പെ ടാൻ മാത്രം വിധിക്കപ്പെട്ടവരെന്ന് സമൂഹം വിലയിരുത്തിയ വനിത കൾ ഇതിനെയെല്ലാം പഴങ്കഥയാക്കുമെന്ന നെഞ്ചുറപ്പോടെ, ഏകമന സ്സോടെ ഒത്തുചേർന്നപ്പോൾ അത് ഒരു പുതു വിപ്ലവത്തിന്റെ തുടക്കം കുറിക്കലായി ചരിത്രത്തിൽ ഇടം നേടി. ഇതിനായി കെ.സി.വൈ.എം മാനന്തവാടി രൂപത സംഘടിപ്പിച്ച പ്രബോധിനി 2009 വനിതാസംഗമ ത്തിൽ 350 ഓളം വനിതകൾ പങ്കെടുത്തു. ജൂൺ 13-ന് മാനന്തവാടി ടൗൺ ചർച്ചിൽ വച്ചുനടന്ന വനിതാസംഗമം വയനാടിന്റെ പ്രഥമ എം. പി. ബഹു. എം. ഐ. ഷാനവാസ് ഉദ്ഘാടനം ചെയ്തു. രൂപത വൈസ് പ്രസി. കുമാരി ലിജി കളരിക്കൽ അധ്യക്ഷയായിരുന്നു. മാന ന്തവാടി രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോർജ് മൂലയിൽ, രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, രൂപതാ പ്രസി ഡന്റ് അനീഷ് ഓമക്കര, ടൗൺ ചർച്ച് വികാരി റവ.ഫാ. തോമസ് കുറ്റി ക്കാട്ടുകുന്നേൽ, സജിൻ ചാലിൽ, നീന വടക്കേൽ, ലിന്റ പുലിതൂക്കിൽ, സന്തോഷ് ഞാറക്കുളം, ഷിന്റോ മുള്ളങ്കുഴി, ജെസ്സോയി എന്നിവർ പ്രസം ഗിച്ചു. മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി പുഷ്പ കൊയോൺ

ക്ലാസെടുത്തു. വിവിധയൂണിറ്റുകളിൽ നിന്നും വനിതകളെ പങ്കെടുപ്പിക്കുവാൻ യത്നിച്ച എല്ലാ ആനിമേറ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

**മുഖാമുഖം – വയനാട് എം.പി. എം.ഐ. ഷാനവാസിനോടൊപ്പം**

കുടിയേറ്റ ജനതയുടെ ഈറ്റില്ലമായ വയനാട് ഇന്നും വികസനത്തിനായി കാത്തിരിക്കുകയാണ്. വയനാടൻ ജനതയുടെ വികസന സ്വപ്നങ്ങൾക്ക് നിറങ്ങൾ ചാലിച്ച് അതിനെ യാഥാർത്ഥ്യത്തിന്റെ പന്ഥാവിലെത്തിക്കുക എന്ന ലക്ഷ്യബോധത്തോടെ കെ.സി.വൈ.എം. നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ സത്യസന്ധതയിലും ആത്മാർത്ഥതയിലും പൂർണവിശ്വാസം ഉൾക്കൊണ്ട വയനാടിന്റെ പ്രഥമ എം.പി. ബഹു. എം.ഐ. ഷാനവാസ് 13–06–09 ന് കൽപ്പറ്റ Green Gate Auditorium ത്തിൽ വച്ച് വയനാട്ടിലെ പ്രമുഖ സംഘടനാ ഭാരവാഹികളുമായി മുഖാമുഖം നടത്തി. ഇതിൽ കെ.സി. വൈ.എം. വയനാടിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ പദ്ധതികൾ – നാല് വരിപാത, ബദൽറോഡ്, വയനാട് റെയിൽവേ, സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ – ഒരു പ്രൊജക്ടായി അവതരിപ്പിച്ചു. രൂപത പ്രസി. അനീഷ് ഓമക്കര, ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, സജിൻ ജോസ് ചാലിൽ, ബിജു മാത്യു അരീക്കാട്ട്, സണ്ണി ചാലിൽ എന്നിവർ പങ്കെടുത്തു. വികസനങ്ങളുടെ വഴിത്താരയിൽ കെ.സി.വൈ.എം. ന്റെ നിർദ്ദേശങ്ങൾക്ക് കാതോർത്ത ബഹു. എം. പി.യെ നന്ദിയോടെ ഓർക്കുകയും പ്രവർത്തനങ്ങളിൽ വിജയാശംസകൾ നേരുകയും ചെയ്യുന്നു.

**നന്ദിനിറഞ്ഞ ഹൃദയത്തോടെ**

മുൻവർഷങ്ങളിൽ കെ.സി.വൈ.എം. പ്രസ്ഥാനത്തെയും യുവജനങ്ങളെയും നെഞ്ചേറ്റി താലോലിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ നിർണായക ശക്തിയായി കെ.സി.വൈ.എം. പ്രസ്ഥാനത്തെ വളർത്താൻ അകമഴിഞ്ഞ് സേവനം ചെയ്ത മേഖലാ ഡയറക്ടർമാരായ ഫാ. സുനിൽ തെക്കേപെര (ഗൂഡല്ലൂർ), ഫാ. ബിനു വടക്കേൽ (കല്ലോടി), ഫാ. വിൻസെന്റ് കളപ്പുര (നടവയൽ), ഫാ. ബാബു മാപ്ലശേരി (തരിയോട്), മേഖലകളിൽ നിറഞ്ഞ സാന്നിധ്യമായി നിന്ന മേഖലാ ആനിമേറ്റേഴ്സ് ആയിരുന്ന സി. ജെസ്ന FCC (ഗൂഡല്ലൂർ),

സി. ലീല SCJM(കല്പറ്റ), സി. ലില്ലി SABS (കൊട്ടിയൂർ), സി. ജൂസ്സെ FCC (മണിമൂളി) എന്നിവരെ കെ.സി.വൈ.എം. മാനന്തവാടി രൂപത ഏറെ സ്നേഹത്തോടും നന്ദിയോടും അനുസ്മരിക്കുന്നു.

**സ്വാഗതം - സുസ്വാഗതം**

വിവിധ യൂണിറ്റുകളിലെ കെ. സി. വൈ. എം. പ്രസ്ഥാനത്തിന് ശക്തിപകരുവാനായി കർമ്മോത്സുകരായ ഡയറക്ടർമാരായ ഫാ. ആന്റോ മമ്പള്ളിൽ (ഗൂഡല്ലൂർ), ഫാ. മൈക്കിൾ വടക്കേമുളഞ്ഞ നാൽ (കല്ലോടി), ഫാ. ജോഷി പുല്പയിൽ (നടവയൽ), ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ (തരിയോട്), ഫാ. ഡെന്നീസ് പൂവത്തിങ്കൽ (ചുങ്ക ക്കുന്ന്) എന്നിവർ ഇനിമുതൽ പ്രസ്ഥാനത്തിന്റെ ശക്തികേന്ദ്രങ്ങളാണ്. യുവജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകുവാ നായി സന്നദ്ധതയോടെ കടന്നുവന്നിരിക്കുന്ന ഇവരെ ഹൃദ്യമായി പ്രസ്ഥാനത്തിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

**വാടാമലരുകളോടെ**

കഴിഞ്ഞ മൂന്ന് വർഷങ്ങളായി കെ.സി.വൈ.എം. പ്രസ്ഥാന ത്തിന്റെ ജീവനാഡിയായി ഊർജ്ജസ്വലതയോടെ പ്രവർത്തനപന്ഥാ വിൽ വിരാജിച്ച പ്രിയ ആനിമേറ്റർ സിസ്റ്റർ മോളി ജോസഫ് SJL പ്രസ്ഥാനത്തിന്റെ രൂപത ആനിമേറ്റർ പദവിയോട് വിട പറയുകയാണ്. ഇക്കാലമത്രയും പ്രസ്ഥാനത്തെ സ്നേഹിച്ച മോളി സിസ്റ്ററെ നന്ദി യോടെ ഓർക്കുന്നു. രൂപതയുടെ യുവജനപ്രസ്ഥാനത്തിന് ശക്തിയും കരുത്തും ഓജസും നൽകി, ധീരതയോടെ നേതൃത്വം നൽകിയ- സമൂ ഹമധ്യേ 'പെൺശബ്ദമായി' നിറഞ്ഞ് നിന്ന സിസ്റ്ററിന് പുതിയ പ്രവർത്തന മേഖലയിൽ ഇനിയും നിറപുഞ്ചിരിയോടെ പ്രശോഭിക്കു വാനുള്ള ആശംസകൾ നേരുന്നു.

**സ്വാഗതം.**

ഇനിയുള്ള വർഷങ്ങളിൽ പ്രസ്ഥാനത്തെ സമൂഹത്തിന്റെ മുഖ്യ ധാരയിൽ കൈപിടിച്ചു നിർത്തുവാൻ നമ്മോടൊപ്പമുണ്ടാവുക പുതിയ രൂപതാ ആനിമേറ്ററായി സ്ഥാനമേറ്റെടുത്ത സി. ജെസ്ലീമ SD യാണ്. യുവജനശക്തിയെ സാമൂഹ്യമാറ്റത്തിന്റെ കർമ്മധാരയായി മാറ്റുവാൻ കഴിയട്ടെ എന്നാശംസിച്ചുകൊണ്ട് ജെസ്ലീമ സിസ്റ്ററെ ഏറെ ആദര വോടെ കെ.സി.വൈ.എം. മാനന്തവാടി രൂപതയിലെ യുവജനങ്ങൾ ഒന്നാകെ സ്വാഗതം ചെയ്യുന്നു.

## യൂണിറ്റ് വാർത്തകൾ

### പ്രശാന്തഗിരി

മിഷൻഗ്രാമസന്ദർശനം: - HD കോട്ട ജ്യോതിവികാസ് സെന്ററിന്റെ കീഴിലുള്ള ഗ്രാമപ്രദേശങ്ങളിൽ പോൾ അച്ചന്റെ നേതൃത്വത്തിൽ 21 യുവജനങ്ങൾ സന്ദർശനം നടത്തുകയും വസ്ത്രങ്ങൾ, മധുരപലഹാരങ്ങൾ, സാമ്പത്തിക സഹായം മുതലായവ നൽകുകയും ചെയ്തു.

കുരിശിന്റെവഴി:- ദു:ഖവെള്ളിയാഴ്ച വികാരി അച്ചന്റെ നേതൃത്വത്തിൽ 27 യുവജനങ്ങൾ കൊളഗപ്പാറമല കയറി ഇറങ്ങി.

സഹചലനം:- രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം ഏപ്രിൽ 18-ന് സഹചലനം -2009 ശാഖയിൽ നടത്തി. സംഗമത്തിൽ 33 യുവജനങ്ങൾ പങ്കെടുത്തു.

മാഗസിൻ പ്രകാശനം:- ഇതളുകൾ എന്ന കയ്യെഴുത്തു മാഗസിൻ മെയ് 3 ന് അഭിവന്ദ്യ പിതാവ് ബഹു. ഫാ. ബെന്നി പീക്കുന്നേലിന് നൽകി പ്രകാശനം ചെയ്തു.

സാഹിത്യശില്പശാല:- മെയ് 9-ന് റോയ്സൺ പിലാക്കാവ്, സുനിൽ എന്നിവരുടെ നേതൃത്വത്തിൽ സാഹിത്യശില്പശാല നടത്തി.

ക്രിസ്റ്റീൻ ധ്യാനം:- സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി യൂണിറ്റിന്റെ നേതൃത്വത്തിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി.

### മണിമൂളി

കെ.സി.വൈ.എം. മേഖലാ സമിതിയുടെ നേതൃത്വത്തിൽ മേഖലയ്ക്ക് കീഴിലുള്ള ഇടവകകളിലെ യുവജനങ്ങൾക്കുവേണ്ടി With Jesus -09 എന്ന പേരിൽ യുവജനധ്യാനം നടത്തി. മണിമൂളി റീജിനൽ പാസ്റ്ററൽ സെന്ററിൽ മെയ് 28 വ്യാഴം വൈകുന്നേരം 5 മുതൽ 31 ഞായർ വൈകുന്നേരം 4 വരെ ആയിരുന്നു ധ്യാനം. ധ്യാനത്തിന്റെ ഉത്ഘാടന സമ്മേളനത്തിൽ രൂപതാ സിൻഡിക്കേറ്റ് അംഗം പ്രിൻസ് പിട്ടാപ്പിള്ളി സ്വാഗതം ആശംസിച്ചു. മേഖലാ പ്രസിഡന്റ് ബിനീഷ് മൂലംകുന്നത്ത് അധ്യക്ഷത വഹിച്ചു. മേഖലാ ഡയറക്ടർ ഫാ. മാത്യു മലയിൽ ധ്യാനം ഉത്ഘാടനം ചെയ്തു. മണിമൂളി റീജിനൽ കോ-ഓർഡിനേറ്റർ ബിജു പാലത്തിങ്കൽ മുഖ്യപ്രഭാഷണം നടത്തി. എബിൻ തെക്കേക്കുറ്റ്, ക്രിസ്റ്റീന എരമംഗലത്ത്, ബീന വലിയനിരപ്പേൽ, ജിനി കൊച്ചുവേലി

ക്കകം, സിബിൻ പാലമൂട്ടിൽ, ജെയ്ന വിരുതിയിൽ, ജിജോ മണിമല എന്നിവർ ആശംസകൾ അർപ്പിച്ചു.

താമരശ്ശേരി രൂപതാ യൂത്ത് ഡയറക്ടർ ഫാ. അജി പുതിയപറമ്പിൽ ധ്യാനത്തിന് നേതൃത്വം നൽകി. ബോബി, ഷൈൻ, ഷോയി, ജോജോ എന്നിവർ ക്ലാസുകൾ എടുത്തു. പ്രദേശത്തെ ഇടവകകളിൽ നിന്നും 80 യുവതീയുവാക്കൾ ധ്യാനത്തിൽ പങ്കെടുത്തു. ഇവരെ ധ്യാനത്തിൽ പങ്കെടുക്കുവാൻ സഹായിച്ച യൂണിറ്റ് ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും, ഭാരവാഹികൾക്കും മേഖലാ സമിതി നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.

നന്ദിപൂർവ്വം:- കെ.സി.വൈ.എം. മണിമൂളി മേഖലയുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പ്രസ്ഥാനത്തോടൊപ്പമായിരുന്ന സി. ജുസ്സെയ്ക്ക് മേഖല യാത്രയയപ്പ് നൽകി. 24 ന് നൽകിയ യാത്രയയപ്പിൽ ബിനീഷ് മൂലംകുന്നത്ത്, പ്രിൻസ് പിട്ടാപ്പിള്ളി, റവ.ഫാ. മാത്യു മലയിൽ എന്നിവർ സംസാരിച്ചു.

സ്നേഹത്തോടെ,

**സജിൻ ജോസ് ചാലിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് മെയ് 28 മുതൽ 31 വരെ നടന്ന കോഴ്സിൽ 85 ഉം, ജൂൺ 2 മുതൽ 5 വരെ നടന്ന കോഴ്സിൽ 91 പേരും പങ്കെടുത്തു. ആദ്യാവസാനം വരെ കോഴ്സുകളുടെ വിജയത്തിനായി ക്ലാസുകളിലൂടെയും, വി. കുർബാനയിലൂടെയും, അനുരഞ്ജന ശുശ്രൂഷയിലൂടെയും മറ്റും സഹായിച്ച എല്ലാ വൈദികരെയും, കുടുംബപ്രേഷിതത്വ ടീമംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| ജൂലൈ 22 – 26 | – | ദ്വാരക പാസ്റ്ററൽ സെന്റർ |
| ഓഗസ്റ്റ് 14 – 17 | – | ദ്വാരക പാസ്റ്ററൽ സെന്റർ |
| ഓഗസ്റ്റ് 20 – 24 | – | മണിമൂളി പാസ്റ്ററൽ സെന്റർ |
| സെപ്റ്റം. 5 – 9 | – | ദ്വാരക പാസ്റ്ററൽ സെന്റർ |
| സെപ്റ്റം. 27 – 30 | – | ദ്വാരക പാസ്റ്ററൽ സെന്റർ |

## കത്തോലിക്കാ മാതൃസംഘടന

### രൂപതാ എക്സിക്യൂട്ടീവ്

2009 ജൂൺ 9 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. സെക്രട്ടറി റിപ്പോർട്ടും ട്രഷറർ കണക്കും അവതരിപ്പിച്ചു. ഭാവികാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ശാഖാ മേഖല പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. രൂപതാ പ്രവർത്തനങ്ങൾ ഊർജസ്വലപ്പെടുത്തുവാൻ തീരുമാനിച്ചു. ശ്രീമതി ആനി ജോസിന്റെ നന്ദി പ്രകാശനത്തോടെ സമാപിച്ചു.

## പയ്യമ്പള്ളി മേഖല

17 – 5 – 09 ന് ഒണ്ടയങ്ങാടി ശാഖയിൽ വെച്ച്, കഴിഞ്ഞ 3 വർഷങ്ങളായി പയ്യമ്പള്ളി മേഖല മാതൃസംഘടനയുടെ ആനിമേറ്ററായി സേവനം ചെയ്ത സി. റ്റിൻസിക്ക് പയ്യമ്പള്ളി മേഖലയുടെ ഹൃദയം നിറഞ്ഞ നന്ദി.

പുതിയ പ്രവർത്തന മേഖലയിൽ എല്ലാ വിജയങ്ങളും പ്രാർത്ഥനകളും നേരുന്നു.

## അപ്പപ്പാറ ശാഖ

അപ്പപ്പാറയിൽ ബഹു. തോമസ് തലച്ചിറയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ മാതൃസംഘടന പുതുതായി രൂപീകരിച്ചു. ശാഖാ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും അമ്മമാർക്ക് എല്ലാ പ്രവർത്തന വിജയങ്ങളും ആശംസകളും നേരുകയും ചെയ്തു.

പയ്യമ്പള്ളി മേഖല ആനിമേറ്റർ സി. റ്റിൻസിയും സെക്രട്ടറി ഫിലോയും അമ്മമാർക്ക് വേണ്ടി ക്ലാസെടുക്കുകയും മാതൃസംഘടന രൂപീകരിക്കുവാൻ വേണ്ട പ്രോത്സാഹനവും നൽകുകയും ചെയ്തു.

### ഭാരവാഹികൾ

| | | |
|---|---|---|
| ഡയറക്ടർ | – | റവ. ഫാ. തോമസ് തലച്ചിറയിൽ |
| ആനിമേറ്റർ | – | റവ. സി. ബിൻസി S. A. B. S |
| പ്രസിഡന്റ് | – | മറിയാമ്മ അമ്പാട്ട് |
| വൈ. പ്രസിഡന്റ് | – | ലിസി ജോർജ് കടമ്പുകാട്ടിൽ |
| സെക്രട്ടറി | – | സിസിലി കുന്നത്തുകുടി |
| ജോ. സെക്രട്ടറി | – | സിസിലി ജെയിംസ് തയ്യിൽ |

## ബത്തേരി മേഖല

2009 മെയ് 2 ന് ബത്തേരി അസംപ്ഷൻ ഫൊറോന ദേവാലയത്തിൽ വച്ച് മാതൃസംഘടനയുടെ മേഖലാ വാർഷികവും ജനറൽ ബോഡിയോഗവും സംയുക്തമായി നടത്തപ്പെട്ടു. ഫൊറോന വികാരി ബഹു. ജോർജ് മമ്പള്ളിയച്ചൻ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ റവ. ഫാ. ജോണി കാഞ്ഞിരംപറമ്പിൽ MSFS അമ്മമാർക്ക് ക്ലാസെടുത്തു. ദിവ്യബലിയർപ്പണത്തിനുശേഷം പുതിയ മേഖലാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

| | | |
|---|---|---|
| ഡയറക്ടർ | – | റവ.ഫാ. ജോണി കാഞ്ഞിരംപറമ്പിൽ MSFS |
| ആനിമേറ്റർ | – | റവ. സി. റോസ് കരിനാട് S. A. B. S |
| പ്രസിഡന്റ് | – | ലിസി റാത്തപ്പള്ളിൽ |
| വൈ. പ്രസിഡന്റ് | – | സാലി വടക്കേഅറയ്ക്കൽ |
| സെക്രട്ടറി | – | മേരി ചിറപടമ്പിൽ |
| ജോ. സെക്രട്ടറി | – | സൂസൻ കുന്നേൽ |
| ട്രഷറർ | – | തങ്കമ്മ പരുന്താനിയിൽ |
| കൗൺസിലേഴ്സ് | – | ഡോ. വത്സല സ്കറിയ |
| | – | എൽസി കൊട്ടാരത്തിൽ |
| | – | എത്സ അടൂർ |

**മരിയൻ സിംഗിൾസ്**

28 – 5 – 09 ന് ഏകസ്ഥരുടെ മീറ്റിംഗ് നടത്തി ഏഴോളം ഏകസ്ഥർ പങ്കെടുത്തു.

അടുത്ത മീറ്റിംഗ് ജൂൺ 25 ന് 10 മണിക്ക്

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

"എന്റെ കർത്താവെ എന്റെ ദൈവമെ" എന്ന ഉദീരണത്തിലൂടെ "നിന്റെ കർത്താവായ ദൈവം ഞാനാകുന്നു" എന്ന പ്രഥമ കൽപ്പന അന്വർത്ഥമാക്കിയ തോമാശ്ലീഹായുടെ വിശ്വാസ ചൈതന്യം സ്വന്തമാക്കുവാൻ ഈ വർഷത്തെ ദുക്റാന തിരുനാൾ അവസരമാകട്ടെ. ഏവർക്കും ദുക്റാന തിരുനാളിന്റെ മംഗളാശംസകൾ നേരുന്നു.

**2009 ജൂൺ 5 ആദ്യവെള്ളി - ജാഗരണ പ്രാർത്ഥന**

6 PM ന് ആരംഭിച്ച ജാഗരണ പ്രാർത്ഥനയിൽ സിയോൻ ശുശ്രൂഷകരും മറ്റ് അനേകരും സംബന്ധിച്ചു. ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചനാണ് വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകിയത്. ആരാധനയും, മദ്ധ്യസ്ഥ പ്രാർത്ഥനയും അഭിഷേകപ്രാർത്ഥനയും ബഹു. പ്രിൻസച്ചനും സീയോൻ ടീമും നയിച്ചു. കർത്താവ് അത്ഭുതങ്ങളും അടയാളങ്ങളും കൃപകളും സമൃദ്ധമായി വർഷിച്ച അനുഗ്രഹങ്ങളുടെ രാത്രിയായിരുന്നു.

**ആദ്യശനി ഏകദിന കൺവെൻഷൻ**

6 AM ന് മാതൃസന്നിധിയിൽ എത്തി പ്രാർത്ഥിച്ച് ഒരുങ്ങിയ ശുശ്രൂഷകർ, ഒരുക്ക ശുശ്രൂഷകൾ ചെയ്തശേഷം കടന്നുവരുന്ന മക്കളെ സ്വീകരിച്ച് അവർക്ക് ആവശ്യമായ ശുശ്രൂഷകൾക്കായി തയ്യാറായി. 8.30ന് സ്റ്റേജിൽ ബഹു. ബാബു പാറയിൽ അച്ചനും സിയോൻ ടീമും മ്യൂസിക് മിനിസ്ട്രിയും ചേർന്ന് ജപമാല, സ്തുതി, ആരാധന എന്നിവ നയിച്ചു. 11 മണിക്ക് കോഴിക്കോട് സോണിലെ ശുശ്രൂഷകനായ ശ്രീ. ചാക്കോ കാളംപറമ്പിൽ കുടുംബജീവിതം അനുഗ്രഹപൂർണ്ണമായി നയിക്കുവാൻ ആവശ്യമായ കാര്യങ്ങൾ വിശദീകരിച്ച് വചന സന്ദേശം നൽകി. 12 മണിക്ക് പാസ്റ്ററൽ സെന്ററിന്റെ പുതിയ ഡയറക്ടർ

ബഹു. ഡെന്നീസ് കഴുതാടി അച്ചൻ വി. ബലി അർപ്പിച്ച് വചനം പങ്കുവച്ചു. ലഘു ഭക്ഷണം, അനുഭവസാക്ഷ്യങ്ങൾ ഇവ പതിവുപോലെ നടന്നു. തുടർന്ന് കനത്ത മഴയെ അവഗണിച്ച് വന്നെത്തിയ ജനാവലിക്കു മദ്ധ്യേ ദിവ്യകാരുണ്യനാഥൻ അൾത്താരയിൽ എഴുന്നള്ളി വന്നു. ബഹു. പാറയിൽ അച്ചൻ ആരാധനയും സൗഖ്യപ്രാർത്ഥനയും ദിവ്യകാരുണ്യ പ്രദക്ഷിണവും നയിച്ചു.

**രണ്ടാംശനി : കൗൺസിലിംഗ് ദിനം**

70 പേർ വന്ന് കൗൺസിലിംഗ് നടത്തി സന്തോഷവും സംതൃപ്തിയും നിറഞ്ഞ് തങ്ങളെ സംബന്ധിച്ച ദൈവഹിതം തിരിച്ചറിഞ്ഞ് ദൈവവചനമനുസരിച്ച് ജീവിക്കുവാൻ പ്രചോദനം ഉൾക്കൊണ്ട് തിരിച്ചുപോയി.

**യുവജനദിനം**

46 യുവജനങ്ങൾ തങ്ങളുടെ തിരക്കേറിയ ജീവിതത്തിനിടയിൽ യുവാവായ ഈശോയോടൊത്ത് ആയിരിക്കാൻ സമയം കണ്ടെത്തി ഒന്നിച്ചു കൂടി. മങ്ങലേറ്റു തുടങ്ങിയ തങ്ങളുടെ ആദ്ധ്യാത്മിക ജീവിതത്തെ തിളക്കമാർന്നതാക്കുവാൻ സിയോനിൽ ഒരുക്കിയ വചനശുശ്രൂഷ, കുമ്പസാരം, കൗൺസിലിംഗ്, ആരാധന, വി. ബലി എന്നിവയിൽ പങ്കെടുത്ത് ഉണർവ്വോടെ തിരിച്ചു പോയി. ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചനും യൂത്ത് ടീമും നേതൃത്വം നൽകി.

**ദമ്പതി കൂട്ടായ്മ**

42 ദമ്പതികൾ ഒന്നിച്ചു കൂടി. പ്രാർത്ഥന, ജപമാല, ആരാധന, വചനസന്ദേശം, വി. ബലി, കുമ്പസാരം തുടങ്ങി ആത്മീയ വിരുന്നിൽ പങ്കുചേർന്ന് ഉത്തമ കുടുംബജീവിതം നയിക്കുവാൻ ശക്തിയാർജിച്ചു. ബഹു. ജോസഫ് നെച്ചിക്കാട്ടച്ചൻ നേതൃത്വം നൽകി.

**മൂന്നാം വെള്ളി സൗഖ്യദിനം 19-6-09**

ശാരീരിക, മാനസിക, ആത്മീയ സൗഖ്യം പ്രതീക്ഷിച്ച് വന്നെത്തിയ അനേകം ദൈവമക്കൾ ഇന്നത്തെ ശുശ്രൂഷകളിലൂടെ - കുമ്പസാരം, ജപമാല, കൗൺസിലിംഗ്, വചനപ്രഘോഷണം, വി. ബലി - സൗഖ്യം പ്രാപിച്ചും ദൈവം ഒരുക്കിത്തരുന്നവ സ്വീകരിക്കുവാനുള്ള മനസ്സിന്റെ രൂപാന്തരീകരണവും പ്രാപിച്ച് മടങ്ങി പോയി.

## സിയോൻ ജൂലൈ മാസത്തിൽ

ജൂലൈ 3 ആദ്യവെള്ളി – ജാഗരണപ്രാർത്ഥന

" 4 ആദ്യശനി – ഏകദിന കൺവെൻഷൻ,
ക്രിസ്റ്റീൻ പ്രോഗ്രാം

" 11 രണ്ടാംശനി –
1. കൗൺസിലിംഗ് ദിനം
2. ദമ്പതികൂട്ടായ്മ
3. യുവജനകൂട്ടായ്മ

" 17 മൂന്നാംവെള്ളി – സൗഖ്യദിനം

" 17 – 21 – യുവജന ധ്യാനം

" 31 – ജാഗരണപ്രാർത്ഥന – സുവിശേഷമുന്നണി

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

**31 -ാമതു വാർഷികം**

ഓസ്സാനാം ഭവന്റെ 10 -ാം വാർഷികവും സെൻട്രൽ കൗൺസിലിന്റെ 31 -ാമതു വാർഷികവും ഒരുമിച്ച് നടവയലിൽ വെച്ച് ആഘോഷിക്കുകയുണ്ടായല്ലോ.അതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ കോൺഫ്രൻസുകൾക്കും നന്ദി അർപ്പിക്കുന്നു.

10 മണിക്ക് ജനറാളച്ചൻ മോൺ. ജോർജ് മൂലയിലിന്റെ കാർമ്മികത്വത്തിൽ നടന്ന വി. ബലിയും വചന സന്ദേശവും തുടർന്നു നടന്ന പൊതുസമ്മേളനവും ഉച്ചഭക്ഷണവുമെല്ലാം ഭംഗിയായി ക്രമീകരിച്ച എല്ലാ പ്രവർത്തകരേയും അവയ്ക്കു നേതൃത്വം നൽകിയ ഓസ്സാനാം ഭവൻ ശുശ്രൂഷകർ, സി. എം. സി. സിസ്റ്റേഴ്സ്, പാടിച്ചിറ എ. സി. പ്രസിഡന്റ്, കോൺഫ്രൻസംഗങ്ങൾ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു. നാഷണൽ വൈസ് പ്രസിഡന്റ് ബ്ര. പി. ജെ. ജോസഫ് നൽകിയ മുഖ്യ പ്രഭാഷണവും ഫാ. അഗസ്റ്റ്യൻ പുത്തൻപുര, ഫാ. സെബാസ്റ്റ്യൻ പാലക്കി എന്നിവരുടെ ആശംസകളും പ്രോത്സാഹനാത്മകമായിരുന്നു. 25 വർഷമായി സംഘടനയിൽ പ്രവർത്തിക്കുന്നവരെ ആദരിച്ചുകൊണ്ട് ബഹു. ബെന്നിയച്ചൻ ഉപഹാരങ്ങളർപ്പിച്ച് പ്രോത്സാഹന സന്ദേശം നൽകി.

**ഓസ്സാനാംഭവൻ ശുശ്രൂഷ**

ആഗസ്റ്റ് മാസത്തിൽ ആദ്യപകുതിയിൽ കല്ലോടി എ. സി. യിൽ നിലവിലുള്ള എട്ടു കോൺഫ്രൻസുകളാണ് സന്ദർശനം നടത്തുകയും ശുശ്രൂഷ നടത്തുകയും ചെയ്യേണ്ടത്. കല്ലോടിയിലെ ജൂനിയർ കോൺഫ്രൻസംഗങ്ങളെ ആഗസ്റ്റ് 8 -ാം തീയതി (രണ്ടാം ശനി) ഓസ്സാ

നാംഭവനിൽ കൊണ്ടുപോകാനും പരിചയപ്പെടുത്താനും ആനിമേറ്റേഴ്സ് ഉത്സാഹിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. എ. സി. പ്രസിഡന്റ് ഇക്കാര്യം ശ്രദ്ധിക്കുമല്ലോ. രണ്ടാം പകുതിയിൽ കൽപ്പറ്റ എ. സി. യിലെ കോൺഫ്രൻസുകളും ഫലപ്രദമായ സന്ദർശനം നടത്തുമെന്ന് കരുതുന്നു. സന്ദർശനത്തിനു ചെല്ലുന്നതിനു തലേദിവസം സെക്രട്ടറി ബ്ര. വിൻസെന്റിനെ ഫോണിൽ അറിയിക്കുന്നതു നന്നായിരിക്കും.

## അടുത്ത സി. സി. യോഗം

ജൂലൈ 11 -ാം തീയതി ശനിയാഴ്ച നടത്താനാണു സാധ്യത. വിവരം ഫോണിൽ അറിയിക്കുന്നതായിരിക്കും. കഴിയുമെങ്കിൽ സി. സി. പ്രസിഡന്റിനെയോ ഓഫീസ് സെക്രട്ടറിയേയോ ബന്ധപ്പെടുക. TTS പുതുക്കൽ അപേക്ഷകൾ (സ്റ്റഡി സർട്ടിഫിക്കറ്റും പ്രോഗ്രസ് റിപ്പോർട്ടു ഫോറവും സഹിതം) ജൂലൈ 15 നു മുമ്പ് സി. സി. ഓഫീസിൽ എത്തിക്കേണ്ടതാണ്.

ഏപ്രിൽ – ജൂൺ ത്രൈമാസ റിപ്പോർട്ടുകൾ കോൺഫ്രൻസുകളിൽ നിന്ന് ശേഖരിക്കുകയും ക്രോഡീകരിച്ച എ. സി. ത്രൈമാസ റിപ്പോർട്ട്, സി. സി. മീറ്റിംഗിൽ കൊണ്ടുവരികയും ചെയ്യാൻ എ. സി. പ്രസിഡന്റുമാർ ശ്രദ്ധിക്കുമല്ലോ.

കോൺഫ്രൻസുകൾ നടത്തുന്ന പ്രത്യേക പ്രവർത്തനങ്ങൾ (തനതു പ്രോജക്ടുകൾ, ഭവന നിർമ്മാണം, മറ്റു പ്രധാന ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവ) സി. സി. യ്ക്കു റിപ്പോർട്ടു ചെയ്യാൻ മടിക്കരുത്.

## വിദേശ പ്രോജക്ടുകൾ

ഈയിടെ നടപ്പിലാക്കിയ രണ്ടു പ്രോജക്ടുകൾ താഴെപ്പറയുന്നവയാണ്.

1. വാ. കുര്യാക്കോസ് ഏലിയാസ്, പാൽച്ചുരം.
   കറവപശു വിതരണം – വിദേശസഹായം : 50,000
2. സെന്റ് സെബാസ്റ്റ്യൻ കൊട്ടിയൂർ.
   തുന്നൽ മെഷിൻ (9 എണ്ണം) വിതരണം : 32,890

അഗ്രിഗേഷനും ടിന്നിംഗിനും അപേക്ഷിക്കാൻ അർഹതപ്പെട്ട കോൺഫ്രൻസുകൾ എത്രയും പെട്ടെന്ന് അതു ചെയ്യേണ്ടതാണ്.

**ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്



# ജയിൽ മിനിസ്ട്രി

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങളുടെ 2009 ജൂൺ മാസത്തെ സന്ദർശനം 21 – ാം തീയതി ആയിരുന്നു. താമരശ്ശേരി MCBS സനാതന സെമിനാരിയിൽ നിന്നും വന്ന ഒന്നാംവർഷ ദൈവശാസ്ത്ര വിദ്യാർത്ഥി കളുടെ വ്യത്യസ്തത പുലർത്തുന്ന കലാപരിപാടികൾ വൈത്തിരി ജയിൽ സന്ദർശനത്തിനു മാറ്റുകൂട്ടി. തടവറ ജീവിതത്തിന്റെ ഏകാന്ത തയെ അല്പസമയത്തേയ്ക്ക് മാറ്റിവെക്കാൻ ഇത് തടവറമക്കളെ പ്രേരി പ്പിക്കുകയും ചെയ്തു. നടവയൽ കായക്കുന്ന് ലാസലൈറ്റ് സഭാംഗമായ ബഹു. ജോയി അച്ചന്റെയും, S.D സഭാംഗങ്ങളായ സി. ജെസ്‌ലീമ, സി. ചൈതന്യ എന്നിവരുടെയും സാന്നിദ്ധ്യം അവർക്ക് പ്രചോദനമേകി. മധുരപലഹാര വിതരണത്തോടെ സന്ദർശനം അവസാനിപ്പിച്ച് തടവറ യുടെ പടികളിറങ്ങുമ്പോൾ തടവറ മക്കളുടെ കണ്ണുകളിലെ ദൈന്യത ഒരു പിൻവിളിയായി അനുഭവപ്പെട്ടു. വൈത്തിരി ഇടവകയിലെ കുര്യൻ ചേട്ടന്റെയും പഴൂരിൽനിന്നും വന്ന ബെന്നി സാറിന്റെയും സാന്നിദ്ധ്യം കൂടുതൽ സന്തോഷകരമായിരുന്നു.

**ഫാ. ബിനു പൈനുങ്കൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**മോചന - 2009- മീനങ്ങാടി**

തോമാട്ടുചാൽ വുമൻസ് വെൽഫെയർ അസോസിയേഷന്റെ നേതൃത്വത്തിൽ സേവ് ഫാർമേഴ്സ് പ്രോഗ്രാം പ്രകാരം മീനങ്ങാടിയിൽ വെച്ച് അർദ്ധദിന ലഹരി വിരുദ്ധ ബോധവത്കരണ സെമിനാർ മോചന 2009 നടത്തി. W.W.A ഡയറക്ടർ സി. ആലീസിന്റെ അദ്ധ്യക്ഷതയിൽ മീനങ്ങാടി ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ബോധവത്കരണ സെമിനാർ ഉദ്ഘാടനം ചെയ്തു. KCBC മദ്യവിരുദ്ധ സമിതി രൂപതാ പ്രസിഡന്റ് ശ്രീ ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. മെയ് 20 ന് ബുധനാഴ്ച്ചയാണ് സെമിനാർ നടത്തിയത്. 150 തോളം പേർ പങ്കെടുത്തു.

**മോചന 2009 - മൂപ്പൈനാട്**

W.W.A യുടെ നേതൃത്വത്തിൽ മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്കായി ഏകദിന സെമിനാർ നടത്തി. മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് മെമ്പർ സെമിനാർ ഉദ്ഘാടനം ചെയ്തു. കുട്ടികളും കൗമാരപ്രശ്നങ്ങളും എന്ന വിഷയത്തിൽ കെ.സി.ബി.സി മദ്യ വിരുദ്ധ സമിതി രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. പ്രോഗ്രാം കോ- ഓഡിനേറ്റർമാരായ ശ്രീ. സ്ക്കറിയ പുതിയകുന്നേൽ, ശ്രീമതി വത്സ എന്നിവർ നേതൃത്വം നൽകി. മെയ് 23-ന് ശനിയാഴ്ച്ചയാണ് സെമിനാർ നടത്തിയത്. നൂറ്റിപത്ത് വിദ്യാർത്ഥികൾ പങ്കെടുത്തു.

**മോചന 2009 - കുമ്പളേരി**

W.W.A യുടെ നേതൃത്വത്തിൽ സേവ് ഫാർമേഴ്സ് പ്രോഗ്രാമിന്റെ നേതൃത്വത്തിൽ മെയ് 26 ന് കുമ്പളേരിയിൽ വെച്ച് ഏകദിന ലഹരി വിരുദ്ധ ബോധവത്കരണ സെമിനാർ നടത്തി. അമ്പലവയൽ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. കുര്യാക്കോസ് സെമിനാർ ഉദ്ഘാടനം ചെയ്തു

K C B C മദ്യവിരുദ്ധ സമിതി മാനന്തവാടി രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. അറുപതോളം പേർ സെമിനാറിൽ പങ്കെടുത്തു.

### വാളാട് ഇടവക സെമിനാർ

മെയ് 24–ന് വാളാട് ഇടവകയിൽ ലഹരി വിരുദ്ധ സെമിനാർ നടത്തി. വി. കുർബാനക്ക് ശേഷം നടന്ന സെമിനാറിൽ മുഴുവൻ ആളുകളും പങ്കെടുത്തു. K C B C മദ്യവിരുദ്ധ സമിതി രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, രൂപതാ ആനിമേറ്റർ സി. ജോവിറ്റ F.C.C എന്നിവർ നേതൃത്വം നൽകി. സെമിനാർ സംഘടിപ്പിച്ച ഇടവക വികാരി ബഹു. തോമസ് കോയിക്കാട്ടിലച്ചന് പ്രത്യേകം നന്ദി.

### വലിയകൊല്ലി ഇടവക സെമിനാർ

മെയ് 24–ന് രാവിലെ വി. ബലിക്ക് ശേഷം വലിയകൊല്ലി ഇടവകയിൽ ലഹരി വിരുദ്ധ ബോധവത്കരണ സെമിനാർ മോചന 2009 സംഘടിപ്പിച്ചു. രൂപതാ ഭാരവാഹികളായ ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, സി. ജോവിററ എന്നിവർ നേതൃത്വം നൽകി. വി. ബലിയിൽ പങ്കെടുത്ത മുഴുവൻ ആളുകളും ബോധവത്കരണ പരിപാടിയിൽ പങ്കെടുത്തു. സെമിനാറിനുശേഷം യൂണിറ്റ് രൂപികരണവും ഭാരവാഹികളുടെ യോഗവും നടന്നു.

### ആനിമേറ്റേഴ്സ് മീറ്റ്

സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ആളൂരിൽ വെച്ച് ജൂൺ 11,12 തീയതികളിൽ രൂപതാ ആനിമേറ്റേഴ്സ് കൺവെൻഷൻ നടന്നു. രൂപതാ ആനിമേറ്റർ സി. ജോവിറ്റ F.C.C, സി. എൽസി മാളിയേക്കൽ എന്നിവർ പങ്കെടുത്തു.

### രൂപതാ കൺവെൻഷൻ

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി രൂപതാ കൺവെൻഷൻ മെയ് 21–ന് വ്യാഴാഴ്ച രാവിലെ 10.30 മുതൽ മാനന്തവാടി ന്യൂമാൻസ് കോളേജിൽ വെച്ച് നടന്നു. മാനന്തവാടി രൂപതാ പ്രൊക്കുറേറ്റർ വെരി റവ. ഫാ ഗർവ്വാസീസ് മറ്റം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ ജോൺസൺ തൊഴുത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ സ്വാഗതം ആശംസിച്ചു. രൂപതാ ആനിമേറ്റർ സി. ജോവിറ്റ F.C.C ആശംസകൾ അർപ്പിച്ചു.

തുടർന്ന് K C B C മദ്യവിരുദ്ധ സമിതി മലബാർ റീജണൽ ഡയ

റക്ടർ റവ. ഫാ. തോമസ് തൈത്തോട്ടം ക്ലാസ്സ് നയിച്ചു. ഉച്ചഭക്ഷണത്തിന് ശേഷം നടന്ന ചർച്ചാ സെക്ഷനിൽ ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി. രൂപതാ സെക്രട്ടറി വി.സി രാജു, ജോ. സെക്രട്ടറി ബേബി പേടപ്പാട്ട് എന്നിവർ നേതൃത്വം നൽകി.

**ചിത്രഗിരിയിൽ മോചന 2009**

WWA യുടെ നേതൃത്വത്തിൽ സേവ് ഫാർമേഴ്സ് പ്രോഗ്രാമിന്റെ ഭാഗമായി ജൂൺ 14-ന് ഞായറാഴ്ച്ച 2 p.m   മുതൽ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടി മോചന 2009 സംഘടിപ്പിച്ചു. ചിത്രഗിരി സെന്റ് ജോർജ്ജ് ഇടവക വികാരി ബഹു. മനോജ് അമ്പലത്തിങ്കലച്ചൻ പരിപാടി ഉദ്ഘാടനം ചെയ്തു. അസി. പ്രോഗ്രാം ഓഫീസർ ആശംസയർപ്പിച്ചു. പ്രോഗ്രാം കോഡിനേറ്റർ ശ്രീ ജോൺസൺ അദ്ധ്യക്ഷത വഹിച്ചു. KCBC മദ്യവിരുദ്ധ സമിതി മാനന്തവാടി രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ലഹരി വിരുദ്ധ സെമിനാറിന് നേതൃത്വം നൽകി. ശ്രീമതി വത്സ നന്ദി രേഖപ്പെടുത്തി.

**ദശദിന ലഹരി വിരുദ്ധ ക്യാമ്പ്**

KCBC മദ്യവിരുദ്ധ സമിതിയുടെയും മുക്തിയുടെയും നേതൃത്വത്തിൽ മദ്യപാനികൾക്കായി ദശദിന ചികിത്സാ ക്യാമ്പ് ഓഗസ്റ്റ് 10 മുതൽ 20 വരെ നടത്തുന്നു. 20 ദമ്പതിമാർക്ക് ക്യാമ്പിൽ പങ്കെടുക്കാം. വിശദവിവരങ്ങൾ കത്ത് മുഖേനെ ഇടവകയിൽ അറിയിക്കുന്നതാണ്.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

## സംഘടനാപ്രവർത്തനങ്ങൾ

### എക്സിക്യൂട്ടീവ് സെക്രട്ടറിമാരുടെ യോഗം

ജൂൺ 3 -ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് SWS എക്സിക്യൂട്ടീവ് സെക്രട്ടറിമാരുടെ മീറ്റിംഗ് നടത്തി. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. കേരള ലേബർ മൂവ്മെന്റ് സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ശ്രീ. ബാബു, കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വിവിധ തൊഴിലാളി ക്ഷേമനിധികളെക്കുറിച്ചും ഇൻഷുറൻസ് പരിരക്ഷയെക്കുറിച്ചും വിശദീകരിച്ചു.

### ഗൂഡല്ലൂർ മേഖല ഭാരവാഹികളുടെ പരിശീലനം

ജൂൺ 6 -ാം തീയതി ഗൂഡല്ലൂർ മേഖലാ SWS ഭാരവാഹികളുടെ പരിശീലനം വിമലഗിരി പാരീഷ് ഹാളിൽ വച്ച് നടത്തി. നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കുന്നത്ത് പരിശീലനം ഉദ്ഘാടനം ചെയ്തു. WSSS മേഖലാ കോഡിനേറ്റർ ശ്രീ. ഷാജി. കെ. ജോസ് പരിശീലനത്തിന് നേതൃത്വം നൽകി.

### കശുമാങ്ങാ സംസ്കരണ പരിശീലനം

തവിഞ്ഞാൽ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മെയ് 23 -ാം തീയതി കശുമാമ്പഴ സംസ്കരണ പരിശീലനം നടത്തി. ക്വാഷ് ജെല്ലി, ജാം, കാൻഡി എന്നീ ഉല്പന്നങ്ങളുടെ പരിശീലനമാണ് നൽകിയത്. ശ്രീമതി റീത്ത തടത്തിൽ പരിശീലനത്തിന് നേതൃത്വം നൽകി.

## പഠന സഹായം വിതരണം ചെയ്തു

ചാരിറ്റി സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളിലെ 13 കുട്ടികൾക്ക് ഒരു വർഷത്തേയ്ക്ക് ആവശ്യമായ പഠനചെലവിലേയ്ക്കുള്ള ധനസഹായം വിതരണം ചെയ്തു. 3 കുട്ടികൾക്ക് തുടർ വിദ്യാഭ്യാ സത്തിന് സഹായം നൽകുവാൻ സ്പോൺസർമാരെ കണ്ടെത്തുകയും ചെയ്തു. ഇതിനു പുറമെ 2 ഭവനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങളുടെ കിറ്റും ഒരു രോഗിക്ക് സാമ്പത്തിക സഹായവും നൽകി.

## വാർഷികാഘോഷം

### കാട്ടിക്കുളം SWS

കാട്ടിക്കുളം സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ വാർഷികം 21 – 5 – 09 ന് പാരീഷ് ഹാളിൽ വച്ച് നടത്തി. റവ. ഫാ. ഡൊമിനിക് വളകുടിയിൽ അദ്ധ്യക്ഷത വഹിച്ചു. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. WSSS ജനറൽ കോർഡിനേറ്റർ കെ. ഒ. ജോയി, മേഖലാ കോർഡിനേറ്റർമാരായ ഷാജി. കെ. ജോസ്, ജോർജ്ജ് ജോസഫ് എന്നിവർ ആശംസകളർപ്പിച്ചു. അംഗങ്ങളുടെ വിവിധ കലാപരിപാടികൾ വാർഷികത്തോടനുബന്ധിച്ച് നടത്തി.

### ദ്വാരക SWS

ദ്വാരക സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ വാർഷികം 23–5–09 ന് സമുചിതമായി ആഘോഷിച്ചു. SWS ഡയറക്ടർ ഫാ.ജോയി തുരുത്തേൽ അദ്ധ്യക്ഷത വഹിച്ചു. WSSS ഡയറക്ടർ ഫാ. ജോൺ ചൂരപ്പുഴയിൽ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. WSSS പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം മുഖ്യപ്രഭാഷണം നടത്തി. സി. മേഴ്സി ജോബ് SABS, ഷാജി. കെ. ജോസ് എന്നിവർ ആശംസകളർപ്പിച്ചു. അംഗങ്ങളുടെ വിവിധ കലാപരിപാടികൾ വാർഷികാഘോഷത്തിന് ഉത്സവഛായ പകർന്നു.

### പുതുശ്ശേരിക്കടവ് SWS

പുതുശ്ശേരിക്കടവ് സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ വാർഷികാഘോഷം 7–6–09 ന് പാരീഷ് ഹാളിൽ വെച്ച് നടത്തി. SWS ഡയറക്ടർ ഫാ. ജോസ് കപ്യാരുമലയിൽ സമ്മേളനം ഉദ്ഘാടനം

ചെയ്തു. WSSS ജനറൽ കോർഡിനേറ്റർ കെ. ഒ. ജോയി മുഖ്യപ്രഭാഷണം നടത്തി. മേഖല കോർഡിനേറ്റർ സിജോ ആശംസകൾ നേർന്നു. അംഗങ്ങളുടെ വിവിധ കലാപരിപാടികൾ വാർഷികാഘോഷത്തിന് മാറ്റ് കൂട്ടി.

**സ്വാശ്രയസംഘ വാർഷികം**

മരകാവ് SWS ലെ കാരുണ്യ സ്വാശ്രയസംഘത്തിന്റെ വാർഷികം ശ്രീമതി സെലിൻ കുമ്പുങ്കലിന്റെ വീട്ടിൽ വച്ച് നടത്തി. ജനറൽ കോർഡിനേറ്റർ കെ. ഒ. ജോയി, മേഖല കോർഡിനേറ്റർ ജോർജ് ജോസഫ് എന്നിവർ പങ്കെടുത്തു. പയ്യമ്പള്ളി കരുണ സ്വാശ്രയ സംഘത്തിന്റെ വാർഷികത്തിൽ മേഖല കോർഡിനേറ്റർ ഷാജി കെ. ജോസ് പങ്കെടുത്തു.

മുതിരേരി അനുഗ്രഹ സ്വാശ്രയ സംഘത്തിന്റെ വാർഷികാഘോഷം SWS ഡയറക്ടർ ഫാ. സജി കോട്ടായിൽ ഉദ്ഘാടനം ചെയ്തു. ജനറൽ കോർഡിനേറ്റർ കെ. ഒ. ജോയി, മേഖല കോർഡിനേറ്റർ പി. എം. ജോസ് എന്നിവർ ആശംസകളർപ്പിച്ചു. കഴിഞ്ഞ ഒരു വർഷം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച സംഘം ഭാരവാഹികൾക്ക് ഉപഹാരം സമർപ്പിച്ചു.

തലപ്പുഴ സ്നേഹ സ്വാശ്രയത്തിന്റെ വാർഷികത്തിൽ കോർഡിനേറ്റർ പി. എം. ജോസ് പങ്കെടുത്തു.

**സെമിനാറുകൾ/ ക്ലാസുകൾ**

ചുങ്കക്കുന്ന് സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജൂൺ 3 -ാം തീയതി മഴക്കാല രോഗങ്ങളും പ്രതിവിധികളും എന്ന വിഷയത്തെ ആസ്പദമാക്കി ഹെൽത്ത് ഇൻസ്പെക്ടർ സുജ ശ്രീധരൻ ക്ലാസ് നയിച്ചു.

മഴക്കാല രോഗങ്ങളും കൊതുക് നിവാരണവുമെന്ന വിഷയത്തെ ആസ്പദമാക്കി പാടിച്ചിറ സോഷ്യൽ വെൽഫയർ സൊസൈറ്റിയിൽ മെയ് 30 -ാം തീയതി ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ഷാജി ക്ലാസ് നൽകി.

ജൂൺ 13 ന് ഹ്യൂമെൻ ഇമ്മ്യൂണിറ്റി എന്ന വിഷയത്തിൽ അമ്പായത്തോട് സോഷ്യൽ വെൽഫയർ സൊസൈറ്റിയിൽ ശ്രീമതി ഷിമ്മി മുണ്ടയ്ക്കൽ ക്ലാസെടുത്തു.

**ആദിവാസി വികസനരംഗം - പഠനശിബിരം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പാക്കി വരുന്ന ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി ആദിവാസി മേഖലയിലെ

ബാലവേദി കുട്ടികൾക്കായി മൂന്ന് ദിവസത്തെ പഠനശിബിരം WSSS ട്രെയിനിംഗ് സെന്ററിൽ വച്ച് നടത്തി. കുട്ടികളിലെ നേതൃത്വ വാസന, ആശയവിനിമയശേഷി, നിരീക്ഷണ പാടവം, ലക്ഷ്യബോധം, സർഗ്ഗാത്മകത ഇവയെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പഠനശിബിരം നടത്തിയത്. ഫാ. ഡൊമിനിക് വളകുടിയും ടീം അംഗങ്ങളും, ഒ. പി. അബ്രാഹം, സി. ഇന്നസെന്റ്, സി. മേഴ്സി ജോബ്, ബൈജു ഐസക് എന്നിവരും ക്ലാസുകൾക്ക് നേതൃത്വം നൽകി. 70 കുട്ടികൾ പ്രസ്തുത ക്യാമ്പിൽ പങ്കെടുത്തു.

**NABARD നീർത്തട വികസന പദ്ധതി**

NABARD നീർത്തട വികസന പദ്ധതിയുടെ ഭാഗമായി കൽപ്പറ്റ സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷനിൽ 'നീർത്തട പരിപാലനം' എന്ന വിഷയത്തിൽ നബാർഡ് നടത്തിയ ദ്വിദിന ശില്പശാലയിൽ WSSS ടീം പങ്കെടുത്തു. WSSS ടീം അംഗങ്ങൾക്കു പുറമെ പൊർളോം, നെല്ലേരി, അയനിവയൽ, മട്ടിലയം എന്നീ നീർത്തടങ്ങളിലെ കൺവീനർമാരും പരിശീലനത്തിൽ പങ്കെടുത്തു.

**ലീഗൽ എയ്ഡ് സെന്റർ**

നടക്കൽ, പുഴവയൽ, നെല്ലിയേരി എന്നീ കോളനികളിൽ ആദിവാസി സംരക്ഷണ നിയമത്തെക്കുറിച്ചും, കല്ലോടി SWS യൂണിറ്റിൽ സ്ത്രീസംരക്ഷണനിയമങ്ങൾ, വിവരാവകാശനിയമം എന്നിവയെക്കുറിച്ചും നിയമസാക്ഷരതാ ക്ലാസുകൾ നൽകി. ലീഗൽ എയ്ഡ് സെന്ററിന്റെ ഇടപെടൽ മൂലം കുടിവെള്ളം എടുക്കാൻ അനുവദിക്കാതിരുന്ന പ്രശ്നത്തിൽ പരാതിക്കാരിക്ക് ശാശ്വത പരിഹാരം ലഭിച്ചു. വിവരാവകാശ നിയമപ്രകാരം പരാതി എഴുതി അയയ്ക്കുന്നതിൽ ജനങ്ങളെ സഹായിക്കാനും ലീഗൽ എയ്ഡ് സെന്ററിന് കഴിയുന്നു. കൂടാതെ വയനാട്ടിലെ വിവിധ കോടതികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും പിന്നോക്ക സമുദായക്കാർക്കും നിയമ സഹായം ചെയ്തുകൊടുക്കുകയും ചെയ്യുന്നു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ WSSS മാനന്തവാടി

# റേഡിയോ മാറ്റൊലി 90.4 mhz

**ഉദ്ഘാടനം**

റേഡിയോ മാറ്റൊലിയുടെ ഔപചാരികമായ ഉദ്ഘാടനം ജൂലൈ 25-ന് നടത്താൻ തീരുമാനമായി. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

ജൂൺ 1-ന് ആരംഭിച്ച പരീക്ഷണ പ്രക്ഷേപണം (6 - 8 A.M., 7 - 9 P.M.) സാമാന്യം നന്നായി പോകുന്നു. ശ്രോതാക്കളുടെ ഭാഗത്തു നിന്നും പ്രോത്സാഹനജനകമായ പ്രതികരണങ്ങൾ ധാരാളം ലഭിക്കുന്നുണ്ട്.

**സന്നദ്ധപ്രവർത്തകരെ ആവശ്യമുണ്ട്**

ധാരാളം നല്ല മനുഷ്യരുടെ സന്നദ്ധസേവനത്തിലൂടെയാണ് ഇപ്പോൾ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നത്. ഇനിയും ഈ രംഗത്തേയ്ക്ക് വ്യക്തികളെ ആവശ്യമുണ്ട്. വൈദികർ, സന്യസ്തർ, കഴിവും പ്രാപ്തിയുമുള്ള റിട്ടയേർഡ് അദ്ധ്യാപകർ, മറ്റുദ്യോഗസ്ഥർ എന്നിവർക്കൊക്കെ ജാതിമതഭേദമെന്യേ റേഡിയോ മാറ്റൊലിയുടെ പ്രവർത്തനത്തിന് ഒരു കൈ സഹായം ചെയ്യാനാകും. സ്ക്രിപ്റ്റുകൾ തയ്യാറാക്കൽ, പ്രൂഫ്റീഡിംഗ്, സൗണ്ട് എഡിറ്റിംഗ്, ഫയലിംഗ്, ഗവേഷണം, പബ്ലിക് റിലേഷൻ മാർക്കറ്റിംഗ്, വിവിധ പ്രോഗ്രാമുകളുടെ ആസൂത്രണം, തുടങ്ങി വിവിധ രംഗങ്ങളിൽ സഹായിക്കാൻ സന്മനസുള്ളവർ ദയവു ചെയ്ത് ഓഫീസുമായി ബന്ധപ്പെടണം. (Tel: No: 04935 – 240066, Mob: 09446030066, 09446430066) ഇപ്രകാരം സേവനത്തിന് തയ്യാറാകുന്നവരുടെ ഭക്ഷണം, യാത്രാചെലവ് തുടങ്ങിയവ ഓഫീസ് വഹിക്കുന്നതാണ്. ആഴ്ചയിൽ ചുരുങ്ങിയത് 5 മണിക്കൂറെങ്കിലും വ്യയം ചെയ്യാൻ തയ്യാറുള്ളവർക്ക് സ്വാഗതം. ഇടവകകളിൽ സേവന തൽപരരായ ആരെ

ങ്കിലും ഉണ്ടെങ്കിൽ അവരെ ഇതിനായി പ്രോത്സാഹിപ്പിക്കണമെന്നുകൂടി ഓർമ്മിപ്പിക്കുന്നു.

## പരിപാടികൾ അവതരിപ്പിക്കാൻ അവസരം

മറ്റൊരു പ്രധാനപ്പെട്ട കാര്യം, ജനോപകാര പ്രദമായിട്ടുള്ള പരിപാടികൾ അവതരിപ്പിക്കാൻ കഴിവും പ്രാപ്തിയുമുള്ളവർക്ക് അതിനുള്ള അവസരം ഇവിടെ ലഭിക്കുമെന്നതാണ്. (ഉദാ: കലാരംഗം, വാദ്യോപകരണങ്ങൾ, പ്രഭാഷണങ്ങൾ) തെരഞ്ഞെടുക്കപ്പെടുന്ന പ്രക്ഷേപണ യോഗ്യമായ പരിപാടികൾ സൗജന്യമായി പ്രക്ഷേപണം ചെയ്യാനാകും. പ്രഭാതത്തിലും വൈകുന്നേരവും പ്രക്ഷേപണം ചെയ്യുന്ന സദ്ചിന്തനം പരിപാടിയിലേക്ക് 4 മിനിറ്റിൽ കൂടാത്ത പ്രചോദനാത്മക ചിന്തകൾ തയ്യാറാക്കാൻ സാധിക്കുന്നവർക്ക് സ്വാഗതം. സ്ക്രിപ്റ്റ് അംഗീകാരത്തിനായി നേരിട്ടോ തപാൽ മുഖേനയോ ഇവിടെ എത്തിക്കാം. അംഗീകരിക്കപ്പെട്ടാൽ സ്റ്റുഡിയോയിൽ വന്ന് റെക്കോർഡ് ചെയ്യാൻ സമയം ഇവിടെ നിന്നും അറിയിക്കുന്നതാണ്.

പുതിയൊരു സംരംഭമെന്ന നിലയിൽ, ഏറെ പരിമിതികളെ നാം നേരിടുന്നുണ്ട്. എല്ലാവരുടെ ഭാഗത്തുനിന്നും കഴിയുന്നത്ര പിന്തുണയും പ്രോത്സാഹനവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ഫാ. തോമസ് ജോസഫ് തേരകം**
സ്റ്റേഷൻ ഡയറക്ടർ

# വി. കുർബാനയുടെ ആരാധന

വിശുദ്ധകുർബാനയിൽ ദൈവപുത്രനായ യേശു യഥാർത്ഥത്തിൽ സന്നിഹിതനാണ് എന്ന വിശ്വാസ സത്യമാണ് വി. കുർബാനയുടെ ആരാധന എന്ന ആരാധനാനുഷ്ഠാനത്തിന്റെ അടിസ്ഥാനം. തിരുമണിക്കൂർ ആരാധന, 13 മണി ആരാധന, നിത്യാരാധന, 40 മണി ആരാധന, തുടങ്ങിയ വിവിധ ആരാധനാരീതികൾ ഇന്ന് നിലവിലുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനും നിത്യരക്ഷയ്ക്കുമായി കുരിശിൽ സ്വയം അർപ്പിച്ച് ഉത്ഥിതനായ ഈശോയുടെ യഥാർത്ഥ സാന്നിധ്യമുള്ള തിരുവോസ്തി പരസ്യാരാധനയ്ക്കായി അരുളിയ്ക്കായിൽ പ്രതിഷ്ഠിച്ച് ദിവസം മുഴുവൻ ആരാധിക്കുന്ന രീതിയാണ് നിത്യാരാധന. പാശ്ചാത്യ സഭയിൽ പ്രചുരപ്രചാരം നേടിയ ഒരു ഭക്താനുഷ്ഠാനമാണ് ഇത്. മധ്യകാലഘട്ടത്തിൽ വിശുദ്ധ കുർബാനയിലെ ഈശോയുടെ യഥാർത്ഥ സാന്നിധ്യത്തെ നിഷേധിച്ച ബരൻഗേറിയൻ വിവാദങ്ങളും അതിനെ ചുറ്റിപ്പറ്റി ഉയർന്ന വാദകോലാഹലങ്ങളും ഖണ്ഡിച്ച് ഈശോയുടെ യഥാർത്ഥ സാന്നിധ്യം ഉറപ്പിച്ച് പ്രഖ്യാപിക്കാനാണ് ഈ ഭക്താനുഷ്ഠാനം ഉടലെടുത്തത്. എന്നിരുന്നാലും വി. അമ്പ്രോസും, വി.ആഗസ്തീനോസും സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് ആദിമ സഭയിൽ ജ്ഞാനസ്നാനം സ്വീകരിച്ചവർ ജ്ഞാനസ്നാന ദിവസത്തിനു ശേഷം തുടർന്നുവരുന്ന 8 ദിവസങ്ങൾ ആരാധനയ്ക്കായി മാറ്റി വച്ചിരുന്നു.

രോഗശാന്തിയ്ക്കുവേണ്ടിയും മതപീഡനത്തിൽ ഇരയാകുന്നവരെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുന്നതിനുവേണ്ടിയുമൊക്കെയായി ഈ ഭക്താനുഷ്ഠാനം പ്രചരിച്ചു തുടങ്ങി. ആശ്രമങ്ങളിലും മഠങ്ങളിലുമായി ഈ ഭക്താനുഷ്ഠാനം കൂടുതൽ വളർന്നു. 1393 – ൽ വിശുദ്ധ കുർബാനയുടെ ആരാധനയ്ക്കായി ഒരു പ്രത്യേക സന്യാസസമൂഹം

തന്നെ ഉടലെടുത്തു. വിശുദ്ധകുർബാനയുടെ മുൻപിൽ സന്യാസ സമൂഹാംഗങ്ങൾ രാവും പകലും ഗണങ്ങളായി തിരിഞ്ഞ് ആരാധിക്കുന്ന രീതിയും സ്പെയിനിൽ ഫിലിപ്പ് രണ്ടാമൻ നടപ്പിൽ വരുത്തി. എന്നാൽ 40 മണി ആരാധന 1534– ൽ പ്രചരിക്കുകയും 1592– ൽ ഔദ്യോഗികമായി അംഗീകരിക്കപ്പെടുകയും ചെയ്തു. ഇതാണ് പിന്നീട് നിത്യാരാധനയായി രൂപാന്തരം പ്രാപിച്ചത്. 1641 – ൽ പാരിസിലെ സെന്റ് പോൾ ഇടവകയിൽ നിത്യാരാധനയ്ക്കായി വനിതകളുടെ ഒരു സംഘടന തന്നെ രൂപീകൃതമായി.

ചില സ്ഥലങ്ങളിൽ വിശുദ്ധ കുർബാനയെ അവഹേളിച്ച സംഭവങ്ങൾ ഉണ്ടായപ്പോൾ അതിന് പരിഹാരമായി വിശുദ്ധ കുർബാനയുടെ ആരാധന നടത്തിയിരുന്നതായി കാണുന്നു. ഇത്തരത്തിൽ വിവിധങ്ങളായ ആവശ്യങ്ങളെ മുൻനിർത്തിയാണ് വി. കുർബാനയുടെ ആരാധന നടത്തിയിരുന്നത്.

സീറോമലബാർ സഭ ഉൾപ്പെടെയുള്ള പൗരസ്ത്യ സഭകളിൽ ആസന്നമരണർക്കുള്ള തിരുപാഥേയമല്ലാതെ ആരാധനയ്ക്കായി വിശുദ്ധകുർബാന സൂക്ഷിക്കുന്ന പതിവില്ലായിരുന്നു. എന്നാൽ അത്യാവശ്യ സന്ദർഭങ്ങൾക്കായി മദ്ബഹായുടെ വടക്കുവശത്തുള്ള "ബേസ്ദ്കുദ്ശാ" യിൽ സൂക്ഷിച്ചിരുന്ന വിശുദ്ധ കുർബാനയോട് വലിയ വണക്കം കാണിച്ചിരുന്നു. പാശ്ചാത്യസഭകളുമായുള്ള സമ്പർക്കത്തിലൂടെ ഈ വണക്കം വിശുദ്ധ കുർബാനയുടെ ആരാധനയായി മാറി.

മദർതെരേസയുടെ വാക്കുകളിൽ "കുരിശിലേയ്ക്ക് നോക്കുമ്പോൾ ഈശോ നമ്മെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് നാമറിയുന്നു. സക്രാരിയിലേക്ക് നോക്കുമ്പോഴാകട്ടെ ഈശോ എത്ര അധികമായി നമ്മെ ഇന്നും സ്നേഹിച്ചുകൊണ്ടേയിരിക്കുന്നുവെന്ന് നാമറിയുന്നു". +ഒരിക്കൽ ഒരു വിമർശകൻ മദർ തെരേസയോട് സിസ്റ്റേഴ്സ് ദീർഘനേരം പ്രാർത്ഥനയിൽ ചിലവഴിക്കുന്നതിനുപകരം ആ സമയം കൂടി അവശരെയും രോഗികളെയും ശുശ്രൂഷിക്കുവാൻ വിനിയോഗിച്ചുകൂടെ എന്നു ചോദിച്ചപ്പോൾ മദർ പറഞ്ഞു: "സിസ്റ്റേഴ്സ് ഇത്രയും സമയം പ്രാർത്ഥനയിൽ ചിലവഴിക്കുന്നില്ലായെങ്കിൽ അവർക്ക് അവശരെയും രോഗികളെയും ശുശ്രൂഷിക്കാൻ സാധിക്കുകയില്ല". ദിവ്യകാരു

ണ്യത്തിൽ യഥാർത്ഥത്തിൽ സന്നിഹിതനായിരിക്കുന്ന ഈശോയോടുള്ള ഈ മനോഭാവമാണ് സഭയിലെ എല്ലാ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ശക്തി പകരുന്നത്.

സഭയ്ക്കും സഭാതനയർക്കും വെല്ലുവിളികളും പ്രയാസങ്ങളുമുണ്ടായ അവസരങ്ങളിലൊക്കെ 40 മണി ആരാധനയും നിത്യാരാധനയും അവയെ അതിജീവിക്കാനുള്ള ശക്തി പകർന്നു. അതുകൊണ്ടുതന്നെ സഭയും സഭാതനയരും സഭാശുശ്രൂഷകരും ഏറെ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിലും വി. കുർബാനയുടെ ആരാധന അവയെ അതിജീവിക്കുവാൻ ഓരോ ക്രൈസ്തവനും ശക്തി പകരും.

**ഫാ. ജോസഫ് പരുവുമ്മേൽ**

ചാൻസലർ, മാനന്തവാടി രൂപത



# അറിയിപ്പുകൾ

## 1) സെന്റ് പീറ്റർ & സെന്റ് പോൾസ് ചർച്ച് - മാനന്തവാടി

മാനന്തവാടി രൂപതയുടെ മഹാജൂബിലി സ്മാരകമായി, മാനന്തവാടി ടൗണിൽ പണിതുയർത്തപ്പെട്ടിരിക്കുന്ന സെന്റ് പീറ്റർ & സെന്റ് പോൾ പള്ളിയിൽ വിവിധങ്ങളായ ആത്മീയ ശുശ്രൂഷകൾ നൽകിവരുന്നു. സമയക്രമം താഴെ ചേർക്കുന്നു.

**വിശുദ്ധ കുർബാന**

| | | |
|---|---|---|
| ഞായർ | : | 6.45 a.m., 9 a.m, 5 p.m. |
| തിങ്കൾ - ശനി | : | 6.45 a.m. |
| തിങ്കൾ | : | 4.30 p.m. വി. കുർബാന, വി. യൂദാശ്ലീഹായുടെ നൊവേന |
| വെള്ളി | : | 6.45 a.m. വി. കുർബാന, ഉണ്ണീശോയുടെ നൊവേന |
| ആദ്യവെള്ളി | : | 4.00 p.m. വി. കുർബാന, വചനപ്രഘോഷണം രോഗശാന്തി ശുശ്രൂഷ, നൊവേന |

**നിത്യാരാധന**

| | | |
|---|---|---|
| തിങ്കൾ - ശനി | : | 7.30 a.m.- 5.00 p.m. |

**കുമ്പസാരം**

| | | |
|---|---|---|
| തിങ്കൾ | : | 10.30 a.m.- 5.00 p.m. |
| വെള്ളി | : | 10.30 a.m. - 5.00 p.m. |
| ശനി | : | 10.30 a.m. - 5.00 p.m. |

**കൗൺസിലിംഗ്**

| | | |
|---|---|---|
| ശനി | : | 10.00 a.m. - 4.00 p.m. |

പ്രത്യേക പ്രാർത്ഥനാ നിയോഗങ്ങൾക്കായി നിത്യാരാധന ചാപ്പലിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. താൽപര്യമുള്ളവർക്ക് താഴെകാ

ണുന്ന മേൽവിലാസത്തിൽ എഴുതിയോ, ഫോൺ വിളിച്ചോ അറിയിക്കാവുന്നതാണ്.

St. Peter & St. Paul Church
Mananthavady - 670 645
(Town Church - Near Panchayath Bus Stand)
Phone: 04935 - 245350 (Office), 9447347565 (Vicar)
9947803267 (SABS Convent)

**ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ**
വികാരി, ടൗൺ ചർച്ച്

## 2) LOURDES MATHA CARE

വിവിധ രോഗങ്ങളാൽ വേദനിക്കുന്ന വ്യക്തികൾ തലസ്ഥാന നഗരിയിൽ എത്തുമ്പോൾ പരിചയമില്ലാത്തതുകൊണ്ട് പലതരത്തിലും ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഒരു ഗൈഡൻസ് കിട്ടുകയാണെങ്കിൽ അത് അവരെ സംബന്ധിച്ച് സഹായകമാകും. പ്രത്യേകിച്ച് റീജണൽ ക്യാൻസർ സെന്ററിലും ശ്രീചിത്തിരയിലും ചികിത്സക്കായി കടന്നുവരുന്നവർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നൽകുവാൻ തയ്യാറാണ് 'ലൂർദ് മാതാകെയർ'. ഈ സംരംഭം ചങ്ങനാശ്ശേരി അതിരൂപതയുടെ തലസ്ഥാന നഗരിയിലെ സ്നേഹശുശ്രൂഷയാണ്. അതുപോലെ യുവജനങ്ങൾ ജോലിയ്ക്കായും പഠനത്തിനായും ഈ പ്രദേശത്തേയ്ക്ക് കടന്നു വരുമ്പോൾ അവർക്കും ആവശ്യമായ ആത്മീയ കാര്യങ്ങളും ഗൈഡൻസും ലൂർദ് മാതാ കെയർ കൊടുക്കുന്നു.

പാവപ്പെട്ട രോഗികൾ തലസ്ഥാനനഗരിയിൽ എത്തുമ്പോൾ സൗജന്യമായി ആശുപത്രിയിൽ എത്തിക്കുവാനും ആശുപത്രിയിൽ നിന്നും സൗജന്യമായി തിരികെ എത്തിക്കുവാനുമായി ആംബുലൻസ് സൗകര്യം ഉണ്ട്. ഇതെല്ലാം പാവപ്പെട്ട രോഗികളെ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇതും ഉപയോഗപ്പെടുത്താവുന്നതാണ്.

*ലൂർദ് മാതാകെയറിന്റെ അഡ്രസ്സ്:-*

Lourdes Forane Church, PMG, Jn., Pattom P.O.,
Thiruvananthapuram 695004, Kerala State
Tel: 0471 - 2550505, 2302778,
Email: lourdesmathacare@catholic.org
Web: www.lourdesmathacare.com, www.lourdesmathacare.org

## 3) പാലാ കമ്മ്യൂണിക്കേഷൻസിന്റെ നാടകം

**അൽഫോൻസാമ്മ - ജൈത്രയാത്ര തുടരുന്നു**

നാടകരംഗത്തെ മുൻനിര കലാകാരന്മാരെ അണിനിരത്തി റീസെറ്റ് ചെയ്ത് 2009 ജൂൺ 1 മുതൽ അവതരിപ്പിക്കുന്നു.

രചന : ഫ്രാൻസീസ് T. മാവേലിക്കര

സംവിധാനം : വക്കം ഷക്കീർ

അന്വേഷണങ്ങൾക്കും ബുക്കിംഗിനും : സെക്രട്ടറി, പാലാ കമ്മ്യൂണിക്കേഷൻസ്, പാലാ – 686 575 ഫോൺ : 04822 210812, 9048306071

മറ്റു പ്രോഗ്രാമുകൾ : ഗാനമേള, നാടകങ്ങൾ : 'കടലോളം കനിവ്', 'പ്രിയമാനസം' വചന വിസ്മയം മാജിക്ഷോ, ബാൻഡ് മേളം, ചെണ്ട മേളം. ചർച്ച് ക്വയർ, റിക്കോർഡിംഗ് സ്റ്റുഡിയോ.

## 4) 22 –ാമത് കെ. സി. ബി. സി അഖിലകേരള

## പ്രൊഫഷണൽ നാടകമേള 2009

ധാർമ്മിക മൂല്യങ്ങളും ബൈബിൾ സന്ദേശങ്ങളും നടന കലയിലൂടെ അവതരിപ്പിക്കുന്ന സമിതികളേയും കലാകാരന്മാരേയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ സാമൂഹിക സമ്പർക്ക മാധ്യമ കമ്മീഷൻ നടത്തുന്ന അഖില കേരള പ്രൊഫഷണൽ നാടക മത്സരം ഈ വർഷം സെപ്റ്റംബർ മധ്യത്തോടെ എറണാകുളത്ത് പി. ഒ. സി. ഓഡിറ്റോറിയത്തിൽ നടത്തുന്നു. കേരളത്തിലെ തിരുനാളുകൾക്കും, ഉത്സവങ്ങൾക്കും, മറ്റു ആഘോഷങ്ങൾക്കും കുടുംബ സദസുകൾക്ക് മുൻപിൽ അവതരിപ്പിക്കാൻ കഴിയുന്ന കലാമൂല്യവും, ധാർമ്മിക ദർശനങ്ങളും ഉൾകൊള്ളുന്ന മഹത്തായ നാടകങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്നതാണ് കെ. സി. ബി. സി. നാടകമേളയുടെ ഉദ്ദേശ്യം.

ഒന്നാം സ്ഥാനം ലഭിക്കുന്ന 'എ' ഗ്രേഡ് നാടകത്തിന് 5000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും നൽകും. 'എ' ഗ്രേഡ് ലഭിക്കുന്ന നാടകങ്ങൾക്ക് അർഹമായ പ്രചരണം വിവിധ മാധ്യമങ്ങളിലൂടെ നൽകുന്നതാണ്. നല്ല നടൻ, നടി, രചയിതാവ്, സംവിധായകൻ, സംഗീത സംവിധായകൻ, സഹനടൻ, സഹനടി എന്നിവർക്ക് 2000 രൂപയുടെ ക്യാഷ് അവാർഡും, ശില്പവും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അവതരണച്ചെലവായി മേളയിൽ അവതരിപ്പിക്കുന്ന ബൈബിൾ നാടകങ്ങൾക്കു 3500 രൂപയും സാമൂഹ്യ നാടകങ്ങൾക്കു

3000 രൂപയും യാത്രാപടിയായി കി. മി. 7.00 രൂപാ നിരക്കിലുള്ള തുകയോ 2500 രൂപയോ ഏതാണോ കുറവ് അതും നൽകുന്നതാണ്. മേളയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന സമിതികൾ 100 രൂപ രജിസ്ട്രേഷൻ ഫീസോടൊപ്പം നാടകത്തിന്റെ സ്ക്രിപ്റ്റിന്റെ മൂന്നു കോപ്പികൾ 2009 ജൂലൈ 31–ന് മുമ്പ് മാധ്യമ കമ്മീഷൻ ഓഫീസിൽ എത്തിച്ചിരിക്കണം.

*അയയ്ക്കേണ്ട വിലാസം :*

സെക്രട്ടറി, മീഡിയാ കമ്മീഷൻ,
P.B. No. 2251, പി. ഒ. സി,
പാലാരിവട്ടം, കൊച്ചി – 682 025
Ph: 0484 - 2806227, 2805815, Fax : 0484 - 2806227

## 5) ZEITLER MEMORIAL ESSAY COMPETITION

**TOPIC :** EMERGING CHALLENGES FOR PRIESTS IN INDIA: BEING SERVANT LEADERS IN COLLABORATION WITH ALL PEOPLE OF GOODWILL

| | | |
|---|---|---|
| Participants | : | Open to All |
| Language | : | English |
| Suggested Length | : | 4000 to 5000 Words |
| Last Date for Handing in | : | 10 September 2009 (Entries sent by post must reach on or before 10th September) |
| Criteria for Assessment | : | a) Content, Presentation, Originality of Ideas, Consistency of Arguments, Language, style, and Readability; b) Scientific Presentation with Reference and Bibliographies. |

Essays must be typed in one-and-half space and prepared on computer. It must be submitted as printed text with name and address of the author furnished on a separate, detachable sheet. It must also be submitted in electronic format [by e-mail as an ***attachment file]***.

The text must be forwarded as an **MS Word file** only.

A panel of experts will assess the essays. In case of any dispute, the decision of the Ishvani Kendra administration will be

final. All entries will become the property of Ishvani Kendra and the institute will retain the right of publication.

Prizes will be given away on Mission Sunday at the Annual Day function of Ishvani Kendra on **18 October 2009.** Winners will be paid travel fare by second class sleeper to Pune and back, in addition to free board and lodge for a maximum of two days.

**First Prize** : **RS. 5000/-** (five thousand rupees)
**Second prize** : **RS. 3000/-** (three thousand rupees)
**Third prize** : **Rs. 2000/-** (two thousand rupees)
**Two consolation prizes**: **Rs. 1000**/- (one thousand rupees each)

All correspondence on the matter and the entries must be addressed to :

**DIRECTOR**
Ishvani Kendra, Sainikwadi , Off Nagar Road
P. Box 3003, Pune- 411014.
Tel : (020) 27033820; 27033507.
E-mail: ishvani@dataone.in

## 6) സീറോമലബാർ റിസർച്ച് സെന്റർ അവാർഡ്

## അപേക്ഷ ക്ഷണിക്കുന്നു

സീറോമലബാർ സഭയുടെ ഗവേഷണ പഠനങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള റിസർച്ച് സെന്ററിന്റെ പത്താം പിറന്നാളിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള അവാർഡിന്റെ നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ഇരുപത്തയ്യായിരം രൂപയും ഷീൽഡും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. സീറോമലബർ സഭയുടെ ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ചരിത്രം, ശിക്ഷണക്രമം എന്നിവയുടെ പരിപോഷണത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഗവേഷണകേന്ദ്രത്തിന്റെ ശ്രമങ്ങളുടെ ഫലമായിട്ടാണ് ഈ പുരസ്ക്കാരം ഏർപ്പെടുത്തുന്നത്. സീറോമലബാർ സഭാ സിനഡിന്റെ അംഗീകാരത്തോടെ നൽകുന്ന ഈ അവാർഡിന് സഭയുടെ പൗരസ്ത്യവും ഭാരതീയവുമായ ക്രൈസ്തവ പോഷണാർത്ഥം ദൈവശാസ്ത്രം, സാഹിത്യം, കല, സംസ്ക്കാരം, ചരിത്രം, ശിക്ഷണക്രമം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയവും വിലപ്പെട്ടതുമായ മികച്ച സംഭാവനകൾ നൽകിയ സീറോമലബാർ അംഗ

ങ്ങളിൽ നിന്നാണ് നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നത്. വർഷത്തിലൊരിക്കലായിരിക്കും ഈ അവാർഡ് നൽകപ്പെടുന്നത്. നിയമാവലി അനുസരിച്ച്, ഈ വർഷം മേൽപ്പറഞ്ഞ മേഖലകളിൽ മികച്ചപ്രകടനങ്ങൾ നടത്തി വ്യക്തിമുദ്ര പതിപ്പിച്ച വൈദികരുടേയും സന്യസ്തരുടേയും അല്മായരുടേയും പേരുകളാണ് ക്ഷണിക്കുന്നത്. 2008 ഡിസംബർ 30 വരെയുള്ള സംഭാവനകൾ മാത്രമെ സ്വീകരിക്കുകയുള്ളു. അവാർഡിനായി പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ സംഭാവനകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ, പുസ്തകങ്ങൾ, ലേഖനങ്ങൾ, ചിത്രങ്ങൾ, ഫോട്ടോഗ്രാഫുകൾ തുടങ്ങിയവ നാമനിർദ്ദേശത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. നാമനിർദ്ദേശങ്ങൾ 2009 ജൂലൈ 31-നകം ഡയറക്ടർ, ലിറ്റർജിക്കൽ റിസർച്ച് സെന്റർ, മൗണ്ട് സെന്റ് തോമസ്, പി.ബി. നമ്പർ 3110, കാക്കനാട്, പി.ഒ., കൊച്ചി-682030, ഇൻഡ്യ എന്ന വിലാസത്തിൽ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ഓരോ വർഷവും മാർ തോമശ്ലീഹായുടെ ഭാരത പ്രവേശന തിരുനാളിനോടനുബന്ധിച്ച് (നവംബർ 21) ന് നടത്തപ്പെടുന്ന വാർഷിക സമ്മേളനത്തിൽ വച്ച് അവാർഡ് നൽകുന്നതാണ്.

## 7) RELIVE THE JOYS OF SEMINARY LIFE

പരിശുദ്ധ പിതാവ് 'വൈദികവർഷം' പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ, അജപാലനരംഗത്തെ തിരക്കിൽനിന്നു മാറി സ്വച്ഛമായ അന്തരീക്ഷത്തിൽ വ്യക്തിപരമായ പ്രാർത്ഥനയ്ക്കും പഠനത്തിനും വിചിന്തനത്തിനുമായി വടവാതൂർ സെമിനാരി വൈദികരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. ഒന്നോ രണ്ടോ ആഴ്ചകൾ നീളുന്ന ഇവിടുത്തെ താമസത്തിനു സൗകര്യപ്രദമായ സമയം നിങ്ങൾക്കു തീരുമാനിക്കാം. ഗ്രൂപ്പായിട്ടാണ് വരുന്നതെങ്കിൽ പത്തോളംപേർക്കു സൗകര്യമുണ്ടായിരിക്കും. സെമിനാരിയിലെ എല്ലാ സൗകര്യങ്ങളും (ചാപ്പൽ, ലൈബ്രറി, മുതലായവ) നിങ്ങൾക്ക് ഉപയോഗിക്കാം. താമസത്തിനും ഭക്ഷണത്തിനുമുള്ള ചെലവുകൾ സെമിനാരി വഹിക്കുന്നതാണ്. തീയതി നിശ്ചയിക്കുന്നതിനു മുമ്പായി വൈസ് റെക്ടറച്ചനുമായി ബന്ധപ്പെടുക.

Contact person: Vice-Rector, St. Thomas Apostolic Seminary,
Vadavathoor, Kottayam - 10.
Ph: 0481-2578319, 2571807, 2571809

**Fe. George Madathikandam**
Rector



# Programme

## Pastoral Centre, Dwaraka

### July - 2009

| | | |
|---|---|---|
| 3F | - | Zion CRC : Night Vigil |
| 4S | - | Zion CRC : Prayer Day<br>Christeen Prayer Day |
| 4S - 5S | - | Catechism : Teachers Training VI |
| 8W | - | Priests' Monthly: Kallody &<br>Nadavayal Foranes |
| 10F - 11S | - | CML Joint Directors Meeting |
| 11S | - | Jesus Youth: Prayer Day / KCYM Half<br>Yearly Senate |
| 11S - 12S | - | Catechism : Teachers' Training |
| 17F - 21T | - | Zion CRC : Youth Retreat |
| 18S | - | Directors Meeting |
| 21T | - | KCYM |
| 22W - 26S | - | Marriage Preparation Course |
| 27M - 28T | - | Living - Together of Priests I Batch |
| 29W | - | Priests' Conference |
| 29W - 30T | - | Living - Together of Priests II Batch |
| 31F | - | CML Meghala Directors and Joint<br>Directors meeting, Zion CRC: Night Vigil |

**Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme


## 2009 July

| | | |
|---|---|---|
| July19 Sun | ............ | Back from Abroad |
| 20 Mon | 21 Tue | Engaged |
| 22 Wed | ............ | Visitors' day |
| 23 Thu | ............ | Engaged |
| 24 Fri | ............ | Out of Station |
| 25 Sat | Morning | Community Radio Station "Mattoly" Inauguration |
| | Afternoon | Valad : Blessing of Convent of Nirmaladasi Sisters |
| 26 Sun | ............ | Pulpally : Holy Mass |
| 27 Mon | Afternoon | Moolankavu : Blessing of Convent of Cluny Sisters |
| 27 Mon 28 Tue | | Priests' Living Together (First Batch) |
| 29 Wed | ............ | Priests' Conference |
| 30 Thu 31 Fri | | Priests' Living Together (Second Batch) |

## 2009 August

| | | |
|---|---|---|
| 02 Sun | ............ | Vanjode |
| 03 Mon 07 Fri | | KCBC Bishops' Retreat |
| 08 Sat 09 Sun | | Irinjalakuda : KLM Leaders' Meet |
| 09 Sun | ............ | Thodupuzha : First Communion & Confirmation |



# വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന

നിത്യപുരോഹിതനായ ഈശോ, അങ്ങേ ദാസന്മാരായ വൈദികർക്ക് യാതൊരു ആപത്തും വരാതെ അങ്ങേ തിരുഹൃദയത്തിൽ അഭയം നൽകണമേ. അങ്ങേ പരിശുദ്ധമായ ശരീരത്തെ ദിവസം തോറും എടുക്കുന്ന അവരുടെ പൂശപ്പെട്ട കരങ്ങളെ മലിനമാകാതെ കാക്കണമേ. അങ്ങയുടെ വിലയേറിയ തിരുരക്തത്താൽ നനയുന്ന അവരുടെ നാവുകളെ നിർമ്മലമായി കാത്തുകൊള്ളണമേ. ശ്രേഷ്ഠമായ അങ്ങേ പൗരോഹിത്യത്തിന്റെ മഹനീയമുദ്ര പതിച്ചിരിക്കുന്ന അവരുടെ ഹൃദയങ്ങളെ ലോകവസ്തുക്കളിൽ നിന്ന് അകറ്റുകയും വിശുദ്ധമായി കാത്തുകൊള്ളുകയും ചെയ്യണമേ. അങ്ങേ ദിവ്യസ്നേഹം അവരെ ലോകതന്ത്രങ്ങളിൽ നിന്ന് സംരക്ഷിക്കട്ടെ. അവരുടെ പ്രയത്നങ്ങൾ ഫലസമൃദ്ധങ്ങളായി ഭവിക്കട്ടെ. അവരുടെ ശുശ്രൂഷ ലഭിക്കുന്നവർ ഇഹത്തിൽ അവരുടെ ആനന്ദവും ആശ്വാസവും പരത്തിൽ നിത്യസൗഭാഗ്യത്തിന്റെ മകുടവും ആയിത്തീരട്ടെ. ആമ്മേൻ

വൈദികരുടെ രാജ്ഞിയായ പരി. മറിയമേ, വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമേ.

# വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന ഗാനരൂപത്തിൽ

നിത്യപുരോഹിതനീശോയെ
കാക്കണമങ്ങെ വൈദികരെ
പാവന ജീവിത പാതകളിൽ
സന്തതമവരെ നയിക്കണമെ (2)

നല്ലവ തന്നെ ചിന്തിക്കാൻ
നല്ലവ തന്നെ ഉരിയാടാൻ
നല്ലവ തന്നെ ചെയ്തിടുവാൻ
നന്മയിലവരെ കാക്കണമെ

സാത്താൻ നിറയും വൈരമൊടെ
നിർദ്ദയമവരെയലട്ടുമ്പോൾ
നാഥാ നിൻ തിരുഹൃദയത്തിൽ
വാതിലവർക്കു തുറക്കണമെ.

ലോകവുമതിനുടെ വശ്യതയും
കൗതുകമവരിലുണർത്തുമ്പോൾ
നിത്യമനോഹര നാകത്തിൻ
രശ്മികളവരിൽ ചിന്തണമെ.

ജോലികളെല്ലാം തീർത്തൊടുവിൽ
നിൻ തിരു സന്നിധിയണയുമ്പോൾ
സദയമവർക്കു സനാതനമാം
സ്വർഗ്ഗാനന്ദം നൽകണമെ.

(നിത്യപുരോഹിത....)

## The Meaning of the Symbol for The Year for Priests:

The symbolism is that of the Sacred Heart, calling to mind that the annual day for the sanctification of priests always coincides with the Solemnity of the Sacred Heart of Jesus. In this way the theme of the specific holiness to which the sacred ministry is called comes immediately to mind.

The visibility of the radiant heart refers to the phrase of the saintly Curé of Ars who defined the priesthood as "the love of the Heart of Jesus".

The Stole with which the figure of Jesus is adorned calls to mind that he is the Supreme and Eternal High Priest, and the fact that every priest is made a continuation of that One Priest within history and in the various generations which succeed one another.

The arms held out recall the typical attitude of prayer and meditation which are proper to the priest. The wounds of the hands and the side of the figure of Christ in the logo remind us of the one redemptive sacrifice and recall the vicarious satisfaction and total self-gift typical of the priesthood. The attitude of welcome seems to say, "Come to me all you who labour and over-burdened, and I will give you rest". It is a consoling invitation to every priest who wears himself out in the daily exercise of pastoral charity, even for example in the driest and rockiest places, so that they also can in their turn show the same attitude to those who are near and to those who are distant.